


This Week ➤

അമേരിക്കൻ ഭരണഘടനയും ഇമ്പീച്ചുമെന്റും
എഡിറ്റോറിയൽ
ജി.പുത്തൻകുരിശ് -04


പ്രതികളെ രക്ഷപ്പെടുത്തുന്നവർ പിടിക്കപ്പെടാതെ പോകുന്ന ദൈവത്തിന്റെ സ്വന്തം നാട്
ബ്ളസൻ ഹൂസ്റ്റൻ -04


ധ്യാനത്തിന്റെ വയനാടൻ അരൂപി
ജോസ് പനച്ചിപ്പുറം -04


'എന്നും ജീവിക്കുന്നവരുടെ ലോകം'
ജോൺ മാത്യു -05


ഓർമകളിൽ കൂടി യൂറോപ്പു യാത്രകൾ (7)
റെനി കവലയിൽ -09


സാഹിത്യത്തിലെ ചുംബന പ്രതിഷേധങ്ങൾ
കാരൂർ സോമൻ -10


കാവ്യസംഗമം
പുഷ്പത്തിന്റെ സംഗീതം
ഖലീൽ ജിബ്രാൻ 06


VOL. 9 NO. 46

NOVEMBER 08, 2019

203 Present St., Misssouri City, TX 77489

# പ്രവാസി

Tel. 713-729-7800 • Fax. 832-947-9256 • E-mail: editor@pravasinews.net • www.pravasinews.net



## കേരളത്തിൽ 150 ൽ അധികം മാവോയിസ്റ്റ് അർബൻ സെല്ലുകൾ സജീവം: സീക്രട്ട് സർവ്വീസ്

പാലക്കാട്: നഗരപ്രദേശങ്ങൾ കേന്ദ്രീകരിച്ച് സംസ്ഥാനത്ത് 150 ൽ ഏറെ മാവോയിസ്റ്റ് അർബൻ സെല്ലുകൾ സജീവമെന്ന് രഹസ്യാന്വേഷണ ഏജൻസികൾ. വിവിധ കൂട്ടായ്മകൾ, മുൻനിര സംഘടനകൾ എന്നിവയുടെ പേരിൽ അർബൻ മാവോയിസ്റ്റുകൾ പ്രവർത്തനം നടത്തുന്നതായാണ് കേന്ദ്ര, സംസ്ഥാന ഇന്റലിജൻസ്, ആഭ്യന്തരസുരക്ഷാ വിഭാഗം തുടങ്ങിയവയുടെ റിപ്പോർട്ട്.

നാലു വർഷം മുൻപ് നീറ്റാ ജലാറ്റിൻ. തൃശൂർ പാലിയേക്കര, പാലക്കാട് കെഎഫ് സി തുടങ്ങിയ സ്ഥാപനങ്ങൾക്കതിരെ തുടർച്ചയായ അക്രമങ്ങളെ തുടർന്നാണ് അർബൻ സെല്ലുകളക്കുറിച്ച് പൊലീസിന് വ്യക്തമായ സൂചന ലഭിച്ചത്. തിരുവനന്തപുരം, കൊച്ചി, തൃശൂർ, പാലക്കാട്, കോഴിക്കോട് നഗരങ്ങൾ കേന്ദ്രീകരിച്ചാണ് പ്രധാനമായും സെല്ലുകളെങ്കിലും ഇവയിലെ പ്രവർത്തകരെ വ്യക്തമായി തിരിച്ചറിയാൻ കഴിയില്ലെന്നത് പൊലീസിനെ കുഴക്കുന്നു.

സംസ്ഥാനത്ത് മിക്ക വിഭാഗങ്ങൾക്കും ശക്തമായ സംഘടനകളുള്ളതിനാൽ രാജ്യത്തെ മറ്റുനഗരങ്ങളെക്കാൾ കൂടുതൽ വികേന്ദ്രീകൃതമാണ് കേരളത്തിൽ അർബൻ മാവോയിസ്റ്റ് സംവിധാനമെന്നാണ് ഏജൻസികൾ നൽകുന്ന സൂചന. മുൻനിര സംഘടനാനേതാക്കളുടെ ആരോപണം. ഭരണത്തിലുള്ള അസംതൃപ്തി, അഴിമതി, അനീതി എന്നിവയാണ് സെല്ലുകളുടെ രൂപീകരണ ഘടകങ്ങളായി കാണുന്നത്.

സമൂഹമാധ്യമങ്ങളിലൂടെയാണ് പ്രധാനമായും ഇവർ തമ്മിലുള്ള ആശയവിനിമയം. വനം കേന്ദ്രികരിച്ചുള്ള മാവോയിസ്റ്റുകളുമായി ഇവർക്ക് എന്തെങ്കിലും ബന്ധം കണ്ടെത്താനായിട്ടില്ലെന്നതിനാൽ സംഘടനാ മേഖലാ, കേന്ദ്രകമ്മിറ്റികൾ നേരിട്ട് സന്ദേശം കൈമാറുന്നതായാണ് നിഗമനം. അർബൻസെൽ അംഗങ്ങൾ തങ്ങൾക്കു തൊട്ടുമുകളിലുള്ള നേതാവിനെക്കുറിച്ചുമാത്രമേ അറിയൂ. തുടർന്നുള്ള നേതൃത്വത്തെക്കുറിച്ച് അവർ അജ്ഞരാണ്. നിലവിലുള്ള നഗരസെല്ലുകളിലെ 50 പേർ സംഘടനാ അംഗങ്ങളാണെന്നും പൊലീസ് പറയുന്നു.

കോഴിക്കോട് രണ്ടു സിപിഎം പ്രവർത്തകരെ യുഎപിഎ നിയമം ചുമത്തി അറസ്റ്റുചെയ്തതും അർബൻ സെൽ പ്രവർത്തകർ എന്ന പേരിലാണ്. ഇവർ താഴേക്കിടയിലുള്ള പ്രവർത്തകരാണെന്നാണ് പൊലീസിന്റെ പ്രാഥമിക റിപ്പോർട്ട്.

## അച്ചായൻ ഫലിതങ്ങൾ

**പള്ളീലച്ചൻ കമ്മിററിക്കാരോട്:** നാളെ എല്ലാവരും പള്ളിയിൽ എത്തെണം. ഭാര്യമാരെ കൊണ്ടുവരണമെന്നില്ല.......!!!!

**മത്തായിച്ചൻ ഭാര്യയുമായാണ് മീറ്റിങ്ങിന് എത്തിയത്.**


**പട്ടക്കാരൻ: ഞാൻ നേരത്തേ പറഞ്ഞില്ലേ ഭാര്യമാരെ കൊണ്ടുവരരുത് എന്ന്..??**

മത്തായിച്ചൻ: അച്ചോ, ലൂക്കോസ് 14: 27 പ്രകാരമാണ്.........!!!!!!!!!!!!!!

*ജോൺ ജോഷി വളഞ്ഞവട്ടം, ഹൂസ്റ്റൻ.*



# അയോധ്യ വിധി: ചീഫ് ജസ്റ്റിസ് ഗോഗോയ് സുരക്ഷാ മുന്നൊരുക്കങ്ങൾ വിലയിരുത്തി



ന്യൂഡൽഹി: അയോധ്യകേസ് വിധിക്ക് മുന്നോടിയായുള്ള സുരക്ഷാ മുന്നൊരുക്കങ്ങൾ ചീഫ് ജസ്റ്റിസ് രഞ്ജൻ ഗോഗോയ് വിലയിരുത്തി. ഉത്തർ പ്രദേശ് ചീഫ് സെക്രട്ടറി രാജേന്ദ്രകുമാർ തിവാരി, പൊലീസ് മേധാവി ഓം പ്രകാശ്സിങ് എന്നിവരെ ചേംബറിൽ വിളിച്ചുവരുത്തി ചീഫ് ജസ്റ്റിസ് സ്ഥിതിഗതികൾ ചർച്ച ചെയ്തു. വിധി വരുന്ന പശ്ചാത്തലത്തിൽ ഒരുക്കിയിരുക്കുന്ന സുരക്ഷാ ക്രമീകരണങ്ങൾ വിലയിരുത്തി. നിയുക്ത ചീഫ് ജസ്റ്റിസ് എസ്.എ. ബോബ്ഡെയും ഒരു മണിക്കൂർ നീണ്ട ചർച്ചയിൽ പങ്കെടുത്തു.

അയോധ്യ വിധിയുമായി ബന്ധപ്പെട്ടു കനത്ത സുരക്ഷയാണ് രാജ്യമെമ്പാടും ഒരുക്കിയിരിക്കുന്നത്. സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണപ്രദേശങ്ങൾക്കും കേന്ദ്രസർക്കാർ ജാഗ്രതാ നിർദേശം നൽകി. പ്രശ്ന ബാധിത മേഖലകളിൽ പൊലീസിനെ വിന്യസിക്കണമെന്ന് ആഭ്യന്തര മന്ത്രാലയം നിർദേശിച്ചു. അനാവശ്യവും നിരുത്തരവാദപരവുമായ പ്രസ്താവനകൾ നടത്തരുതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി കേന്ദ്രമന്ത്രിമാർക്കു കർശന നിർദേശം നൽകി.

യുപിയിലേക്ക് 4,000 അർധസൈനികരെ അയച്ചതായും ആഭ്യന്തരമന്ത്രാലയം അറിയിച്ചു. റെയിൽവേ മന്ത്രാലയം എല്ലാ സോണുകളിലേക്കും ഏഴു പേജുള്ള സുരക്ഷാ മുൻകരുതൽ നിർദേശങ്ങൾ നൽകി. സ്റ്റേഷനുകൾ, പ്ലാറ്റ്ഫോമുകൾ, തുരങ്കങ്ങൾ, പാർക്കിങ് സ്ഥലങ്ങൾ എന്നിവിടങ്ങളിൽ നിരന്തര പരിശോധന നടത്തും. മെട്രോ നഗരങ്ങളിലടക്കം 78 പ്രധാന റെയിൽവേ സ്റ്റേഷനുകളിൽ കൂടുതൽ കാവലൊരുക്കിയിട്ടുണ്ട്.

റെയിൽവേ സുരക്ഷാസേനാംഗങ്ങളുടെ അവധി റദ്ദാക്കി. ട്രെയിനുകളുടെ സുരക്ഷയ്ക്ക് കൂടുതൽപേരെ വിന്യസിച്ചു. സ്കാനറുകൾ, സിസിടിവി ക്യാമറകൾ എന്നിവയുടെ തകരാറുകൾ അടിയന്തരമായി തീർക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രശ്ന സാധ്യതയുള്ള മേഖലകളിലും സ്ഫോടക വസ്തുക്കൾ സൂക്ഷിക്കാൻ സാധ്യതയുള്ള ഇടങ്ങളിലും റെയിൽവേ നിരീക്ഷണമേർപ്പെടുത്തി.

ആരാധനാലയങ്ങളിലെ സുരക്ഷ കൂട്ടി. അയോധ്യ ഉൾപ്പെടുന്ന മേഖലയിൽ സമൂഹമാധ്യമ ഉപയോഗത്തിനടക്കം ഡിസംബർ 28 വരെ കർശന നിയന്ത്രണങ്ങളുണ്ട്. അയോധ്യയ്ക്ക് സമീപം അംബേദ്ക്കർ നഗറിൽ 8 കോളജുകളിൽ യുപി സർക്കാർ താൽക്കാലിക ജയിലുകൾ സജ്ജമാക്കി. അയോധ്യയിൽ ഡിസംബർ 10 വരെ നിരോധനാജ്ഞ തുടരും. നാട്ടുകാരായ 16,000 സന്നദ്ധ പ്രവർത്തകരെ ഉൾപ്പെടുത്തി പൊലീസ് സുരക്ഷാസംഘം സജ്ജമാക്കിയിട്ടുണ്ട്.

*രാജ്യത്തിന് ഉദ്വേഗത്തിന്റെ നാളുകൾ:*

സുപ്രീം കോടതിയുടെ അയോധ്യ വിധി പുറത്തുവരാൻ ഇനി കുറച്ചു ദിവസങ്ങൾകൂടി. ആർഎസ്എസും ചില മുസ്ലിം സംഘടനകളും വിധി എന്തായാലും അതുപോലെ തന്നെ സ്വീകരിക്കുമെന്നും അതിന്റെ പേരിൽ ആഘോഷങ്ങളും മറ്റുമുണ്ടാകില്ലെന്നും പ്രസ്താവിച്ചിട്ടുള്ളത് ആശ്വാസപ്രദമാണ്.

2010ൽ അലഹാബാദ് ഹൈക്കോടതിയുടെ മൂന്നംഗ ബെഞ്ച് പുറപ്പെടുവിച്ച വിധിക്കെതിരെയുള്ള അപ്പീലിലാണു സുപ്രീം കോടതി തീർപ്പു കൽപിക്കുക. ആ കേസിലെ കക്ഷികളായ ഭഗവാൻ രാം ലല്ല വിരാജ്മൻ (പ്രതിഷ്ഠ), ക്ഷേത്രകാര്യങ്ങൾ നടത്താൻ അവകാശമുള്ള നിർമോഹി അഖാഡ, യുപി സുന്നി സെൻട്രൻ വഖഫ് ബോർഡ് എന്നിവർക്ക് കേസിനാധാരമായ അയോധ്യയിലെ 2.77 ഏക്കർ ഭൂമിയിൽ സംയുക്ത കൈവശാവകാശമുണ്ടെന്നു നിരീക്ഷിച്ച് ഭൂമി മൂന്നു കക്ഷികൾക്കും തുല്യമായിവിഭജിച്ചു കൊടുക്കാനാണ് അലഹാബാദ് ഹൈക്കോടതി വിധിയെഴുതിയത്.

1885ൽ മഹന്ത് രഘുബർ ദാസ്, ബാബറി മസ്ജിദിന്റെ പുറംമുറ്റത്തുള്ള രാമ ഛബൂത്തരയിൽ (പീഠം) ഒരു ക്ഷേത്രം പണിയാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഫൈസബാദ് ജില്ലാ കോടതിയെ സമീപിച്ചു. വർഗീയ പ്രശ്നങ്ങൾക്കു വഴിയൊരുക്കും എന്നു പറഞ്ഞ് അന്നത്തെ ജില്ലാ ജഡ്ജി കേസ് തള്ളി. ക്ഷേത്രം പണിയാൻ അനുവദിച്ചില്ലെങ്കിലും ഹിന്ദുക്കളുടെ ഉടമാവകാശം അംഗീകരിക്കുന്നതായിരുന്നു ആ വിധിയെന്നാണ് സുപ്രീം കോടതി മുൻപാകെ നിർമോഹി അഖാഡയും രാം ലല്ലയും വാദിച്ചത്. നേരത്തേ അലഹാബാദ് ഹൈക്കോടതി ഈ വാദം തള്ളിയിരുന്നു.

പ്രധാന വിഷയം ഇപ്പോൾ അലഹാബാദ് ഹൈക്കോടതി മൂന്നായി പങ്കുവച്ചിട്ടുള്ള 2.77 ഏക്കർ ഭൂമിയുടെ ഉടമാവകാശം തന്നെയാണ്. രാം ലല്ലയ്ക്കു വേണ്ടി ഹാജരായ അഭിഭാഷകൻ ആ ഭൂമിയും അതിനു ചുറ്റും സർക്കാർ ഏറ്റെടുത്തിട്ടുള്ള സ്ഥലങ്ങളും രാമന്റെ മൂർത്തിക്ക് ഒറ്റയ്ക്കു നൽകണമെന്നാണു വാദിച്ചത്. യുപി സുന്നി സെൻട്രൽ വഖഫ് ബോർഡിനു ഭൂമി അവരുടേതാണെന്നതിനു സംശയമില്ല. വിഗ്രഹം സ്ഥാപിച്ചിട്ടുള്ള ഇടത്തെപ്പറ്റി മാത്രമാണു തർക്കം.

1989ൽ മാത്രമാണു രാം ലല്ല കക്ഷി ചേരുന്നതെന്നും അവർ ചൂണ്ടിക്കാട്ടുന്നു. രാമ ഛബൂത്തരയിൽ ഹിന്ദുക്കൾക്ക് ആരാധനാസ്വാതന്ത്ര്യം ഉണ്ടായിരിക്കുമെന്നും അവർ പറഞ്ഞു. പൊളിച്ചുകളഞ്ഞ ബാബറി മസ്ജിദ് പുനർനിർമിച്ചു കൊടുക്കണമെന്നായിരുന്നു അവരുടെ മറ്റൊരു ആവശ്യം. വസ്തുതകളും വികാരങ്ങളും വിശ്വാസങ്ങളും കെട്ടുപിണഞ്ഞു കിടക്കുന്ന അതിസങ്കീർണമായ ഒരു കേസിന്റെ വിധിക്കായാണു രാജ്യം കാത്തിരിക്കുന്നത്.

*കല്ലു കൊത്തൽ നിർത്തി*

അയോധ്യയിൽ ക്ഷേത്ര നിർമാണത്തിനായി കല്ലു കൊത്തുന്നതു വിശ്വഹിന്ദു പരിഷത് (വിഎച്ച്പി) നിർത്തിവച്ചു. പ്രദേശത്തുള്ള നിർമാണശാലയിൽ 1990 മുതൽ നടക്കുന്ന പ്രവൃത്തി ആദ്യമായാണു നിർത്തിവയ്ക്കുന്നതെന്നു വിഎച്ച്പി വക്താവ് ശരദ് ശർമ പറഞ്ഞു. എന്നു പുനരാരംഭിക്കണമെന്നു നേതൃത്വം അറിയിക്കും.

# വ്യാജ ഐപിഎസുകാരൻ പിടിയിൽ; ലക്ഷങ്ങൾ തട്ടാൻ കൂട്ടുനിന്നത് അമ്മ

ശ്യാമള വേണുഗോപാൽ, വിപിൻ കാർത്തിക്



പാലക്കാട്: ഐപിഎസുകാരനാണെന്നു പറഞ്ഞ് ബാങ്കിൽ നിന്നും വ്യാജരേഖ സമർപ്പിച്ച് പണം തട്ടിയെടുത്ത് സംസ്ഥാനത്ത് പല കേസുകളിൽ പ്രതിയായ വിപിൻ കാർത്തികിനെ പൊലീസ് പിടികൂടി. തത്തമംഗലം ബസ് സ്റ്റാൻഡിനു സമീപത്തു നിന്ന് എസ്ഐ സുധീഷ്കുമാറിന്റെ നേതൃത്വത്തിലുള്ള സംഘം ഇയാളെ പിടികൂടി ഗുരുവായൂർ പൊലീസിനു കൈമാറി. വിപിന്റെ അമ്മ ശ്യാമളയെ പൊലീസ് അറസ്റ്റ് ചെയ്തിരുന്നു.

വിപിൻ കാർത്തികിന്റെ പേരിൽ കേരളത്തിലെ വിവിധ പൊലീസ് സ്റ്റേഷനുകളിൽ റജിസ്റ്റർ ചെയ്തിരിക്കുന്നത് പതിനഞ്ചോളം കേസാണ്. ഗുരുവായൂരിൽ ഐപിഎസുകാരൻ ചമഞ്ഞ് ബാങ്കിനെ കബളിപ്പിച്ച് വിപിൻ കാർത്തിക് വായ്പ എടുത്തിരുന്നു. തിരുവനന്തപുരം മുതൽ കാസർകോട് വരെ വിപിനും അമ്മയും തട്ടിപ്പ് നടത്തിയിട്ടുണ്ട്. ഓരോ സ്ഥലത്ത് ചെല്ലുമ്പോഴും സാഹചര്യത്തിനനുസരിച്ച് വിപിൻ തൊഴിൽ മാറ്റും. ചില സ്ഥലങ്ങളിൽ ഐടി ഉദ്യോഗസ്ഥനായിട്ടാണ് തട്ടിപ്പ് നടത്തിയിരുന്നത്. വിപിന്റെ വാക്ചാതുരിയിലാണ് പലരും വീണത്. വായ്പ എടുത്ത ബാങ്കിനും പറ്റിയ അബദ്ധം ഇതുതന്നെയാണ്.

ഐപിഎസുകാരനാണെന്നു പറഞ്ഞപ്പോൾ ബാങ്ക് അധികൃതർ വിശ്വസിച്ചു. സാലറി സർട്ടിഫിക്കറ്റ് വ്യാജമായി ഉണ്ടാക്കിയെടുത്തു. പലയിടത്തു നിന്ന് മുമ്പും തട്ടിപ്പു നടത്തിയിരുന്നതിനാൽ ബാങ്കിൽ പണമുണ്ടായിരുന്നു. ബാങ്ക് സ്റ്റേറ്റ്മെന്റിന് അതും നൽകി. ബാങ്കുകാർ കൂടുതൽ പരിശോധനയ്ക്ക് നിന്നില്ല.

ഫെബ്രുവരി 16നു അടൂരിലുള്ള യുവതിയുമായി വിവാഹം റജിസ്റ്റർ ചെയ്യാനായി ഗുരുവായൂർ കോട്ടപ്പടി സബ് റജിസ്ട്രാർ ഓഫിസിൽ വരന്റെയും വധുവിന്റെയും ഫോട്ടോ പതിച്ചു വിവാഹ അറിയിപ്പ് പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇതിൽ കാണിച്ച ജോലി എഎസ്പി എന്നാണ്. പെൺകുട്ടിയുടെ വീട്ടുകാരോടും ഐപിഎസ് കള്ളം തന്നെയാണ് പറഞ്ഞത്. പൊലീസുകാരിൽ പലരെയും വിവാഹത്തിനും ക്ഷണിച്ചിരുന്നു. തൃശൂരുള്ള ഒരു ജിമ്മിലും ഇയാൾ അംഗമായിരുന്നു. അവിടെയും പറഞ്ഞത് ഇതേ കള്ളമാണ്.

വിപിനും അമ്മ ശ്യാമള വേണുഗോപാലും ചേർന്ന് ഗുരുവായൂരിലെ ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത് 12 കാറുകൾ വാങ്ങി മറിച്ചു വിറ്റതായി കണ്ടെത്തിയിട്ടുണ്ട്. ബാങ്ക് ഉദ്യോഗസ്ഥയിൽ നിന്ന് 97 പവനും 25 ലക്ഷവും കൈപ്പറ്റി. വീടു വളഞ്ഞ പൊലീസ് അമ്മയെ അറസ്റ്റ്ചെയ്തെങ്കിലും വിപിൻ ഓടി രക്ഷപ്പെട്ടു.

തലശേരി തിരുവങ്ങാട് മണൽവട്ടം കുനിയിൽ ശ്യാമളയെ (58) കോഴിക്കോട് ബിലാത്തിക്കുളത്തെ വാടകവീട്ടിൽ നിന്നാണ് അറസ്റ്റു ചെയ്തത്. ഇവരുടെ മകൻ വിപിൻ കാർത്തിക് (29) കശ്മീരിലെ കുപ്‌വാര ജില്ലയിലെ ഐപിഎസുകാരനാണെന്നാണു പരിചയപ്പെടുത്തിയിരുന്നത്.

ഫ്ളാറ്റിലെ വിലാസത്തിലുള്ള ആധാർ നൽകി ബാങ്കിൽ അക്കൗണ്ട് തുടങ്ങും. വ്യാജ ശമ്പള സർട്ടിഫിക്കറ്റും ഐപിഎസ് ഓഫിസറുടെ യൂണിഫോമിലുള്ള ഫോട്ടോയും വൻതുക ബാലൻസുള്ള വ്യാജ ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റും നൽകി വായ്പയെടുക്കുകയായിരുന്നു. നാദാപുരം, തലശേരി, കോട്ടയം, തിരുവനന്തപുരം, കളമശേരി, എറണാകുളം, കൊയിലാണ്ടി, വടകര എന്നീ സ്ഥലങ്ങളിൽ നിന്ന് 16 കാറുകൾ വായ്പയെടുത്ത് വാങ്ങി വിറ്റതിന്റെ വിശദാംശങ്ങൾ വിപിൻ കാർത്തിക്കിന്റെ ഡയറിയിൽ നിന്നു പൊലീസിനു ലഭിച്ചു. ഒരു കാറും ബുള്ളറ്റും കസ്റ്റഡിയിലെടുത്തു.

ഇന്ത്യൻ ഓവർസീസ് ബാങ്ക് ഗുരുവായൂർ ശാഖയുടെ മാനേജരുടെ കയ്യിൽ നിന്നാണ് 95 പവനും 25 ലക്ഷം രൂപയും തട്ടിയെടുത്തത്. വിപിനു കാർസറാണെന്നും ചികിൽസയ്ക്കു പണം തികയുന്നില്ലെന്നും പറഞ്ഞാണു പല തവണയായി ഇതു കൈക്കലാക്കിയത്. പൊലീസ് വേഷത്തിൽ ബുള്ളറ്റിൽ ഗുരുവായൂർ ക്ഷേത്രത്തിലും പൊലീസ് സ്റ്റേഷനുകളിലും എത്തിയിരുന്ന വിപിൻ ശുപാർശകൾ തുടങ്ങിയതോടെയാണു സംശയത്തിന്റെ നിഴലിലായത്. സ്പെഷൽ ബ്രാഞ്ച് നടത്തിയ അന്വേഷണത്തിലാണു നിജസ്ഥിതി തെളിഞ്ഞത്. വിപിനെ പിടികൂടാനുള്ള ശ്രമത്തിലാണു പൊലീസ്.

Many Companies to Choose From



insurance

Commercial / Business Auto

BOP • General Liability • Workers Comp

Builders Risk • Dealer/Garage Liability


Motels • Super Markets • Churches • Apartments • Strip Centers

Hotels • Gas Convenience Stores • Restaurants • Liquor Stores...

ALCO AGENCY INC, 203 Present St., Missouri City, TX 77489

713-729-7800 • Email: alcoagency@gmail.com

• Auto
• Home



PHILIP PHILIPOSE
281-989-5595

# ട്രംപിന്റെ വ്യവസായം സാമ്പത്തിക ഞെരുക്കത്തിലെന്ന് റിപ്പോർട്ട്

ഏബ്രഹാം തോമസ്

ന്യൂയോർക്ക്: പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെയും ട്രംപിന്റെ കുടുംബത്തിന്റെയും ഉടമസ്ഥതയിലുള്ള ചില വ്യവസായങ്ങൾ സാമ്പത്തിക ഞെരുക്കത്തിലാണെന്ന് റിപ്പോൾട്ടുകൾ വ്യക്തമാക്കുന്നു.

തന്റെ തിരഞ്ഞെടുപ്പ് പ്രാചരണത്തിന് വേണ്ടി സംഘടിപ്പിച്ച അത്താഴവിരുന്നിൽ ഷിക്കാഗോ ഡൗൺ ടൗണിലെ ഹോട്ടലിലിരുന്ന് തന്നോടൊപ്പം ഭക്ഷണം കഴിച്ചുകൊണ്ടിരുന്നവരോട് ട്രംപ് പറഞ്ഞു, എത്ര സുന്ദരമായ ബാൾ റൂം. കേട്ടിരുന്നവർ ചിരിച്ചു. ചിലർക്കെങ്കിലും അറിയാമായിരുന്നു അത് ട്രംപിന്റെ തന്നെ ഹോട്ടലാണെന്ന്. തന്റെ ഹോട്ടലിൽ പരിപാടി നടത്തി ചെലവുകളുടെ ബിൽ തന്റെ തന്നെ തിരഞ്ഞെടുപ്പ് ഫണ്ടിലേക്ക് അയയ്ക്കുക ട്രംപിന്റെപതിവാണ്. ഷിക്കാഗോ അത്താഴത്തിന് ഹോട്ടലിന് ഒരു ലക്ഷം ഡോളറോളം നൽകേണ്ടി വന്നു എന്ന് പരിപാടി സംഘടിപ്പിച്ച റിപ്പബ്ലിക്കൻ നേതാവ് പറ ഞ്ഞു. ട്രംപിന്റെ സാന്നിധ്യം ഹോട്ടലിന്റെ ബിസിനസിന് താല്ക്കാലിക ഉണർവ് നൽകി. എന്നാൽ മറ്റു ചില ട്രംപ് വസ്തുവകകളെ പോലെ ഈ ഹോട്ടലിന്റെയും ലാഭം താഴേയ്ക്കു പോവുകയാണെന്നാണ് കണക്കുകൾ പറയുന്നത്.



2015 ൽ ഉണ്ടായിരുന്നതിനെക്കാൾ 89% കുറവാണ് 2018 ൽ ഹോട്ടലിന്റെ ലാഭം. 16.7 മില്യൻ ഡോളറിൽ നിന്ന് 1.8 മില്യൻ ഡോളറിലെക്കു കൂപ്പു കുത്തിയെന്ന് ഇല്ലിനോയ് കുക്ക് കൗണ്ടിയിൽ സമർപ്പിച്ച രേഖകളിൽ പറയുന്നു. ചുറ്റളവിലുള്ള മറ്റ് ഹോട്ടലുകൾ വലിയ ലാഭം ഉണ്ടാക്കുമ്പോൾ ഈ ഹോട്ടലിന് മാത്രമാണ് ദുർഗതി.

മറ്റ് ഹോട്ടലുകളുടെ മത്സരമല്ല കാരണം, ട്രംപിന്റെ നയങ്ങൾ സൃഷ്ടിക്കുന്ന ആശാസ്യകരമല്ലാത്ത സമീപനമാണ് യഥാർത്ഥ കാരണമെന്ന് നിരീക്ഷകർ പറയുന്നു. ട്രംപ് ഭരണമേറ്റതിനെ തുടർന്നാണ് വ്യവസായങ്ങളുടെ വളർച്ചയിൽ ഇടിവുണ്ടായതെന്ന് വാഷിംഗ്ടൻ പോസ്റ്റിൽ കഴിഞ്ഞ വർഷം പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽ ചൂണ്ടിക്കാട്ടിയിരുന്നു.

ഷിക്കാഗോയിലെ ട്രംപ് ഇന്റർനാഷണൽ ഹോട്ടൽ ആൻഡ് ടവർ അതിന്റെ ആഡംബര സമൃദ്ധിയിൽ അഭിമാനം കൊണ്ടിരുന്നു. എന്നാൽ ഇപ്പോൾ ചെലവ് ചുരുക്കലാണ്. ഒഴിവു വന്ന ജോലികളിലേക്ക് നിയമനം നടത്തിയിട്ടില്ല. അതിഥികൾക്കും കുട്ടികൾക്കും സമ്മാനങ്ങൾ നൽകുന്നത് കുറച്ചു, ശുചീകരണത്തിനും മറ്റും വില കുറഞ്ഞ സാധനങ്ങൾ വാങ്ങാൻ ആരംഭിച്ചു (ഇപ്പോൾ മറ്റ് ധാരാളം ഹോട്ടലുകളും ഇങ്ങനെ ചെയ്യുന്നുണ്ട്).

ട്രംപ് തന്റെ ഭരണത്തിന്റെ പ്രക്ഷുബ്ധമായ മൂന്നാം വർഷം പൂർത്തിയാക്കുമ്പോൾ ട്രംപ് പ്രസിഡന്റായത് വസ്തുവകകൾക്ക് നേട്ടമായോ എന്ന ചോദ്യം ഉത്തരമില്ലാതെ ശേഷിക്കുകയാണ്. താനും തന്റെ കുടുംബവും കെട്ടിപ്പടുത്ത് ഉയർത്തിയ സാമ്രാജ്യം വെല്ലുവിളികൾ നേരിടുകയാണ്. സാമ്പത്തികമായി സംഭവിച്ച തിരിച്ചടികളും നിയമയുദ്ധങ്ങളും ഇതിന് കാരണമായി. ട്രംപ് ബ്രാൻഡ് പേരിന്റെ യശസിനും കളങ്കമേറ്റു.

ട്രംപ് ഓർഗനൈസേഷൻ ചെലവു ചുരുക്കലിന് രണ്ട് വലിയ നീക്കങ്ങൾ കൂടി നടത്തി. ഡിസ്ട്രിക്ട് ഓഫ് കോളംബിയ (ഡിസി)യിലെ തങ്ങളുടെ വലിയ കൂടാര ഹോട്ടൽ വിൽക്കാൻ ഉദ്ദേശിക്കുകയാണെന്ന് കഴിഞ്ഞ മാസം അറിയിച്ചു.

ന്യൂയോർക്കിൽ സെൻട്രൽ പാർക്കിൽ കമ്പനിയുടെ രണ്ട് ഐസ് സ്ക്കേറ്റിങ് തറകളിലെ ട്രംപ് നാമധേയം ചെറുതാക്കുകയാണെന്നും അറിയിച്ചു. ഇതും ചെലവു ചുരുക്കൽ നടപടി ആയാണ് വീക്ഷിക്കപ്പെടുന്നത്. ടിം ഒബ്രിയൻ എന്ന പത്ര പ്രവർത്തകൻ ട്രംപ് വ്യവസായങ്ങളെ വർഷങ്ങളോളം നിരീക്ഷിച്ച് ഒരു പുസ്തകം എഴുതിയിരുന്നു.

ഇടക്കാല തിരഞ്ഞെടുപ്പിൽ റിപ്പബ്ലിക്കൻ പാർട്ടിക്ക് ചില തിരിച്ചടികൾ ഉണ്ടായി. ട്രംപിനെതിരായ ഇംപീച്ച്മെന്റ് വിചാരണ ഈ മാസം തന്നെ ആരംഭിക്കുമെന്ന് സ്പീക്കർ നാൻസി പെലോസി പറഞ്ഞു. ഇതിനിടയിൽ ട്രംപിന് ആശ്വാസകരമായി ഒരു വാർത്തയുണ്ട്. ഏറ്റവും പുതിയ അഭിപ്രായ സർവേയിൽ ട്രംപിനെതിരായി ഇംപീച്ച്മെന്റ് എൻക്വയറിയെ അനുകൂലിക്കാത്തവർ 51% ആണ്.



## 'മിസ് മലയാളി യുഎസ്എ 2019' സൗന്ദര്യ മത്സരം അവിസ്മരണീയമായി

ഹൂസ്റ്റൻ സൗന്ദര്യത്തിന് മലയാളത്തികവ് നൽകി മനം കവർന്ന മിസ് മലയാളീ യുഎസ്എ 2018, ചരിത്രവിജയമായി മാറിയ ദേശി സൂപ്പർസ്റ്റാൽ 2019 നും ശേഷം അമേരിക്കയിലെ കലാ സാംസ്കാരിക രംഗത്തെ നിറസാന്നിധ്യമായി മാറിയ ലക്ഷ്മി പീറ്റർ ഒരുക്കിയ'മിസ്സ് മലയാളീ യുഎസ്എ 2019' വൈവിധ്യമാർന്ന പരിപാടികൾ കൊണ്ട് വ?ണവിസ്മയമായിമാറി.

ഒക്ടോബർ 26 നു ശനിയാഴ്ച വൈകുന്നേരം 5 മണിയ്ക്ക് സ്റ്റാഫോർഡിലെ സെന്റ് ജോസഫ് ഹാളിൽ വച്ചായിരുന്നു സൗന്ദര്യമൽസരം. വനിതകൾക്ക് മാത്രമല്ല അമേരിക്കയിൽ ആദ്യമായി പുരുഷന്മാ?ക്കു വേണ്ടി'മിസ്റ്റർ മലയാളി യുഎസ്എ 2019' മൽസരവും നടത്തി ലക്ഷമി പീറ്റർ മലയാളി സൗന്ദര്യാസ്വാദക മനസ്സുകളിൽ ഇടം നേടി.

കേരളത്തനിമയും സംസ്കാരവും സമന്വയിപ്പിച്ചു ചെണ്ടമേളത്തിന്റെയും വാദ്യമേളങ്ങളുടെയും അകമ്പടിയോടെ പ്രശസ്ത സിനിമാ താരം മന്യ നായിഡു വേദിയിലേക്ക് പ്രവേശിച്ചപ്പോൾ സദസ്സിൽ നിന്ന് നിറഞ്ഞ കരഘോഷം മുഴങ്ങി. ഇതുപോലെയുള്ള പരിപാടികളിൽ കൂടി നമ്മുടെ ഈടുറ്റ സംസ്കാരവും കലാ പാരമ്പര്യവും മറ്റും സമൂഹത്തി?പ്രതിഫലിയ്ക്കട്ടെയെന്നു മന്യ ആശംസിച്ചു,

മൂന്ന് വ്യത്യസ്ത വിഭാഗങ്ങളിലായി നടത്തിയ മത്സരങ്ങളി? 'മിസ് ടീൻ മലയാളീ യു എസ് എ' വിഭാഗത്തി? അലീഷാ സാൽബി ഒന്നാം സ്ഥാനം കരസ്ഥമാക്കി വിജയ കിരീടമണിഞ്ഞു. അലീനയും ഗീതു സുരേഷും രണ്ടും മൂന്നും സ്ഥാനങ്ങൾക്കർഹരായി. 'മിസ്സസ് മലയാളീ യുഎസ്എ' വിഭാഗത്തിൽ സ്വാതി ശങ്കർ ഒന്നാം സ്ഥാനത്തെത്തിയപ്പോൾ സ്വാതി അനന്തരാമനും ജുവി ജോണും രണ്ടും മൂന്നും സ്ഥാനത്തെത്തി.

'മിസ്റ്റർ മലയാളീ 2019' കിരീടത്തിനു വേണ്ടി ശക്തമായ മത്സരമാണ് നടന്നത്. ടിസ്റ് റൗണ്ടിൽ തന്റെ വ്യത്യസ്ത വസ്ത്രധാരണ ശൈലിയിൽ കൈയടി നേടിയ സുബിൻ ബാലകൃഷ്ണൻ വിജയ കിരീടം അണിഞ്ഞു.

*ജീമോൻ റാന്നി*



















# ഇന്ത്യൻ ക്രിസ്ത്യൻ എക്യൂമെനിക്കൽ കമ്മ്യൂണിറ്റി ഓഫ് ഹൂസ്റ്റണ് നവ നേതൃത്വം

*ജീമോൻ റാന്നി*

ഹൂസ്റ്റൻ: ഇന്ത്യൻ ക്രിസത്യൻ എക്യൂമെനിക്കൽ കമ്മ്യൂണിറ്റി ഓഫ് ഹൂസ്റ്റന്റെ (ഐസിഇസിഎച്ച്) 2019 2020 ലേക്കുള്ള പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു.

ഒക്ടോബർ 7 നു തിങ്കളാഴ്ച വൈകുന്നേരം 7 മണിക്ക് സെന്റ് മേരീസ് ക്നാനായ കാത്തലിക് ദേവാലയത്തിൽ വച്ച് നടന്ന പൊതുയോഗത്തിലായിരുന്നു തെരഞ്ഞെടുപ്പ്. പ്രസിഡന്റ് റവ.ഫാ. ഐസക്. ബി.പ്രകാശ് അദ്ധ്യക്ഷത വഹിച്ചു.

*പുതിയ ഭാരവാഹികൾ;* റവ. ഫാ. ഐസക്ക്.ബി. പ്രകാശ് (പ്രസിഡന്റ്), റവ. ജേക്കബ് പി. തോമസ് (വൈസ് പ്രസിഡന്റ്), എബി കെ. മാത്യു (സെക്രട്ടറി), രാജൻ തോമസ് (ട്രഷറർ), ഷാജി പുളിമൂട്ടിൽ (പ്രോഗ്രാം കോർഡിനേറ്റർ), റവ. ഫാ. എബ്രഹാം സക്കറിയ (സ്പോർട്സ് കൺവീനർ), റോബിൻ ഫിലിപ്പ് (പബ്ലിക് റിലേഷൻസ് ഓഫീസർ), റവ. റോഷൻ വി.മാത്യൂസ് (യൂത്ത് കോർഡിനേറ്റർ), ഡോ. അന്ന കെ. ഫിലിപ്പ് (ക്വയർ കോർഡിനേറ്റർ), ജോജോ തുണ്ടിയിൽ, ഷീജ വർഗീസ് (വോളന്റിയർ ക്യാപ്റ്റന്മാർ) ജോൺസൻ കല്ലുംമൂട്ടിൽ (ഓഡിറ്റർ).

സ്പോർട്സ് കോർഡിനേറ്റർമാരായി ജോൺസൻ ഉമ്മൻ, നൈനാൻ വീട്ടിനാൽ, ബിജു ചാലയ്ക്കൽ, റജി ജോൺ, റിജോ ജേക്കബ്, അനിൽ വർഗീസ് എന്നിവരെയും തെരഞ്ഞെടുത്തു.

ഈ വർഷത്തെ ക്രിസ്തുമസ് കരോൾ ശുശ്രൂഷ ഡിസംബർ 25 നു വൈകുന്നേരം സ്റ്റാഫോർഡിലുള്ള സെന്റ് ജോസഫ് ഹാളിൽ വച്ച് നടത്തുന്നതാണെന്നും ഭാരവാഹികൾ അറിയിച്ചു.



# ലാനയുടെ നോവൽ അവാർഡ് കുരിയൻ മ്യാലിൽ രചിച്ച 'ചിത്രശലഭങ്ങൾ കുമ്പസാരിക്കുന്നു' കരസ്ഥമാക്കി

എ. സി. ജോർജ്

ഹ്യൂസ്റ്റൻ: നവംബർ 1 മുതൽ 3 വരെ ഡാളസിൽ വച്ചു നടത്തിയ ലാനയുടെ (ലിറ്റററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക) കൺവെൻഷനിൽ വച്ചാണ് ലാനയുടെ 2019 നോവൽ പുരസ്ക്കാരം രചയിതാവ് കുരിയൻ മ്യാലിനു കൺവെൻഷൻ മുഖ്യാതിഥി റിട്ടയേർഡ് ഡിജിപി ജേക്കബ് പുന്നൂസ് കൈമാറിയത്. ജോസ് ഓച്ചാലിൽ നേതൃത്വം കൊടുത്ത കമ്മിറ്റിയാണ് കുരിയൻ മ്യാലിൽ രചിച്ച 'ചിത്രശലഭങ്ങൾ കുമ്പസാരിക്കുന്നു' എന്ന നോവൽ അവാർഡിനായി തിരഞ്ഞെടുത്തത്.

എന്തു പറഞ്ഞു എന്നതിനേക്കാൾ എങ്ങനെ പറഞ്ഞു എന്നതാണു ചിത്രശലഭങ്ങൾ കുമ്പസാരിക്കുന്നു എന്ന നോവലിനെ അടയാളപ്പെടുത്തുന്നതും സമ്മാനാർഹമാക്കുന്നതെന്നും വിധി കർത്താക്കൾ രേഖപ്പെടുത്തി. 1937ൽ കടത്തുരുത്തിയിൽ ജനിച്ച കുരിയൻ മ്യാലിൽ പിന്നീട് കണ്ണൂൺ ജില്ലയിലേക്കു താമസം മാറ്റി. കോഴിക്കോട് ദേവഗിരി കോളേജിൽ നിന്നു ബിരുദ പഠനം പൂർത്തിയാക്കി. തുടർന്ന് അഗ്രിക്കൾച്ചർ ബ്ലോക്ക് ഓഫീസറായി 27 വർഷം സേവനം ചെയ്തു. 1987ൽ അമേരിക്കയിലെ ചിക്കാഗോയിലെത്തി. ട്രെയിൻ ഡ്രൈവർ ആയി 14 വർഷം ജോലി ചെയ്തു. തുടർന്ന് ഫ്ലോറിഡയിലെത്തി. ഇപ്പോൾ ഹ്യൂസ്റ്റനിൽ എഴുത്തും വായനയുമായി കഴിയുന്നു. ഹ്യൂസ്റ്റണിലെ റൈറ്റേഴ്സ് ഫോറത്തിലും, മലയാളം സൊസൈറ്റിയിലും കുരിയൻ മ്യാലിൽ സജീവമായി പ്രവർത്തിക്കുന്നു.

കവിതാ രചനക്കു ലാനയുടെ പുരസ്ക്കാരം ബിന്ദു ടി. ജി.യുടെ രാസമാറ്റം എന്ന കാവ്യ സമാഹാരത്തിനു ലഭിച്ച വിവരം മുൻപു റിപ്പോർട്ടു ചെയ്തിരുന്നു.

ലാനാ കൺവെൻഷനിൽ വിവിധ മലയാള ഭാഷാ സാഹിത്യ സെമിനാറുകൾ, ശിൽപശാലകൾ, സംവാദങ്ങൾ നടത്തി. കൺവെൻഷൻ അവസാന ദിവസം വൈകുന്നേരം തിരുവാതിര, മാർഗംകളി, ഓട്ടംതുള്ളൽ, നാടകം, തുടങ്ങി വൈവിധ്യമേറിയ കലാസാംസ്കാരിക പരിപാടികൾ അരങ്ങേറി. ലാനാ പ്രസിഡൻഡ് ജോൺ മാത്യു, സെക്രട്ടറി ജോസെൻ ജോർജ്, കൺവെൻഷൻ ചെയർമാൻ എബ്രഹാം തെക്കേമുറി തുടങ്ങിയവരുടെ നേതൃത്വത്തിൽ പരിപാടികൾ വിജയകരമായി.

കൺവെൻഷനിൽ ആതിഥ്യം വഹിച്ച ലാനയുടെ ഡാളസ് മേഖലാ പ്രവർത്തകരുടെ മികച്ച സേവനങ്ങളെ എല്ലാവരും പ്രകീർത്തിച്ചു.

# റോക്ക് ലാൻഡ് കൗണ്ടി ലെജിസ്ലേറ്ററായി ഡോ. ആനി പോൾ മൂന്നാം തവണയും വിജയിച്ചു

ന്യൂയോർക്ക്: റോക്ക് ലാൻഡ് കൗണ്ടി ലെജിസ്ലേറ്ററായി മൂന്നാം തവണയും ഡോ. ആനി പോൾ വിജയിച്ചു. ഡമോക്രാറ്റുകൾക്കു ഭൂരിപക്ഷമുള്ള ഡിസ്ട്രിക്ട് 14ൽ ആണ് ആനി പോൾ വിജയം ആവർത്തിച്ചത്. തൊട്ടടുത്തറിപ്പബ്ലിക്കൻ സ്ഥാനാ?ഥി അജിൻ ആന്റണിയെയാണ് പരാജയപ്പെടുത്തിയത്. ആനിക്ക് 65.06 ശതമാനം വോട്ട്കിട്ടിയപ്പോൾ അജിൻ ആന്റണിക്കു 34.84 ശതമാനം വോട്ടാണ് നേടാനായത്.



ന്യൂസിറ്റിയിലെ ലാ ടെറാസ്സാ റസ്റ്ററന്റിൽ നടന്ന ചടങ്ങിൽ രാഷ്ട്രീയ സുഹൃത്തുക്കളും, സഹപ്രവർത്തകരും, കുടുംബാംഗങ്ങളും പങ്കെടുത്തു. തൻറെ വിജയത്തിന് പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും ഡോ. ആനി പോൾ നന്ദി അറിയിച്ചു. ഡോ. ആനി പോളിന്റെ സേവന സന്നദ്ധതയും, ഉത്തമമായ പ്രവർത്തനങ്ങളും വിലയിരുത്തിയാണ് ഡമോക്രാറ്റിക് കോക്കസ് മൂന്നാം പ്രാവശ്യവും ഈ സ്ഥാനത്തേക്കു തിരഞ്ഞെടുത്തത്.

റോക്ക് ലാൻഡ് കൗണ്ടി ലെജിസ്ലേറ്ററെന്ന നിലയിൽ ഡോ. ആനി പോളിന്റെ കഴിഞ്ഞ എട്ട് വർഷത്തെപ്രവർത്തനങ്ങൾ ഇന്ത്യൻ സമൂഹത്തിലും ഏറെ അഭിനന്ദനം നേടിയിരുന്നു. ഓഗസ്റ്റ് മാസം ഇന്ത്യൻ ഹെറിറ്റേജ് മാസമായി ന്യൂയോർക്ക് സ്റ്റേറ്റ് പ്രഖ്യാപിച്ചതിന്റെ പിന്നിൽ പ്രവർത്തിച്ചത് ആനി പോളാണ്. സ്റ്റേറ്റ് അസംബ്ലിയും സെനറ്റും ഇന്ത്യൻ ഹെറിറ്റേജ് മാസം പ്രഖ്യാപിച്ചുള്ള പ്രമേയം പാസാക്കുകയും ഗവർണർ ഒപ്പുവയ്ക്കുകയും ചെയ്തത് ഇന്ത്യൻ സമൂഹത്തിനുള്ള അംഗീകാരവുമായി.

മൈനോറിറ്റി ആൻഡ് വിമൺ ഓൺഡ് ബിസിനസ് എന്റർപ്രൈസസ് (ങണആഋ) എന്ന സ്പെഷൽ കമ്മിറ്റി രൂപീകരിച്ചത്ആനി പോളിന്റെ നിർദേശ പ്രകാരമാണ്. മൈനോറിറ്റി ആൻഡ് വിമൺ ഓൺഡ് ബിസിനസ് എന്റർപ്രൈസസ് കമ്മിറ്റിചെയർ, മൾട്ടി സർവീസ് കമ്മിറ്റി വൈസ് ചെയർ, പബ്ലിക് സേഫ്റ്റി കമ്മിറ്റി മെമ്പർ, പ്ലാനിങ് ആൻഡ് പബ്ലിക് വർക്ക്സ് കമ്മിറ്റി മെമ്പർ, സോളിഡ് വേസ്റ്റ് മാനേജ്മെന്റ് കമ്മിറ്റി കമ്മീഷണർ എന്നീ നിലകളിലും പ്രവർത്തിച്ചുവരുന്നു.

നഴ്സ് പ്രാക്റ്റീഷണർ സംഘടനയുടെ സാരഥികളിലൊരാൾ കൂടിയായ ഡോ. ആനി പോൾ ഇന്ദിരാ ഗാന്ധിയിൽ നിന്നു മികച്ച നഴ്സിനുള്ള അവാർഡ് നേടിയിട്ടുണ്ട്.

*ജോയിച്ചൻ പുതുക്കുളം*

# പ്രവർത്തന മികവിൽ വീണ്ടും ജനവിധി തേടുന്നു


മാധവ മൂർത്തി







ഹൂസ്റ്റൻ: ആസന്നമായ മാഗ് തെരഞ്ഞെടുപ്പിൽ കഴിഞ്ഞ ഭരണ സമിതിയിൽ പ്രവർത്തന മികവുകൊണ്ടു ശ്രദ്ധ നേടിയ മാത്യു പന്നപ്പാറ, റെനി കവലയിൽ, പ്രമോദ് റാന്നി എന്നിവർ ജനവിധി തേടുന്നു, മാഗിന്റെ മുഖച്ഛായ തന്നെ മാറ്റിയ പ്രവർത്തനങ്ങൾ ആണ് കഴിഞ്ഞ വർഷം നടന്നത്, ആയിരത്തി മുന്നൂറോളം ആർക്കാർ പങ്കെടുത്ത മാഗ് ഓണം 2019, ഒരു ചരിത്ര സംഭവമായി, സീനിയർ മീറ്റ് മാത്യു പന്നപ്പാറയുടെ തൊപ്പിയിൽ ഒരു തൂവൽ കൂടിയായി, ഹ്യൂസ്റ്റണിൽ വിശേഷണങ്ങൾ ആവശ്യമില്ലാത്ത സാമൂഹിക മാധ്യമ പ്രവർത്തകനാണ് റെനി കവലയിൽ, പ്രമോദ് റാന്നി മാഗിന്റെ PRO ആയി നടത്തിയ പ്രവർത്തനങ്ങൾ മികവുറ്റതായിരുന്നു, സാമൂഹിക ജീവകാരുണ്യ പ്രവർത്തനങ്ങൾക്കു ഒരു തുടർ വർഷമാണ് ഈ മൂവർ സംഘം തേടുന്നത് , വാർധ്യകൃത്തിൽ ഒറ്റപ്പെട്ടു പോയ ആദ്യകാല മലയാളി അമേരിക്കൻ കുടിയേറ്റക്കാരെ മാഗിന്റെയും സമൂഹത്തിന്റെയും മുഖ്യധാരയിൽ എത്തിക്കുന്ന പ്രവർത്തനങ്ങൾ ആണ് ഇവരുടെ പ്രകടനപത്രികയിലെ മുഖ്യയിനം, എല്ലാ ഹ്യൂസ്റ്റൻ മലയാളികളുടെയും സഹകരണം ഇവർ പ്രതീക്ഷിക്കുന്നു .







# പ്രവാസി

**എഡിറ്റോറിയൽ**

## അമേരിക്കൻ ഭരണഘടനയും ഇമ്പീച്ചുമെന്റും

ട്രംമ്പും അദ്ദേഹത്തിന്റെ ഭരണകൂടത്തിലെ ഉന്നത ഉദ്യോഗസ്ഥരും ചേർന്ന്, മുൻ വൈസ് പ്രസിഡണ്ടും അദ്ദേഹത്തിന്റെ മകൻ ജോ ബൈഡന്റെമേലും അഴിമതി കുറ്റം ചാർത്തി അന്വേഷണം നടത്തുവാൻ, യൂക്രയിൻ പ്രസിഡണ്ടിന്റമേൽ സമ്മർദ്ദം ചെലുത്തിയെന്ന വിസിൽബ്ലോവറുടെ (പേര് വെളിപ്പെടുത്താതെ ഭരണകൂടങ്ങളിലെ ഉന്നതന്മാരുടെ അഴിമതികളെ വെളിപ്പെടുത്തുന്നവർ) പരാധിയാണ് ഇംമ്പീച്ചുമെന്റ് അന്വേഷണത്തിന്റെ തുടക്കം കുറിച്ചത്. റിപ്പബ്ലിക്കൻ പാർട്ടിയും ഡെമോക്രാറ്റിക്ക് പാർട്ടിയുമുൾപ്പെട്ട കോൺഗ്രസ്സ് സംയുക്തമായി, യൂക്രയിനിന്റെമേൽ റഷ്യ നടത്തുന്ന അക്രമണത്തെ ചെറുക്കുവാൻവേണ്ടി, അംഗീകരിച്ച മൂന്നൂറ്റി തൊണ്ണൂറ്റി ഒന്ന് മില്ല്യൺ ഡോളർ, സമയത്തിന് നൽകാതെ പിടിച്ചുവെച്ച്, ബൈഡന്റെമേൽ അന്വേഷണം നടത്തിയെങ്കിലെ അത് നൽകുകയുള്ളു എന്ന ട്രംമ്പിന്റെ ടെലിഫോണിലൂടെയുള്ള സംഭാഷണവും അത് രേഖപ്പെടുത്തിയിട്ടുള്ള കുറിപ്പുമാണ് ഇമ്പീച്ചുമെന്റിന് അനുകൂലമായി വർത്തിക്കുന്ന തെളിവ്. ബൈഡൻ കുടംബം എതെങ്കിലും തെറ്റ് ചെയ്തതായി ഇതുവരേയും തെളിയിക്കപ്പെട്ടിട്ടില്ല. വ്യാജനിർമ്മിതമായ കേസിലൂടെ ബൈഡന്റെ പേരിൽ കളങ്കമുണ്ടാക്കി ഇല്കഷനിൽ വിജയിക്കാനും, രജ്യത്തിന്റെ ദേശീയ സുരക്ഷയെക്കാൾ, അധികാരം നിലനിറുത്തണമെന്നുള്ള ഉൾപ്രേരണയോടെ, യുക്രയിന്റെ സൈനിക സംബന്ധിയായ ശക്തികരണത്തിന് നീക്കിവച്ചിരുന്ന പണം കരുവാക്കി നടത്തുന്ന ഇത്തരം വഞ്ചനാപരമായ പ്രവർത്തിയെ ക്വിഡ് പ്രോ ക്വോ അല്ലെങ്കിൽ ഒന്നിന് പകരം ഒന്ന് എന്നാണ് വിളിക്കുന്നത്. ഇത്, തെളിയിക്കപ്പെട്ടാൽ ഭരണഘടനപരമായി, പ്രസിഡണ്ടിന്റെ അധികാര ദുർവിനയോഗം കണക്കിലെടുത്ത്, പ്രസിഡണ്ടിനെ ഇമ്പീച്ചു ചെയ്യാൻ മതിയായ കാരണവുമാണ്

അമേരിക്കൻ ഭരണഘടനയിലെ വ്യവസ്ഥകളിൽ (ആർട്ടിക്കിൾ1) ഒന്ന് പ്രകാരം അമേരിക്കൻ പ്രസിഡണ്ടിന്റെമേൽ കുറ്റാരോപണം നടത്താനുള്ള അധികാരം ജനങ്ങൾ തിരഞ്ഞെടുത്ത കോൺഗ്രസിനും കുറ്റവിചാരണ ചെയ്യാനുള്ള അധികാരം സെനറ്റിനുമാണ്. ഭരണഘടന അനുശാസിക്കുന്ന വിധത്തിൽ, ജനങ്ങൾ ഏല്പിച്ച കർത്തവ്യം, ഏറ്റവും വലിയ ഒരു കുറ്റകൃത്യത്തിലൂടെയോ , അതുപോലെ അധികാര ദുരുപയോഗത്തിലൂടെയോ, നിർവഹിക്കുന്നതിൽ പരാജയപ്പെടുമ്പോളാണ്, കോൺഗ്രസ് ഇമ്പീച്ചുമെന്റിലൂടെ പ്രസിഡണ്ടിനെ കുറ്റാരോപണവും, കുറ്റവിചാരണയും നടത്തി അധികാരത്തിൽ നിന്ന് മാറ്റുവാൻ ശ്രമിക്കുന്നത്. അമേരിക്കയുടെ ചരിത്രത്തിൽ ഇതിന് മുൻപ രണ്ട് പ്രാവശ്യമെ കോൺഗ്രസ്സ് അമേരിക്കൻ പ്രസിഡണ്ടിനെ ഇമ്പിച്ചു ചെയ്തിട്ടുള്ളു. അമേരിക്കയുടെ പതിഴോമത്തെ പ്രസിഡണ്ടായരുന്ന ആൻഡ്രു ജോൺസണന്റെമേൽ കോൺഗ്രസ്സ് കുറ്റാരോപണം നടത്തിയെങ്കിലും കുറ്റവിചാരണയിൽ ഒരു വോട്ടിന്റെ കുറവുകൊണ്ടും, (സെനറ്റിൽ മൂന്നിൽ രണ്ട് വിഭാഗത്തിന്റെ അംഗീകാരം ഉണ്ടെങ്കിലെ പ്രസിഡന്റിനെ അധികാരത്തിൽ നിന്ന് മാറ്റുവാൻ കഴിയു) നാല്പത്തി രണ്ടാമത്തെ പ്രസിഡണ്ടായ വില്ല്യം ജെഫേഴ്സൺ ക്ലിന്റണെ പന്ത്രണ്ട് വോട്ടിന്റെ കുറവുകൊണ്ടുമാണ് സെനറ്റ് കുറ്റ വിമുക്തരാക്കിയത്. എന്നാൽ മുപ്പത്തി ഏഴാമത്തെ പ്രസിഡണ്ടായ റിച്ചാർഡ് നിക്സണാകട്ടെ ഇംമ്പിച്ചു ചെയ്യപ്പെടാതെ രാജിവച്ചൊഴിയുകയായിരുന്നു.

അമേരിക്കൻ ഭരണഘടന പ്രകാരം മൂന്ന് തുല്യ വിഭാഗങ്ങളായ, പ്രസിഡണ്ടും കാര്യനിർവ്വഹണ സമതിയുമടങ്ങിയ വിഭാഗവും (എക്സിക്യൂട്ടീവ്), കോൺഗ്രസും സെനറ്റും അടങ്ങിയ നിയമനിർമ്മാണ സഭയും (ലെജിസ്ലറ്റേറിവ്), നീതിന്യായ വകുപ്പും (ജുഡിഷ്യറി), അധികാര ദുർവ്വിനയോഗം ചെയ്യാതിരിക്കാൻ പരസ്പരം, പരിശോധിക്കുകയും, ഭരണഘടന അനുശാസിക്കുന്ന വിധത്തിലുള്ള പിഴവുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ അതിനെ പരിഹരിക്കാനായി സംവിധാനം ചെയ്തിട്ടുള്ള, ചെക്ക് ആൻഡ് ബാലെൻസെന്ന പെരുമാറ്റ ചട്ടങ്ങൾക്ക് വിധേയരാണ്. ഇതിനെ അവഗണിച്ച്, സെനറ്റിന്റെ അംഗീകാരമില്ലാതെ പ്രതിരോധ വകുപ്പിന്റെ തലവനെ ജോലിയിൽ നിന്ന് പിരിച്ചു വിടുകയും, മറ്റൊരാളെ ആ തസ്തികയിൽ നിയമിക്കുക്കുയും ചെയ്തതിനാണ് പതിനേഴാമത്തെ പ്രസിഡണ്ടായ ആഡ്രൂ ജോൺസണെ കോൺഗ്രസ്സ് ഇമ്പീച്ചു ചെയ്തത്. സത്യമെ പറയു എന്ന പ്രതിജ്ഞക്കെതിരെ നുണ പറഞ്ഞതിനും (ലൈയിങ് അണ്ടർ ഓത്ത്) നീതിനിർവ്വഹണത്തിന് വിഘാതമായി (ഒബ്സ്റ്ററക്ഷൻ ഓഫ് ജസ്റ്റിസ്) നിന്നതിനുമാണ് കോൺഗ്രസ് ഇമ്പീച്ചു ചെയ്തത്. ക്ലിന്റന്റെ വൈറ്റ് വാട്ടർ കേസുമായുള്ള ബന്ധത്തിൽ കെൻ സ്റ്റാർ അന്വേഷണം നടത്തുമ്പോൾ പൊന്തി വന്ന പോള ജോൺസ, ലൈംഗിക പീഡന കേസും തുടർന്നുള്ള അന്വേഷണവുമാണ് ക്ലിന്റണെ ഇമ്പിച്ചു ചെയ്യാൻ കാരണമായത്. വാഷിങ്ടണലിലെ ഡെമോക്രാറ്റിക്ക് നാഷണൽ കമ്മറ്റി ഓഫിസ് ഭേദിച്ചു കടന്നതുമായുള്ള ബന്ധത്തിലും , പ്രശസ്തമായ സാറ്റർഡെ മാസക്കറുമായും നിക്സണുള്ള ബന്ധത്തിലുമാണ് നിക്സണ് ഇമ്പീച്ച് നടപടിക്രമങ്ങൾ ആരംഭിച്ചത്. പക്ഷെ നിക്സൺ രാജിവച്ച് ഇമ്പീച്ചുമെന്റിൽ നിന്ന് സ്വയം ഒഴിവായി. പ്രസിഡന്റ് ട്രംബ് ഇമ്പീച്ചു ചെയ്യപ്പെട്ടാൽ അമേരിക്കൻ ഭരണഘടനയുടെ (സെപ്തംബർ 17, 1787) ഇരുനൂറ്റി മുപ്പത്തി രണ്ടു വർഷത്തിലെ ചരിത്രത്തിൽ അദ്ദേഹം മൂന്നാമത്തെ പ്രസിഡണ്ടായിരിക്കും.

പ്രസിഡണ്ടിനെ ഇമ്പീച്ചു ചെയ്യാനുള്ള ഏക അവകാശം ഭരണഘടനയിലെ വ്യവസ്ഥ പ്രകാരം ജനപ്രതിനിധികളുടെ സഭയായ കോൺഗ്രസ്സിനും വിചാരണ ചെയ്യാനുള്ള അധികാരം സെനറ്റിനുമാണ്. ഭരണഘടനയിലെ ഒന്നാം വ്യവസ്ഥയിലെ (ആർട്ടിക്കിൾ 1) മൂന്നാം വകുപ്പ് അനുസരിച്ച് സുപ്രീം കോർട്ട് ജസ്റ്റിസിന്റെ നേതൃത്വത്തിലായിരിക്കും സെനറ്റിൽ വിചാരണ നടക്കുന്നത്. മൂന്നിൽ രണ്ടു വിഭാഗം (67) സെനറ്ററിന്മാരുടെ അംഗീകാരത്തോടെ പ്രസിഡണ്ടിനെ ഇമ്പിച്ചു ചെയ്യാനും അധികാരത്തിൽ നിന്നും നിക്കം ചെയ്യാനും അതുപോലെ ഭാവിയിൽ ഔദ്യോഗിക പദവികൾ വഹിക്കാതിരിക്കത്തക്ക രീതിയിൽ അയോഗ്യത കല്പിക്കാനും സെനറ്റിന് അവകാശമുണ്ട്. പ്രസിഡണ്ട് ഇമ്പീച്ച് ചെയ്യപ്പെട്ടാൽ വൈസ് പ്രസിഡണ്ടാകും, അതിനെതുടർന്ന് എന്തെങ്കലും സംഭവിച്ചാൽ സ്പീക്കർ ഓഫ് ദി ഹൗസ്, സെനറ്റ് പ്രസിഡണ്ട് പ്രോറ്റെംബറി, സെക്രട്ടറി ഓഫ സ്റ്റേറ്റ് എന്നങ്ങനെയായിരിക്കും പ്രസിഡണ്ട് സ്ഥാനത്തേക്ക്ുള്ള അധികാരക്രമങ്ങൾ. ഇമ്പീച്ചുമെന്റിനെ കുറിച്ച് രണ്ടു പാർട്ടിയിലേയും അംഗങ്ങളുടെ അനുകൂലിച്ചും പ്രതികൂലിച്ചുമുള്ള വാദങ്ങൾ തകൃതിയിൽ നടക്കുമ്പോഴും, ജനങ്ങൾക്ക് ഇമ്പീച്ചുമെന്റിനോടുള്ള മനോഭാവം എങ്ങനെയെന്നുള്ളത് പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു ഘടകമാണ്. നിക്സനെ ഇമ്പിച്ചു ചെയ്യുമ്പോൾ അവസാന നിമിഷം വരെ പാർട്ടി ഒറ്റക്കെട്ടായി അദ്ദേഹത്തിന്റെ പിന്നിൽ അണിനിരന്നെങ്കിലും, അറുപതുശതമാനം ജനങ്ങൾ ഇമ്പിച്ചിനെ അനുകൂലിച്ചപ്പോൾ, അദ്ദേഹം രാജി വച്ചു പോകയായിരുന്നു.

*ചിന്താമൃതം:* ഇമ്പീച്ചുമെന്റ് എന്നു പറയുന്നത് ഒരു വ്യക്തി ചെയ്യുന്ന അധിക്രമങ്ങൾക്ക് പരിഹാരം കണ്ടെത്തുകയല്ല; പക്ഷെ ആ വ്യക്തിയുടെ പ്രസിഡണ്ട് പദവിയിൽ, തുടർന്നുള്ള സാന്നിദ്ധ്യംകൊണ്ട് രാജ്യത്തിനുണ്ടാകുന്ന വിപത്തിൽ നിന്ന് ആ വ്യക്തിയെ മാറ്റുക എന്നതാണ്. (ചാൾസ് റഫ്).

*ജി. പുത്തൻകുരിശ്*


**PRAVASI**

Publisher & Managing Editor: A. Thomas Azhakathu
Editors: Joly Willy, G. Puthenkurisu, Blesson Houston, Sugunan Njekkad, John Mathew, A.C. George.
Associate Editor: Lakshmi Peter
*Editor, Kerala: Rekha manoj, Moovattupuzha*
*Legal Advisor: Advocate. Dharmajan Pillai*
*Marketing Manager: Reni Kavalayil*

**Mailing Address: 203 Present St., Missouri City, TX 77489**

**Tel. (713) 729 7800 • Fax (832) 947 9256**
**email: editor@pravasinews.net**


Views expressed are those of respective writers and not of PRAVASI or the publishers. Reproduction of editorial or graphic content without permission is prohibited.

# പഴുതുകളുണ്ടാക്കി പ്രതികളെ രക്ഷപ്പെടുത്തുന്നവർ പിടിക്കപ്പെടാതെ പോകുന്ന ദൈവത്തിന്റെ സ്വന്തം നാട്



ബ്ലെസൻ ഹൂസ്റ്റൺ :
blesson houston@gmail.com



പതിനേഴ് വർഷങ്ങൾക്ക് മുൻപ് ഒരു കുടുംബത്തിലെ ഏഴ് പേരെ സയനൈഡ് കൊടുത്ത് കൊലപ്പെടുത്തിയത് കണ്ടുപിടിക്കാൻ കേരളാ പോലീസിന് ദിവസങ്ങൾ മാത്രമെ എടുത്തുള്ളു. തെളിവുകൾ ഇല്ലാത്ത രീതിയിൽ കൊലപ്പെടുത്തിയിട്ടും ശാസ്ത്രീയപരമായിട്ടും വിദഗ്ദ്ധ ചോദ്യം ചെയ്യലിലും പ്രതിയെ പിടിക്കാനുള്ള തെളിവുകൾ കണ്ടെത്തി പ്രതിയെ നിയമത്തിനു മുന്നിൽ കൊണ്ടുവരാൻ കേരളാ പോലീസിനു കഴിഞ്ഞു. പാശ്ചാത്യ രാജ്യങ്ങളിലെ അതിനൂതന കുറ്റാന്വേഷണ സംവിധാനങ്ങളോ സാങ്കേതിക വിദ്യകളോ ഒന്നും തന്നെ ഇല്ലാതായിട്ടു കൂടി ആ കേസിന് തുമ്പുണ്ടാക്കാൻ കേരളാ പോലീസിനു കഴിഞ്ഞെങ്കിൽ ആ കഴിവിനെ അംഗീകരിക്കുക തന്നെ വേണം. വളരെയേറെ പരിമിതികൾക്കും പരിവട്ടങ്ങൾക്കുമിടയിൽ നിന്നു കൊണ്ട് കുറ്റം തെളിയിക്കാൻ കേരളാ പോലീസിനു കഴിയുന്നെങ്കിൽ അതുപോലെ തന്നെ എത്ര തെളിവുകൾ മുന്നിലുണ്ടെ ങ്കിലും ആ പ്രതിക്ക് വിലങ്ങു വയ്ക്കാതെ അയാളെ രക്ഷിക്കാനും കേരളാ പോലീസിനു കഴിയും കഴിഞ്ഞിട്ടുമുണ്ട്. രാഷ്ട്രീയ ഭരണവർഗ്ഗത്തിന്റെ കൂച്ചുവിലങ്ങ് ഉണ്ടാകുകയോ പ്രതിപട്ടികയിലുള്ളവരുടെ കീശയിലെ കാശിൽ മയങ്ങിപ്പോകുകയോ ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് വാദിയെ പ്രതിയാക്കാനും ദൃക്സാക്ഷികളുണ്ടെങ്കിലും പ്രതികൾക്കെതിരെ തെളിവില്ലാതാക്കാനും കഴിയും.

അതു തന്നെയാണ് കേരള ജനതയുടെ നൊമ്പരമായിതീർന്ന വാളയാറിലെ പെൺകുട്ടികളുടെ കൊലപാതകത്തിലും സംഭവിച്ചിരിക്കുന്നത്. മതിയായ തെളിവുകൾ നിരത്താൻ പ്രോസിക്യൂഷന് കഴിയാതെ പോകുകയോ ഇല്ലാത്ത സാഹചര്യത്തിലോ കുറ്റം ചുമത്തപ്പെട്ടവർക്ക് എതിരെ ശിക്ഷാ നടപടികൾ എടുക്കാൻ കഴിയില്ലെന്ന കണ്ടെത്തലാണ് കോടതിയിൽ നിന്ന് പ്രതികളെ വെറുതെ വിട്ടുകൊണ്ടുള്ള ഉത്തരവിന് കാരണമെന്നതത്രെ. തെളിവുകൾ കണ്ടെത്തി പ്രതികളെ കോടതിക്കു മുന്നിൽ ഹാജരാക്കേണ്ട ഉത്തരവാദിത്വം അന്വേഷണ ഉദ്യോഗസ്ഥർക്കാണുള്ളത്.

ഒരു വ്യക്തി കൊല്ലപ്പെടുകയോ അസ്വാഭാവികമായി മരണപ്പെടുകയോ ചെയ്യുകയോ അതല്ലെങ്കിൽ മരണപ്പെട്ട വ്യക്തിയുടെ മരണത്തിൽ ആരെങ്കിലും സംശയമോ ദുരൂഹതയോ ആരോപിക്കുകയോ ചെയ്താൽ അതിനുമേൽ പ്രാരംഭ നടപടിയെടുക്കേണ്ടത് പോലീസാണ്. പ്രാഥമിക അന്വേഷണത്തിൽ കൂടി മതിയായ തെളിവുകൾ ലഭിച്ചില്ലെങ്കിൽ കൂടി അതിന്റെ സത്യാവസ്ഥ കണ്ടെത്തേണ്ട ഉത്തരവാദിത്വം പോലീസിനാണ്. അഡ്മിനിസ്ട്രേറ്റീവ് ജുഡീഷ്യറിയുടെ അനുവാദത്തോടുകൂടി പോസ്റ്റ്മോർട്ടം ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾക്ക് നേതൃത്വം നൽകേണ്ട ഉത്തരവാദിത്വം പ്രാദേശീക പോലീസ് വിഭാഗത്തിനാണ്. പോസ്റ്റുമോർട്ടത്തിൽ കൂടി കണ്ടെത്തിക്കഴിഞ്ഞാൽ അതിന്റെ പിന്നിലെ കാരണവും കാരണക്കാരേയും കണ്ടെത്തേണ്ട ചുമതല അന്വേഷണ ഉദ്യോഗസ്ഥർക്കാണ്. പാശ്ചാത്യ രാജ്യങ്ങളിൽ അതിനു പ്രത്യേക വിഭാഗമുണ്ടെങ്കിലും നമ്മുടെ കേരളത്തിൽ പ്രാരംഭ അന്വേഷണവും മറ്റും പ്രാദേശിക പോലീസിനാണ്.

കേസുകൾ അട്ടിമറിക്കപ്പെടുന്നതും കേസുകൾക്ക് തെളിവുണ്ടാകുന്നതും എല്ലാം ആദ്യം നടക്കുന്നത് പ്രാദേശിക പോലീസിന്റെ അന്വേഷണത്തിലാണ്. കേസിന് തുമ്പുണ്ടാകുന്നതും തുമ്പുണ്ടാക്കുന്നതും അവിടെയാണ്. അത് ആ അന്വേഷണത്തിന് നേതൃത്വം നൽകുന്ന ഉദ്യോഗസ്ഥനെ ആശ്രയിച്ചിരിക്കും. മറ്റൊരു രീതിയിൽ പറഞ്ഞാൽ അവരുടെ മനോഭാവവും സ്വഭാവ രീതിയുമനുസരിച്ചായിരിക്കും. അഴിമതിയും ധനമോഹിയുമായ ഉദ്യോഗസ്ഥനാണെങ്കിൽ രാഷ്ട്രീയക്കാർക്ക് പ്രിയപ്പെട്ടവനും ഭരണചക്രം തിരിക്കുന്നവരുടെ ഇംഗിതത്തിനു വഴങ്ങി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥനുമാണെങ്കിൽ കേസ് ഏത് രീതിയിലും അട്ടിമറിക്കപ്പെടാം. കൊലപാതകത്തെ കൈയ്യബദ്ധമായോ അസ്വാഭാവിക മരണത്തെ സ്വാഭാവിക മരണമായോ ഒക്കെ മാറ്റാൻ ആ ഉദ്യോഗസ്ഥനു കഴിയും. അദ്ദേഹം അതിനു തക്കതായ തെളിവുകളുമായി കേസിൽ അന്വേഷണം നടത്തുകയും കേസിനെ അട്ടിമറിക്കപ്പെടുകയും ചെയ്യാൻ കഴിയും. എന്നാൽ നിഷ്പക്ഷവും നീതിപൂർവ്വവുമായ അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥനാണെങ്കിൽ ആ അന്വേഷണത്തിൽ നീതി പ്രതീക്ഷിക്കാം. എന്നാൽ പ്രതി ശക്തനും ഭരണ മുന്നണിയിൽ സ്വാധീനമുള്ളവനുമാണെങ്കിലും കേസ് അട്ടിമറിക്കും. ആദർശ ധീരനായ സത്യസന്ധനായ അന്വേഷണ ഉദ്യോഗസ്ഥനെ കേസ്സന്വേഷണത്തിന്റെ ചുമതലയിൽ നിന്ന് മാറ്റുകയോ സ്ഥലം മാറ്റപ്പെടുകയോ ചെയ്താൽ മതിയാകും. ഇനിയും കേസ് വിവാദമായാൽ അത് ക്രൈംബ്രാഞ്ചിന് കൈമാറുകയെന്നതാണ് മറ്റൊരു രീതിയെങ്കിൽ അതിലും അട്ടിമറികൾക്ക് ഏറെ സാദ്ധ്യതയുണ്ട്.

ഏത് അന്വേഷണത്തെയും അട്ടിമറിക്കാൻ ഭരണത്തിലിരിക്കുന്നവർക്കും അവർക്കുവേണ്ടി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കും കഴിയുമെന്നതിന്റെ തെളിവാണ് തെളിവുകൾ ഏറെയുണ്ടായിട്ടും വാളയാറിലെ പ്രതികളെ രക്ഷപ്പെടുത്താൻ പഴുതുകളൊരുക്കിയ അന്വേഷണ ഉദ്യോഗസ്ഥരുടെ അന്വേഷണ രീതി. അവർ അതിനായി കണ്ടെത്തിയ പഴുതുകളാണെങ്കിൽ ഏറെ വിചിത്രമായതുമാണ്. കുട്ടിത്തം മാറാത്ത പ്രായത്തിൽ സ്വന്തം ഇഷ്ടപ്രകാരം ശാരീരികബന്ധത്തിൽ ഏർപ്പെട്ടുയെന്നതാണ് അവരുടെ കണ്ടെത്തലെങ്കിൽ കേരളത്തിൽ ഏതന്വേഷണത്തേയും അട്ടിമറിക്കാൻ കഴിയുന്ന ഉദ്യോഗസ്ഥരും ഉണ്ടെന്നു ചിന്തിക്കണം. അവരുടെ അന്വേഷണ റിപ്പോർട്ടിന്മേൽ യാതൊരു സംശയവും നൽകാതെ അംഗീകരിച്ച നീതിപീഠത്തിന്റെ പ്രവർത്തിയും ചിന്തിക്കേണ്ടതാണ്.

നൂറ് ശതമാനം സാക്ഷരതയെന്നതിൽ ഊറ്റം കൊള്ളുന്ന കേരളത്തിലാണ് ഇത്തരത്തിലൊരു അന്വേഷണ റിപ്പോർട്ടും അതിൽ അതിശയമോ അത്ഭുതമോ ഒന്നും തോന്നാത്ത രീതിയിലുള്ള വിധി പ്രഖ്യാപനവും വന്നതെങ്കിൽ മലയാളിക്ക് ഉത്തരേന്ത്യയെ നോക്കി കരയാനോ പ്രതിഷേധിക്കാനോ ഉള്ള അവകാശമില്ല. നീതി നിഷേധവും നിയമ നിഷേധവും നടക്കുന്ന ഉത്തരന്ത്യേയിൽ നോക്കി ആക്രോശം കൊള്ളുന്ന നാം സ്വന്തം മുറ്റത്ത് അതിലപ്പുറം നടക്കുന്നുണ്ട് എന്ന വസ്തുത കണ്ടില്ലെന്നു നടിക്കുന്നുയെന്നതിന്റെ തെളിവാണ് വാളയാർ.

വാളയാറിൽ പ്രതികൾ നിയമത്തിന്റെ മുന്നിൽ നിന്ന് രക്ഷപ്പെട്ടെങ്കിൽ അതിനു കാരണക്കാർ ആ കേസ് അന്വേഷണ ഉദ്യോഗസ്ഥരാണ്. കാരണം രക്ഷപ്പെടാനുള്ള പഴുതുകളെല്ലാം ഒരുക്കി കൊടുത്തുകൊണ്ട് കേവലം ഒരു അറസ്റ്റ് എന്ന നാടകം മാത്രമാണ് അവരുടെ ഭാഗത്തു നിന്ന് ഉണ്ടായിട്ടുള്ളതു തന്നെ. വാളയാറിൽ മാത്രമല്ല കേരളത്തിൽ ഇത്തരത്തിൽ എത്രയോ സംഭവങ്ങൾ ഇതിനു മുൻപ് ഉണ്ടായിട്ടുണ്ട്. സിസ്റ്റർ അഭയ കൊലക്കേസ് മുതൽ ആ പരമ്പര നീളുന്നുണ്ട്. അന്വേഷണമെന്ന ഒരു പ്രഹസ്സനം നടത്തി പ്രതികളെന്നു സംശയിക്കുന്നവരെ ചോദ്യം ചെയ്ത് കേവലം അറസ്റ്റ് എന്ന ഒരു കർമ്മം നടത്തിക്കഴിഞ്ഞാൽ അന്വേഷണ ഉദ്യോഗസ്ഥർക്ക് തങ്ങളുടെ ഉത്തരവാദിത്വത്തിൽ നിന്ന് തടിയൂരാമെന്നതാണ് ചിന്ത. കാശുള്ളവന് പഴുതുകളൊരുക്കിയും ഇല്ലാത്തവന് വിലങ്ങിട്ടും ഇത്തരം അന്വേഷണ രീതി തുടങ്ങിയിട്ട് കാലം ഏറെയായെങ്കിൽ അതിനു കാരണം പഴുതുകളൊരുക്കുന്ന ഉദ്യോഗസ്ഥർ പിടിക്കപ്പെടാതെ പോകുന്നുയെന്നതാണ്. ഈ അടുത്ത കാലത്ത് ചില സംഭവങ്ങളിൽ അന്വേഷണ ഉദ്യോഗസ്ഥരുടെ കൃത്യവിലോപത്തിൽ കുറ്റക്കാരായി കണ്ടെത്തുകയും അവർക്കെതിരെ നടപടിയുണ്ടാക്കുകയും ചെയ്തതൊഴിച്ചാൽ ഭൂരിഭാഗം സംഭവങ്ങളിലും കോടതി ഒരു പരാമർശനം നടത്തി അന്വേഷണ ഉദ്യോഗസ്ഥർക്കെതിരെ നടപടിയൊന്നും ഉണ്ടാകാറില്ല. അതുകൊണ്ടു തന്നെ ഇത് ആവർത്തിച്ചുകൊണ്ടേയിരിക്കും.

കുറ്റം ചെയ്തവരെപ്പോലെ തന്നെ ശിക്ഷാർഹരാണ് കുറ്റം ചെയ്തവരെ സംരക്ഷിക്കുന്നവരും. എന്നാൽ ഇവരിലൊന്നും പെടാത്തവരാണ് കുറ്റം ചെയ്തവർക്ക് പഴുതുകൾ സൃഷ്ടിച്ച് അവരെ രക്ഷപ്പെടുത്തുന്ന അന്വേഷണ ഉദ്യോഗസ്ഥർ. എന്നാൽ അവരെ ശിക്ഷിക്കാനോ അവർക്കെതിരെ നടപടിയെടുക്കാനോ കഴിയാറില്ല. കാരണം അതിനുള്ള തെളിവുകൾ ഇല്ലാത്ത രീതിയിലായിരിക്കും അവരുടെ പ്രവർത്തികൾ. അന്വേഷണത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരെ കണ്ടെത്തുകയും അവർക്കെതിരെ നടപടിയെടുക്കുകയും ചെയ്യാനുള്ള സംവിധാനം ഉണ്ടായാൽ അന്ന് തീരും ഇത്തരത്തിലുള്ള സംഭവങ്ങൾ.


പഴുതുകൾ എന്ന പിഴവുകൾ കണ്ടെത്തുന്നപക്ഷം അവർക്കെതിരെ നടപടിയെടുക്കാൻ ശക്തമായ സംവിധാനം ഉണ്ടെന്നുള്ള ചിന്താഗതി വന്നാൽ പോലും ഇതിന് അറുതി വരുത്താൻ കഴിയും. കള്ളനെ പിടിച്ചാൽ മാത്രം പോരാ കള്ളനു പായ് വിരിച്ചവനെയും പിടിമുറുക്കുന്ന നിയമവും നിയമ സംഹിതയും ഉണ്ടാകണം. ഏത് നിയമം കൊണ്ടുവന്നാലും അതിൽ നിന്ന് എങ്ങനെ രക്ഷപ്പെടാമെന്നും രക്ഷപ്പെടുത്താമെന്നും ചിന്തിക്കുന്ന നിയമ വിദഗ്ദ്ധരുണ്ടെങ്കിൽ അതിനും പഴുതുകൾ കണ്ടെത്തുമെങ്കിലും ഒരു പരിധിവരെ ഇത്തരം പിഴവുകളും ഉദ്യോഗസ്ഥരുടെ അനാസ്ഥയും നിയന്ത്രിക്കാനും ഏറെക്കുറെ അവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരാനും കഴിയും. ആ ഭയം അവരിലുണ്ടെങ്കിൽ അത്തരം പ്രവർത്തികൾ നിയന്ത്രിക്കാൻ കഴിയും.

ഇനിയും മൂന്നാമതൊരു കൂട്ടരാണ് സർക്കാർ ശമ്പളവും വാങ്ങി ഇരയ്ക്കൊപ്പമെന്ന പേരിൽ പ്രതിക്കൊപ്പം നിൽക്കുന്ന പബ്ലിക് പൊസിക്യൂട്ടർമാർ. പല കേസ്സുകളിലും പ്രൊസിക്യൂട്ടർമാരും പ്രതികളുടെ അഭിഭാഷകരുമായി ഒത്തുകളി നടത്താറുണ്ടെങ്കിലും അതും ആർക്കും കണ്ടുപിടിക്കാനോ നിയമത്തിനു മുന്നിൽ കൊണ്ടുവരാനോ കഴിയാറില്ല. വാളയാറിൽ പല കൂട്ടുകെട്ടുകൾ ഒന്നിച്ച് വന്ന് പ്രതികളെ രക്ഷപ്പെടുത്തിയപ്പോൾ നിയമത്തിന് വെറും നോക്കു കുത്തിയാകാനെ കഴിഞ്ഞുള്ളു. കാരണം തെളിവുകളുടെ ബലക്ഷയവും പഴുതുകളുടെ വിടവും തന്നെ.

ഈ അവസ്ഥ തുടർന്നാൽ ഇതിനു സമാനമായ സംഭവങ്ങൾ ഇനിയും ആവർത്തിക്കപ്പെടും. ഒരു മെഴുകുതിരി പ്രദക്ഷിണം കൊണ്ടോ സോഷ്യൽ മീഡിയ വിപ്ലവം കൊണ്ടോ അതിന് പരിഹാരമാകില്ല. അതൊക്കെ ഒരു ചെറിയ കാലയളവുകൊണ്ട് മാഞ്ഞുപോകും അതിനെ മറക്കാൻ മറ്റൊരു സംഭവവും വിഷയവും വരുന്നതോടെ അതിന്റെ പുറകെ ജനം ഓടും. ഇവിടെ അന്വേഷണ സംവിധാനങ്ങളിൽ ഒരു പൊളിച്ചെഴുത്തും കൂടിയേ തീരു. ഒരു കേസന്വേഷിച്ചാൽ അത് കോടതിയിൽ പരാജയപ്പെട്ടാൽ അതിന്റെ ഉത്തരവാദിത്വത്തിന്റെ പ്രഥമ പങ്ക് അന്വേഷണ ഉദ്യോഗസ്ഥർക്കാരിയിക്കും. അതിനുശേഷം അതുമായി ബന്ധപ്പെട്ട മറ്റുള്ള വിഭാഗത്തിനും ഒപ്പം പബ്ലിക് പ്രൊസിക്യൂട്ടർ ഉൾപ്പെടെ ഉള്ളവർക്കുമായിരിക്കും. അവരെക്കൊണ്ട് ഉത്തരം പറയിപ്പിക്കാൻ സർക്കാർ സംവിധാനത്തിനു കഴിയണം. അന്ന് ഒരു പരിധിവരെ ഇതിനൊരു പരിഹാരമാകുമെന്ന് പ്രതീക്ഷിക്കാം.

**പനച്ചി ഡോട്ട്കോം**





*ജോസ് പനച്ചിപ്പുറം*

## ധ്യാനത്തിന്റെ വയനാടൻ അരൂപി

ധ്യാനത്തിന്റെ അരൂപിക്കു രൂപമില്ല; അതൊരു മാനസികാവസ്ഥയാണ്. അതു ധ്യാനത്തിന്റെ അരുവിയായി തിരുത്തിയെഴുതിയത് കഥാകാരൻ ജെ.കെ.വിയാണ്. അതും ശരിയാണ്. ധ്യാനം ഒരു അരുവിയാണ്; ധ്യാനപ്പുഴ. ധ്യാനനിമഗ്നനോനിമഗ്നയോ ആകുന്നയാൾ രൂപമില്ലാപ്പുഴയിൽ ഒഴുകിയൊഴുകിപ്പോകുന്നു.


കാലപ്രവാഹത്തിലൊരു ധ്യാനപ്രവാഹം. വയനാടിന്റെ ദേശീയ എംപി രാഹുൽഗാന്ധി ധ്യാനത്തിലാണെന്നാണ് പത്രവാർത്തകൾ. അരുവി വിദേശത്തെവിടെയോയാണത്രെ. വാസ്തവത്തി? വയനാട് എംപി ധ്യാനമിരിക്കേണ്ടത് വയനാട്ടി? തന്നെയല്ലേ? പ്രകൃതിരമണി പാട്ടുപാടിക്കളിക്കുന്ന വയനാട്ടിൽ ധ്യാനിക്കാൻ പറ്റിയ ഒരുപാടു സ്ഥലങ്ങളുണ്ടെന്നാണ് അപ്പുക്കുട്ടന്റെ പൊതുവിജ്ഞാനം.

വയനാട്ടിലെ പക്ഷിപാതാളം തീർച്ചയായും ധ്യാനത്തിനു യോജിച്ച സ്ഥലമാണ്. ധ്യാനത്തിന്റെ പാതാളത്തോളം ഇറങ്ങിയിറങ്ങിപ്പോകാൻ പക്ഷിപാതാളം സഹായിക്കാതിരിക്കില്ല. എടക്കൽ ഗുഹയാണ് ധ്യാനയോഗ്യമായ മറ്റൊരു സ്ഥലം. നമ്മുടെ പ്രധാനമന്ത്രി അടുത്തകാലത്ത് കേദാർനാഥിലെ രുദ്ര ഗുഹയിൽ പോയത് ധ്യാനിക്കാൻ നല്ല വിഷയമാണ്. ബാണാസുര മലകളും ധ്യാനത്തിനു പറ്റിയതു തന്നെ. ഇതിഹാസകാലത്ത് നമ്മുടെ മഹാമുനിമാർ പർവതങ്ങളിലിരുന്നാണല്ലോ ധ്യാനിച്ചിരുന്നത്. .

മലകളെക്കാൾ തലയുയർത്തിനിൽക്കുന്നതു കൊടുമുടികളായതിനാൽ വയനാട്ടിലെ തന്നെ ചെമ്പ്ര കൊടുമുടി ധ്യാനത്തിനു തിരഞ്ഞെടുത്താൽ അത്യുത്തമം. ധ്യാനത്തിന്റെ ഉത്തുംഗശൃംഗം കയറാൻ മറ്റൊരു മുടി വേണ്ട. ഇതിലേതെങ്കിലുമൊന്നു തിരഞ്ഞെടുത്ത് ചമ്രംപടിഞ്ഞിരുന്നോ നീണ്ടുനിവർന്നു കിടന്നോ ഒറ്റക്കാലിൽ നിന്നോ രാഹുൽ എംപിക്കു ധ്യാനിക്കാം.

വയനാടൻ കാടുകളിൽ ചിതൽപ്പുറ്റുകൾ ധാരാളമുണ്ട്. ധ്യാനത്തിൽ സ്വയം നഷ്ടപ്പെടുന്ന അവസ്ഥയിൽ ചിതൽപ്പുറ്റു വന്നു മൂടാൻ പോലും സാധ്യതയുണ്ട്. ചിതൽപ്പുറ്റ് എന്ന വല്മീകം വന്നു മൂടിയതുകൊണ്ടാണ് ആദികവി വാല്മീകിയായതെന്നോർത്താൽ ധ്യാനം കാവ്യാത്മകമാകും.

എംപിമാരും എംഎൽഎമാരുമൊക്കെ ദിവസവും അരമണിക്കൂർ ധ്യാനിക്കുന്നതു ജനാധിപത്യത്തിനു നല്ലതാണ്. ജനങ്ങളെപ്പറ്റിയും ജനകീയ പ്രശ്നങ്ങളെപ്പറ്റിയുമൊക്കെ ധ്യാനിക്കാം. ധ്യാനത്തിൽ പുതിയ പുതിയ ഉൾക്കാഴ്ചകൾ തെളിഞ്ഞുകിട്ടും. കേരളത്തിലേക്കു ധ്യാനിക്കാൻ വന്നിരുന്നെങ്കിൽ രാഹുൽ എംപിക്ക് ഒരു മലയാളിജ്ഞാനിയുടെ ധ്യാനാത്മക ഗ്രന്ഥം അപ്പുക്കുട്ടൻ വായിക്കാൻ കൊടുക്കുമായിരുന്നു: നമ്മുടെ ശ്രീ എം എഴുതിയ 'ഓൺ മെഡിറ്റേഷൻ'





# മുട്ട ഫ്രൈഡ് റൈസ്



*ചേരുവകൾ:*
വേവിച്ച ചോറ് : 2 കപ്പ്
മുട്ട: 7
സവാള: 2
ബീൻസ്: കാൽ കപ്പ് അരിഞ്ഞത്
കാരറ്റ്: കാൽ കപ്പ് അരിഞ്ഞത്
ഇഞ്ചി: ഒരു ചെറിയ കഷണം
വെളുത്തുള്ളി: 3 അല്ലി
പച്ചമുളക്: 6 ചെറുതായി അരിഞ്ഞത്
മഞ്ഞൾപ്പൊടി: കാൽ ടി സ്പൂൺ
ചില്ലി പൌഡർ: 1 ടി സ്പൂൺ
ഗരംമസാലപ്പൊടി: അര സ്പൂൺ
എണ്ണ: 3 ടേബിൾസ്പൂൺ
മല്ലിയില അരിഞ്ഞത്
ഉപ്പ് ആവശ്യത്തിന്

*തയ്യാറാക്കുന്ന വിധം:*

ബസ്മതി റൈസ് , ഒരു ചെറിയ കഷണം പട്ട,ഒരു ഏലക്ക, രണ്ടു ഗ്രാമ്പൂ, ആവശ്യത്തിന് ഉപ്പ് ഇവ ചേർത്ത് കുഴഞ്ഞു പോകാതെ വേവിച്ച് തണുക്കാൻ മാറ്റി വെക്കുക .

കട്ടിയുള്ള ഒരു പാനിൽ എണ്ണ ചൂടാക്കുക. വെളുത്തുള്ളിയും ഇഞ്ചിയും ഇട്ട് വഴറ്റുക ശേഷം സവാള നല്ല ഗോൾഡൻ ബ്രൗൺ ആകുന്നതുവരെ വഴറ്റുക.ശേഷം മഞ്ഞൾപ്പൊടി, ഗരംമസാലപ്പൊടി. മുളക്പൊടി ഇവ ഇട്ട് ഇളക്കുക .

അടിച്ചെടുത്ത മുട്ട ഒഴിച്ചു നന്നായി ഇളക്കി തോരൻ പരുവത്തിലാക്കുക. ബീൻസ്, കാരറ്റ് എന്നിവ ചേർക്കുക . രണ്ടു മിനിറ്റ് ഇളക്കി കൊടുക്കുക . ആവശ്യത്തിന് ഉപ്പു ചേർത്ത് ഇളക്കുക .

ഈ കൂട്ടിലേക്ക് നേരത്തെ വേവിച്ചു വച്ചിരിക്കുന്ന ചോറ് ചേർത്ത് ഇളക്കി , ഒരു മൂന്ന് മിനിറ്റ് തീ കുറച്ചു അടച്ചു വച്ച് വേവിക്കുക. മല്ലിയില കൊണ്ട് അലങ്കരിച്ചു ചൂടോടെ കഴിക്കുക.

## ചിന്താധാര

ജോൺ മാത്യു
മല്ലപ്പള്ളി
johnmathew102@yahoo.com



# 'എന്നും ജീവിക്കുന്നവരുടെ ലോകം'

അമേരിക്കയിൽ സാഹിത്യ-കലാ രംഗങ്ങളിൽ പ്രവർത്തിച്ചവർ നിരവധിയാണ്. ഇവരുടെ ഓർമ്മ നിലനിർത്തുന്നത് എങ്ങനെയാണ്? ഈ ചോദ്യത്തിന് ഉത്തരമായിട്ടാണ് ഹൂസ്റ്റനിലെ കേരള റൈറ്റേഴ്സ് ഫോറത്തിലും ലാനയുടെ ദേശീയ സമ്മേളനത്തിലും ഈ വിഷയം അവതരിപ്പിച്ചത്. അതേ, 'എന്നും ജീവിക്കുന്നവരുടെ ലോകം' എന്ന സങ്കല്പം അല്ലെങ്കിൽ, ചിന്ത വിപുലമായ ചർച്ചകൾക്കും പ്രതികരണങ്ങൾക്കും സമർപ്പിക്കുകയാണ്.

മലയാളികളുടെ അമേരിക്കയിലേക്കുള്ള കുടിയേറ്റം അത്ഭുതപൂർവ്വമായിരുന്നു. തുടക്കത്തിൽ, അല്ല ആദ്യത്തെ ഒരു പതിറ്റാണ്ടുകാലത്തേക്കെങ്കിലും ഇതിന് ആരും അത്ര പ്രാധാന്യം കൊടുത്തിരുന്നില്ല, കുടിയേറിയവർ ഉൾപ്പെടെ! ഏതാണ്ടൊക്കെ 'പേർഷ്യയിൽ' പോകുന്നതുപോലെ, കുറേ പണം സ്വരൂപിച്ച് മടങ്ങിവന്നു സസുഖം 'നീണാൾ വാഴുന്ന' മാനസികാവസ്ഥ പോലും.

എൺപതുകളായപ്പോഴേക്കും മറുനാടൻ മലയാളി സങ്കല്പ കാല്പനികതയുടെ ചുവടുപിടിച്ച് നമ്മുടെ സ്വന്തം സാഹിത്യ പ്രസ്ഥാനത്തിനു തുടക്കവും കുറിച്ചു. തുടർന്ന് മൂന്നു പതിറ്റാണ്ടു കാലംകൊണ്ട് കുടിയേറ്റ അനുഭവഭങ്ങളിൽ അധിഷ്ഠിതമായ എഴുത്തുകൾക്ക് വ്യക്തമായ രൂപം നൽകി. അത് മലയാള സാഹിത്യത്തിലെ ഒരു പാഠഭേദമായി രൂപാന്തരപ്പെടുകയും ചെയ്തു.

സാഹചര്യങ്ങൾ മാറിക്കൊണ്ടിരിക്കുന്നു. ഇന്നത്തെ പുതു കുടിയേറ്റക്കാരോ അതോ പ്രവാസി മനസ്സുള്ളവരോ എങ്ങനെയാണ് തങ്ങളുടെ അനുഭവങ്ങളെ നിർവചിക്കുന്നതെന്ന് കാത്തിരുന്നു കാണാം.

യാഥാർത്ഥ്യത്തിലേക്ക് വരാം. ആദ്യകാല കുടിയേറ്റക്കാർ മാറ്റപ്പെട്ടുകൊണ്ടിരിക്കുന്നു. വിദേശഭൂമിയിൽ മലയാള സാഹിത്യ-കലാ രംഗങ്ങളിൽ പ്രവർത്തിച്ച ഇവരുടെ ഓർമ്മ എങ്ങനെയാണ് നിലനിർത്തുക?

'ഇങ്ങനെയൊരാളെ കേട്ടിട്ടില്ല' കവി ദേവരാജക്കുറുപ്പിന്റെ കൃതികളുടെ ചർച്ചയോട് ആരോ ഒരാൾ പ്രതികരിച്ചത് ഇങ്ങനെയാണ്. എന്തു ചെയ്യാം ദേവരാജ് എഴുത്തു നിർത്തിയിട്ട് കാലം കുറേയായി. അപ്പോൾ 'ജിപ്സൺ' എന്ന നടനെ, കവിയെ ആര് ഓർമ്മിക്കാൻ. ഇതിനുള്ള ഉത്തരമാണ്: "എന്നും ജീവിക്കുന്നവരുടെ ലോകം" ഈ ശേഖരത്തിൽ മൺമറഞ്ഞവരെപ്പറ്റിയുള്ള ഓർമ്മക്കുറിപ്പുകളും ചുരുക്കമായ ജീവിത വിവരങ്ങളും അവരുടെ കൃതികളുടെ ആസ്വാദനവും മാത്രമായിരിക്കും ഉണ്ടായിരിക്കുക!

ജീവിച്ചിരിക്കുന്നവരെപ്പറ്റിയുള്ള എഴുത്തുകൾ ഈ സമാഹാരത്തിൽ ഉണ്ടായിരിക്കുകയില്ല. ജീവിച്ചിരിക്കുന്നവർക്ക് കടന്നുപോയവരെപ്പറ്റി എഴുതാം അങ്ങനെ ഒരാളെപ്പറ്റി പലർക്കും എഴുതാം. അതുപോലെ അവരുടെ കൃതികളും ആസ്വാദനങ്ങളും നിരൂപണങ്ങളും അല്ല വിമർശനങ്ങൾപ്പോലും, വിവിധ ദിശകളിൽ നിന്ന് നോക്കിക്കാണുകയും ആവാം.

പ്രത്യേക ശ്രദ്ധക്ക് ചില കാര്യങ്ങൾ വീണ്ടും: അനുസ്മരണങ്ങൾ ചുരുക്കമായി എഴുതുക. ആസ്വാദനങ്ങൾ നിരൂപണങ്ങൾ തുടങ്ങിയവക്ക് പരിധി നിശ്ചയിക്കുന്നില്ല. ലേഖനങ്ങൾ തെറ്റില്ലാതെ, ടൈപ്പ് ചെയ്ത് വേണം സമർപ്പിക്കാൻ. മലയാളത്തിലോ ഇംഗ്ലീഷിലോ എഴുതാം. ഈ സമാഹാരത്തിന്റെ ഭാഗമാകുന്നതിന് അമേരിക്കയിൽ ജീവിച്ചിരിക്കണമെന്നില്ല. നമുക്ക് പ്രോത്സാഹനം നൽകിയവരെയെല്ലാം ഇവിടെ ആദരിക്കുകയാണ്. മൺമറഞ്ഞവരെപ്പറ്റിയാണ് എഴുതുന്നത്, ഈ സംരംഭം തുടർന്നുകൊണ്ടേയിരിക്കും എന്ന പ്രതീക്ഷയോടെ.! അങ്ങനെ സാഹിത്യ-കലാ രംഗങ്ങളിൽ പ്രവർത്തിച്ചവരുടെ ഓർമ്മ നമുക്ക് നിലനിർത്താം. അവസാനമായി ഈ സമാഹാരം ഒരിക്കലും അവസാനിക്കുന്നില്ല. എഴുതപ്പെടുന്ന ലേഖനങ്ങൾ സാഹിത്യ സംഘടനാ ഭാരവാഹികളെ ഏല്പ്പിക്കുക.

അമേരിക്കയിലുള്ള സാഹിത്യസംഘടനകളെല്ലാം ഇതിന്റെ ഫയൽ സൂക്ഷിക്കുകയും അന്യോന്യം വിവരങ്ങൾ കൈമാറുകയും ചെയ്യുമെന്ന് കരുതുകയാണ്. ക്രമേണ ഇത് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കപ്പെടുമെന്നും ആശിക്കുന്നു. വളരെ ചുരുക്കമായി പറഞ്ഞാൽ നമ്മെപ്പറ്റി മറ്റാരും എഴുതാതെ നമുക്ക് നിലനില്പില്ല, അതുകൊണ്ടുതന്നെ നാം ഓരോരുത്തരും കടന്നുപോയവരെപ്പറ്റി എഴുതി തുടക്കം കുറിക്കാം. ഇപ്പോൾത്തന്നെ എൺപതുകളിൽ എന്നോ മൺമറഞ്ഞ കവി 'ജിപ്സൺ' മുതൽ കഴിഞ്ഞ മാസം അന്തരിച്ച എസ്.കെ. പിള്ള വരെ പതിനഞ്ച് പ്രശസ്ത വ്യക്തികളെപ്പറ്റിയുള്ള അനുസ്മരണക്കുറിപ്പുകൾ ഫയലിലുണ്ട്.

ഈ സംരംഭത്തിന് നമ്മുടെ സാഹിത്യസംഘടനാ ഭാരവാഹികളുടെ സഹ കരണം ഉണ്ടാകുമെന്ന പ്രതീക്ഷയോടെ,

> *മലയാളികളുടെ അമേരിക്കയിലേക്കുള്ള കുടിയേറ്റം അത്ഭുതപൂർവ്വമായിരുന്നു. തുടക്കത്തിൽ, അല്ല ആദ്യത്തെ ഒരു പതിറ്റാണ്ടുകാലത്തേ ക്കെങ്കിലും ഇതിന് ആരും അത്ര പ്രാധാന്യം കൊടുത്തിരുന്നില്ല, കുടിയേറിയവർ ഉൾപ്പെടെ! ഏതാണ്ടൊക്കെ 'പേർഷ്യയിൽ' പോകുന്നതുപോലെ, കുറേ പണം സ്വരൂപിച്ച് മടങ്ങിവന്നു സസുഖം 'നീണാൾ വാഴുന്ന' മാനസികാവസ്ഥ പോലും.*



# അടുക്കള ആഢംബരം കാണിക്കാനുള്ളതല്ല; വാസ്തുവിനെക്കുറിച്ച് ഇവയെല്ലാം അറിയൂ!

വീട് പണിയുമ്പോൾ അടുക്കളയുടെ സ്ഥാനം എവിടെയാകണം എന്നത് പല ആളുകളും ശ്രദ്ധിക്കാതെ പോകുന്ന കാര്യമാണ്. നമ്മുടെ ഊർജത്തിൻെറ പ്രധാന ഉറവിടമായ അടുക്കളുടെ നിർമാണം സ്ഥാനവും അളവും വാസ്തു ശാസ്ത്രവുമനുസരിച്ച് ചെയ്യുന്നത് ആരോഗ്യവും, സ്വസ്ഥതയും സമാധാനവും, നിറഞ്ഞ ജീവിതം പ്രധാനം ചെയ്യും.

പണ്ട് ഇത്തരം കാര്യങ്ങൾ ചിട്ടയോടെ ശ്രദ്ധിച്ചിരുന്നെങ്കിലും ഇന്ന് പലരും അത് മറന്ന് പോവുകയാണ്. ആഢംബരമായ വീട് പണിയുമ്പോൾ അടുക്കളയുടെ സ്ഥാനത്തെക്കുറിച്ചോ വലിപ്പത്തെക്കുറിച്ചോ ആരും ശ്രദ്ധിക്കാറില്ല. അതുകൊണ്ട് തന്നെ വലിയ അടുക്കള പണിതിട്ടും ഒരു നേരത്തെ ഭക്ഷണത്തിന് ബുദ്ധിമുട്ടനുഭവിച്ച നിരവധി കുടുംബങ്ങൾ നമുക്കിടയിൽ തന്നെയുണ്ടെന്നുള്ളതാണ് യാഥാർത്ഥ്യം.

ഇങ്ങനെയൊക്കെയാണെങ്കിലും ശാസ്ത്ര വിധികളെയെല്ലാം മാനിച്ച് അടുക്കള ഒരുക്കുകയും ഭക്ഷണം ഉണ്ടാക്കുകയും ചെയ്യുന്ന ഒരു കൂട്ടർ മറു വശത്ത് ഉണ്ടെന്നുള്ളതും മറന്ന് കൂട. ഇനി അടുക്കളയുടെ വാസ്തു ശാസ്ത്രത്തെ കുറിച്ച് നോക്കാം.

വാസ്തു ശാസ്ത്രമനുസരിച്ച് അടുക്കളയുടെ സ്ഥാനം വടക്കിനിയിലോ കിഴക്കിനിയിലോ ആണ് വേണ്ടത്. ഈ ദിശകളിൽ നിന്നുള്ള വെളിച്ചവും വായുവും അടുക്കളയിലേക്ക് ലഭിക്കുന്നത് നല്ലതാണ് എന്നതുകൊണ്ടു കൂടിയാണിത്. പണ്ട് കാലത്ത് അടുക്കള വീടിനോട് മാറിയായിരുന്നു നിർമിച്ചിരുന്നത്. എന്നാൽ അടുക്കള വീടിനോട് ചേർന്ന് തന്നെ വേണമെന്നും അതല്ല വീടിനോട് അകന്നാണ് വേണമെന്നും ഉള്ള രണ്ട് അഭിപ്രായങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്.

വീട് ഏത് ദിശയിലാണെങ്കിലും ഈശാന കോണാണ് അടുക്കളയ്ക്ക് ഉത്തമ സ്ഥാനം. മറ്റ് മുറികളെ അപേക്ഷിച്ച് അടുക്കളയുടെ വലിപ്പം കുറഞ്ഞിരിക്കണം. മറ്റ് മുറികളേക്കാൾ വലിപ്പം കൂടുകയാണെങ്കിൽ വരവിനേക്കാൾ കൂടുതൽ ചിലവാകും ഉണ്ടാവുക. ഉത്തമമായ ദിക്കിൽ അടുക്കള നിർമിച്ചാൽ സന്തോഷം, അഭിവൃദ്ധി എന്നിവയാണ് ഫലം. ഇതിന് വിരുദ്ധമാണെങ്കിൽ സന്താന ദുഃഖവും കൊടിയ ദാരിദ്ര്യവും അനുഭവിക്കേണ്ടി വരും.

അടുപ്പുകൾ സ്ഥാപിക്കുമ്പോഴും ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. അടുക്കളയുടെ കിഴക്കു മധ്യത്തിലോ വടക്കുകിഴക്ക് കോണിലോ തെക്കുകിഴക്ക് കോണിലോ ആയി അടുപ്പുകൾ സ്ഥാപിക്കാം. തീ കത്തിക്കുന്ന അടുപ്പ് ആണെങ്കിൽ ഒന്ന് അല്ലെങ്കിൽ മൂന്ന് എണ്ണം നൽകുന്നതാണ് ഉചിതം

അടുക്കളയിൽ ഭക്ഷണം പാകം ചെയ്യുന്നത് കിഴക്ക് തിരിഞ്ഞ് നിന്നോ അല്ലെങ്കിൽ വടക്ക് തിരിഞ്ഞ് നിന്നോ ആയിരിക്കണം. ശാസ്ത്രമനുസരിച്ചാണ് അടുക്കള നിർമിച്ചതെങ്കിൽ പിന്നെ ഭക്ഷണം പാകം ചെയ്യുന്നതിനുള്ള ദിക്ക് പ്രത്യേകം പറയേണ്ട ആവശ്യമില്ല.

## ധന നഷ്ടം നിയന്ത്രിക്കാൻ സാധിക്കുന്നില്ലേ? അലമാരയെ സൂക്ഷിക്കണം!




എല്ലാ വീടുകളിലും പൊതുവായി കാണാറുള്ള വസ്തുവാണ് അലമാര. ചിലർ അവശ്യ വസ്തുക്കൾ സൂക്ഷിച്ചു വെക്കാനായി ഇവ ഉപയോഗിക്കുമ്പോൾ മറ്റ് ചിലർ ആഡംബരത്തിനും അലങ്കാരത്തിനുമായാണ് അലമാര വാങ്ങിക്കുന്നത്. അത് കൊണ്ട് തന്നെ പല വസ്തുക്കളിൽ നിർമിച്ചതും പല നിറത്തിലും വലിപ്പത്തിലുമുള്ളതുമായ വ്യത്യസ്തതയാർന്ന അലമാരകൾ ഇന്ന് വിപണിയിൽ ലഭ്യമാണ്.

ഇങ്ങനെയൊക്കെയാണെങ്കിലും തങ്ങളുടെ സമ്പാദ്യം ഭദ്രമായി സൂക്ഷിച്ചു വെക്കാനുള്ള ഇടമായാണ് പൊതുവേ അലമാരയെ കണക്കാക്കുന്നത്. അതുകൊണ്ട് തന്നെ അലമാരയെ വീട്ടിലെ ചില്ലറക്കാരനായി മാറ്റിനിർത്താൻ ആവില്ല. വീട്ടിൽ അലമാര വച്ചിട്ടുള്ള സ്ഥാനത്തിന് വളരെയധികം പ്രാധാന്യമുണ്ട്. ഇതിനെ അനുസരിച്ചായിരിക്കും വീട്ടിൽ ധനത്തിൻെറ വരവും ചിലവും സംഭവിക്കുന്നത് എന്നാണ് വാസ്തുശാസ്ത്രം പറയുന്നത്.

പണം സൂക്ഷിക്കുന്ന അലമാര വീട്ടിൽ കൃത്യ സ്ഥാനത്തല്ല ഉള്ളത് എങ്കിൽ തീർച്ചയായും അനാവശ്യ ചിലവുകൾ ഉണ്ടാകാം. വരുമാനം കൃത്യമായി ലഭിക്കുമെങ്കിലും അപ്രതീക്ഷിത ചിലവുകളിലൂടെ പണം നിങ്ങളുടെ കയ്യിൽ നിന്നും ഒഴുകിക്കൊണ്ടേ ഇരിക്കും. ഇത് സ്ഥിരമായി ആവർത്തിക്കുകയും ചെയ്യും.

*എന്താണ് പ്രതിവിധി?*: വാസ്തു പ്രകാരം നമ്മുടെ വീട്ടിൽ ഓരോ വസ്തുക്കൾ വെക്കുന്നതിനും അതിൻേറതായ സ്ഥാനമുണ്ട്. ഇതിന് വിരുദ്ധമായാണുള്ളത് എങ്കിൽ തീർച്ചയായും ദോഷഫലങ്ങളുമുണ്ടാകും. അവയെ കണ്ടെത്തി പ്രതിവിധി ചെയ്യുന്നതാണ് ഏറ്റവും നല്ലത്. വീട്ടിൽ യാതൊരു കാരണ വശാലും അലമാര വെക്കാൻ പാടില്ലാത്ത ഇടങ്ങളാണ് ഈശാന കോണും അഗ്നി കോണും. ഇത് നിങ്ങളുടെ സമ്പത്ത് നഷ്ടപ്പെടുത്തുന്നതിന് കാരണമാകും.

*ഈശാനകോൺ:* വീടിൻെറ ഈശാന കോൺ അഥവാ വടക്ക് കിഴക്ക് ഭാഗത്ത് അലമാര വെക്കാൻ പാടില്ല. ഈശാന കോൺ പൊതുവേ കിണറിനുള്ള സ്ഥാനമായാണ് കണക്കാക്കാറ്. അതുകൊണ്ട് തന്നെ ഈ ദിക്കിൽ അലമാര വെച്ചാൽ, വെള്ളത്തിലൊഴുക്കി കളയുക എന്ന ചൊല്ല് അന്വർത്ഥമാക്കുന്ന പോലെ ധനം കണക്കില്ലാതെ നഷ്ടപ്പെടും. എത്ര രൂപ കയ്യിൽ ലഭിച്ചാലും അത് ചിലവായിക്കൊണ്ടേ ഇരിക്കും. അതുകൊണ്ട് തന്നെ വടക്ക് കിഴക്കേ മൂലക്ക് ഒരു കാരണ വശാലും അലമാര വെക്കാൻ പാടില്ല.

*അഗ്നി കോൺ:* തെക്ക് കിഴക്കേ മൂല എന്നാൽ അഗ്നി കോണാണ്. ഇവിടെ അലമാര വെച്ച് അതിൽ പണം സൂക്ഷിക്കുന്നത് തീയിലിട്ട് ചുട്ടെരിക്കുന്നതിന് തുല്യമാണെന്നാണ് വിശ്വാസം. കൂടാതെ അഗ്നി കോണിൽ അലമാര വെച്ചാൽ സമ്പാദ്യത്തിൻെറ ഏറിയ പങ്കും ആശുപത്രിവാസങ്ങൾക്കും മരുന്നുകൾക്കുമായി ചിലവഴിക്കേണ്ടി വരും

*അലമാര വെക്കാൻ ഉത്തമ സ്ഥാനം:* വീടിൻെറ തെക്ക് പടിഞ്ഞാറേ മൂല അഥവാ കന്നിമൂലയാണ് അലമാര വെക്കാൻ ഏറ്റവും ഉചിതമായ സ്ഥലം. വിഘ്നനാശകനായ ഗണേശ ഭഗവാൻെറ സ്ഥാനമായാണ് കന്നിമൂല കണക്കാക്കുന്നത്. അതുകൊണ്ട് തന്നെ ഈ ഭാഗത്ത് അലമാര വെക്കുകയാണെങ്കിൽ നിങ്ങൾക്കുണ്ടാകുന്ന അനാവശ്യ ചിലവുകളെ വിഘ്നേശ്വരൻ തട്ടിമാറ്റുമെന്നാണ് വിശ്വാസം.

കന്നിമൂലയിൽ അലമാര വെക്കുമ്പോൾ മുൾഭാഗം കിഴക്ക് ദർശനമായോ വടക്ക് ദർശനമായോ വെക്കുന്നതാകും ഉചിതം. മറ്റൊരു കാര്യം അലമാരയിൽ സൂക്ഷിക്കുന്ന പണം ഗണപതി സങ്കല്പത്തിൽ മഞ്ഞ തുണിയിൽ പൊതിഞ്ഞു വെക്കുന്നത് ഏറെ ഐശ്വര്യ പ്രദമായിരിക്കും. ഒപ്പം ല്കഷ്മീ ദേവിയുടെ ഫോട്ടോ അടുത്തായി വെക്കുന്നതും ഉത്തമമാണ്.

മറ്റൊരുകാര്യം ശ്രദ്ധിക്കേണ്ടത്, നിത്യോപയോഗത്തിനായി കന്നിമൂലയിലെ അലമാരയിൽ നിന്നും ദിവസവും പണം എടുക്കുന്നതിനു പകരം ഒരു ചെറിയ തുക ഇതിനായി വടക്ക് പടിഞ്ഞാറേ ദിക്കിൽ സൂക്ഷിക്കുന്നതായിരിക്കും ഉത്തമം. ഇത്തരം ചെറിയ കാര്യങ്ങളിൽ ഒന്നു ശ്രദ്ധിച്ചാൽ സമ്പത്ത് നിങ്ങളുടെ കൂടെത്തന്നെയുണ്ടാകും.

## വീടിനുചുറ്റും ഏതെല്ലാം മരങ്ങൾ നടാം? ഈ മരങ്ങൾ നടുന്നത് ദോഷഫലം ചെയ്യും

ഒരു വ്യക്തി താമസിക്കുന്ന വീടിൻെറ ചുറ്റുപാടിലുള്ള വൃക്ഷങ്ങൾക്ക് ആ വ്യക്തിയെ സ്വാധീനിക്കാൻ കഴിയും. വീടിന് സമീപം ശരിയായ സ്ഥാനത്തല്ലാതെ വളരുന്ന ചെടികൾ നിരവധി ദോഷഫലങ്ങൾ ഉണ്ടാക്കും.

വാസ്തുശാസ്ത്രത്തിൽ മൂന്ന് തരം വൃക്ഷങ്ങളെക്കുറിച്ച് പറയുന്നുണ്ട്. അന്തഃസാര വൃക്ഷങ്ങൾ, സർവ്വസാര വൃക്ഷങ്ങൾ, ബഹിർസാര വൃക്ഷങ്ങൾ എന്നിവയാണവ.

അന്തഃസാര വൃക്ഷങ്ങൾ വീടിൻെറ അടുത്തും, സർവ്വസാര വൃക്ഷങ്ങൾ കുറച്ച് മാറിയും, ബഹിർസാര വൃക്ഷങ്ങൾ അതിന് അപ്പുറത്തും വച്ച് പിടിപ്പിക്കാം. കാഞ്ഞിരം, ചേര്, കഴനി, താന്നി, കള്ളി, മുരിങ്ങ, എരുക്ക്, കരങ്ങാഴി തുടങ്ങിയവ വീട്ടിൽ വച്ച് പിടിപ്പിക്കരുത്. നെല്ലി, കുമിഴ്, കൂവളം, അശോകം, ഞാവൽ, , വേങ്ങ, ചെമ്പകം, വേപ്പ്, കടുക്കാമരം, ദേവതാരം, നെന്മേനി, വാക എന്നിവ വീട്ടിൽ വച്ച് പിടിപ്പിക്കാം. മുല്ല, കനകാംബരം തുടങ്ങിയ പുഷ്പങ്ങൾ നൽകുന്ന ചെടികൾ വീടിൻെറ ഏത് ദിക്കിലും നടാം. എന്നാൽ, മുരിങ്ങ, പൂള എന്നിവ വീടിന് സമീപത്ത് നടരുത്.


(തുടരും)

### കാവ്യസംഗമം

## പുഷ്പത്തിന്റെ സംഗീതം

ഞാൻ പ്രകൃതിയുടെ നാദത്താൽ
ഉച്ചരിക്കപ്പെട്ടതും ആവർത്തിക്കപ്പെടുന്നതുമായ
അനുകമ്പയുള്ള വചസ്സാണ്.
ഞാൻ ആകാശ കൂടാരത്തിൽ നിന്ന്
ഒരു പച്ച പരവധാനിയിലേക്ക് നിപതിച്ച താരമാണ്.
ഞാൻ ഭൂതഗണങ്ങളാൽ ഗർഭം ധരിച്ച്
വസന്തത്തിന് ജന്മം നൽകിയ
ശിശിരകാലത്തിന്റെ പുത്രിയാണ്.
ഞാൻ വേനൽക്കാലത്തിന്റെ മടിയിൽ
പോറ്റിപുലർത്തപ്പെടുകയും
ശരത്കാലത്തിന്റെ ശയ്യയിൽ ഉറങ്ങുകയും ചെയ്തു.
ഞാൻ പുലരിയിൽ ഇളംകാറ്റുമായി ചേർന്ന്
ഉദയത്തിന്റെ ആഗമനത്തെ വിളംബരം ചെയ്യുന്നു.
സന്ധ്യരാഗം പടരുമ്പോൾ സൂര്യനോട്
വിടപറയുവാൻ ഞാൻ പക്ഷികളോട് ചേരുന്നു.
സമതലങ്ങളെ എന്റെ മനോഹര വർണ്ണങ്ങളാൽ
അലങ്കരിച്ചിരിക്കുന്നു. കാറ്റിനെ എന്റെ
പരിമളത്താൽ സുരഭിലമാക്കിയിരിക്കുന്നു.
ഞാൻ നിദ്രയെ ആശ്ലേഷിക്കുമ്പോൾ
രാത്രിയുടെ കണ്ണുകൾ എന്നെ നോക്കി പരിപാലിക്കുന്നു.
പകലിന്റ ഒറ്റ കണ്ണിലേയ്ക്ക ്ഞാൻ എഴുന്നേറ്റ് തുറിച്ചു നോക്കുന്നു.
ഞാൻ വീഞ്ഞിനു പകരം മഞ്ഞുതുള്ളിയെപാനം ചെയ്യുന്നു.
ഞാൻ പറവകളുടെ ശബ്ദത്തിന്ചെവികൊടുക്കുയും
പുൽക്കൊടിയുടെ ചായ്വിനൊത്ത്താളാത്മകമായി നൃത്തം ചെയ്യുകയും ചെയ്യുന്നു. ഞാൻ പ്രണയികളുടെ ഉപഹാരമാണ്;
വിവാഹാഘോഷത്തിലെ പുഷ്പമാല്യമാണ് ഞാൻ;
നൈമിഷകമായ സന്തോഷത്തിന്റെ ഓർമയാണ്;
മൃതർക്കായ് ജീവിച്ചിരിക്കുന്നവർ നൽകുന്നഅവസാന സമ്മാനമാണ് ഞാൻ;
സന്തോഷത്തിന്റേയും ദുഃഖത്തിന്റേയും ഒരു ഭാഗമാണ് ഞാൻ
പക്ഷെ, ഞാൻ പ്രകാശം കാണുന്നതിനായ് മുകളിലേക്ക് നോക്കുന്നു
ഒരിയ്ക്കലും എന്റെ നിഴലിനേ കാണാൻ താഴേയ്ക്ക് നോക്കാറില്ല
ഇത് മനുഷ്യൻ തീർച്ചയായും അിറഞ്ഞിരിയ്ക്കേണ്ട ജ്ഞാനമാണ്.

*Song Of The Flower*
*(Khalil Gibran)*



(ഭാഷാന്തരം ജി. പുത്തൻകുരിശ്)














# പ്രപഞ്ച രഹസ്യം തേടിയവർക്ക് ഭൗതിക ശാസ്ത്ര നോബൽ






പ്രപഞ്ചം രൂപപ്പെട്ടതെങ്ങനെ ? ഭൂമിയിലെ ജീവന്റെ ഉറവിടം എന്താണ് ? ഈ ചോദ്യങ്ങൾക്ക് ഉത്തരം തേടിക്കൊണ്ടിരിക്കെത്തന്നെ ഓരോ ദിവസവും പുതിയ അറിവുകൾ കൊണ്ട് പുതുക്കപ്പെടുന്നതും അനുദിനം വികസിച്ചുകൊണ്ടിരിക്കുന്നതുമായ ശാസ്ത്രശാഖകളാണ് ജ്യോതിശാസ്ത്രവും പ്രപഞ്ചവിജ്ഞാനീയവും. ഈ മേഖലകളിൽ നിർണ്ണായക വഴിത്തിരിവുകളുണ്ടാക്കിയ മൂന്നു ശാസ്ത്രജ്ഞരാണ് 2019ലെ ഭൗതികശാസ്ത്ര നോബൽ പുരസ്കാരം പങ്കിട്ടത് . പ്രപഞ്ചത്തിന്റെ ഉത്പത്തിയേയും വികാസത്തേയും പറ്റി പഠിക്കുന്ന ശാസ്ത്രശാഖയായ പ്രപഞ്ചവിജ്ഞാനീയത്തിലെ (cosmology) സമഗ്രസംഭാവനക്കാണ് പ്രിൻസ്ടൺ സർവകലാശാലയിലെ ആൽബർട്ട് ഐൻസ്റ്റീൻ പ്രൊഫസറായ ജയിംസ് പീബിൾസിന് പുരസ്കാരത്തുകയുടെ പകുതി ലഭിക്കുക. ഭൂമിക്കപ്പുറം ജീവന്റെ സാധ്യതക്കായുള്ള അന്വേഷണത്തിന്റെ ഭാഗമായത് കൊണ്ടാവാം സൗരയൂഥത്തിന് പുറത്തുള്ള നക്ഷത്രങ്ങളെ ചുറ്റുന്ന ഗ്രഹങ്ങൾ ഇന്നും ചൂടേറിയ അന്വേഷണ വിഷയമാണ്. ഇത്തരത്തിൽ ഒരു സൗരയൂഥേതര ഗ്രഹത്തെ (exoplanet) ആദ്യമായി കണ്ടെത്തിയ ശാസ്ത്രജ്ഞരായ മിഷേൽ മേയർ, ദിദിയെ കിലോസ് എന്നിവരാണ് സമ്മാനത്തുകയുടെ ബാക്കി പങ്കിട്ടത്. മിഷേൽ മേയർ ജനീവ സർവകലാശാലയിലും ദിദിയെ കിലോസ് ജനീവ, കേംബ്രിഡ്ജ് സർവകലാശാലകളിലും പ്രൊഫസർമാരായി നിലവിൽ ജോലിചെയ്യുന്നു.

*പീബിൾസും പ്രപഞ്ചപരിണാമവും*

ആദ്യകാലത്ത് സൈദ്ധാന്തിക തലത്തിൽ മാത്രം വികസിച്ച ഒരു ശാസ്ത്രശാഖയായിരുന്നെങ്കിലും, ഉയർന്ന ശേഷിയുള്ള നിരീക്ഷണോപകരണങ്ങളും ബഹിരാകാശത്ത് സ്ഥാപിച്ച ടെലസ്കോപ്പുകളുമെല്ലാം ഉപയോഗിച്ച് കൃത്യമായ നിരീക്ഷണങ്ങൾ നടത്താൻ കഴിവുള്ള പഠന മേഖലയായി പ്രപഞ്ച വിജ്ഞാനീയം വളർന്നു കഴിഞ്ഞിട്ടുണ്ട്.

ഇന്നത്തെ അവസ്ഥയിലേക്ക് ഈ വിജ്ഞാന ശാഖയെ എത്തിച്ചതിൽ ജയിംസ് പീബിൾസ് ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട്. മഹാവിസ്ഫോടനത്തിന് തൊട്ടുപിൻപുള്ള കാലം മുതലുള്ള പ്രപഞ്ച പരിണാമത്തെ വിജയകരമായി വിശദീകരിക്കാൻ കഴിഞ്ഞിട്ടുള്ള സിദ്ധാന്തമാണ് ബിഗ് ബാംഗ് തിയറി (Big Bang Theory). എന്നാൽ വിസ്ഫോടനം ആരംഭിച്ചത് ഏത് ബിന്ദുവിൽ നിന്നാണെന്നോ സ്ഫോടനത്തിന്റെ കാരണമെന്തെന്നോ ഇന്നും വ്യക്തമല്ല. വിസ്ഫോടനത്തിന് ശേഷമുള്ള ആദ്യ കാലത്ത് അതിഭീമമായ ഊഷ്മാവും സാന്ദ്രതയും ഉള്ള ഒരവസ്ഥയാണ് നിലനിന്നിരുന്നത്. പിന്നീട് പതുക്കെ പ്രപഞ്ചത്തിന്റെ വികാസം ആരംഭിക്കുകയും അതോടൊപ്പം ഊഷ്മാവ് കുറയുകയും ചെയ്തു. ഏതാണ്ട് പതിന്നാല് ദശലക്ഷം വർഷങ്ങൾക്ക് മുൻപാണ് ഇതെല്ലാം സംഭവിച്ചത്. മഹാവിസ്ഫോടനത്തിനു ശേഷം ഏകദേശം നാല് ലക്ഷം വർഷങ്ങൾ കഴിഞ്ഞപ്പോൾ പ്രപഞ്ചം സുതാര്യമാവുകയും പ്രകാശ കിരണങ്ങൾ പ്രപഞ്ചത്തിലൂടെ സഞ്ചരിക്കാൻ തുടങ്ങുകയും ചെയ്തു. ഇലക്ട്രോണുകളും ന്യൂക്ളിയസുകളും കൂടിച്ചേർന്ന് ആറ്റങ്ങൾ രൂപപ്പെട്ടതും ഇക്കാലത്താണ്. മഹാവിസ്ഫോടനം അവശേഷിപ്പിച്ച കിരണങ്ങൾ ഇന്നും ബഹിരാകാശത്തുനിന്ന് നമ്മെത്തേടി വരുന്നുണ്ട്. കോസ്മിക് മൈക്രോവേവ് ബാക്ഗ്രൗണ്ട് റേഡിയേഷൻ എന്നാണ് ഇതറിയപ്പെടുന്നത്. പ്രപഞ്ചോത്പത്തി സംബന്ധിച്ച നിരവധി രഹസ്യങ്ങൾ അവയിൽ നിഗൂഢമായി ഒളിപ്പിക്കപ്പെട്ടിട്ടുണ്ടാവാം.

ഐൻസ്റ്റീന്റെ ആപേക്ഷികതാസിദ്ധാന്തത്തെ അടിസ്ഥാനമാക്കി വികസിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രപഞ്ച മാതൃക ആദ്യം മുന്നോട്ടുവെച്ചത് അലക്സാണ്ടർ ഫ്രീഡ്മാൻ ആയിരുന്നു. പിന്നീട് ജോർജ് ലെമൈത്രെ ഈ സിദ്ധാന്തത്തെ പിന്താങ്ങുകയും ഗാലക്സികൾ തമ്മിൽ അകന്നു പോകുന്നത് പ്രപഞ്ചവികാസത്തിന്റെ സൂചനയാവാം എന്നഭിപ്രായപ്പെടുകയും ചെയ്തു. പ്രപഞ്ചത്തിന്റെ ആരംഭകാലത്തെ ഉയർന്ന താപനിലയും സാന്ദ്രതയും ഊർജ്ജത്തിൽ നിന്ന് ദ്രവ്യം രൂപപ്പെടാൻ കാരണമായിട്ടുണ്ടാവാം എന്ന് ജോർജ് ഗാമോവും സഹപ്രവർത്തകരും അഭിപ്രായപ്പെട്ടു( ഒന്ന് രണ്ട് മൂന്ന് അനന്തം എന്ന പുസ്തകം എഴുതിയ അതേ ഗാമോവ്). പ്രപഞ്ചോത്പത്തിയുടെ ഭാഗമായി രൂപപ്പെട്ട മൈക്രോവേവ് കിരണങ്ങൾ ഇപ്പോഴും പ്രപഞ്ചത്തിലുടനീളം സഞ്ചരിക്കുന്നുണ്ടാകുമെന്നും അദ്ദേഹവും കൂട്ടരും പ്രവചിച്ചു.

പീബിൾസ് ഗവേഷണമാരംഭിക്കുന്ന കാലത്ത് കോസ്മോളജിയിൽ മുന്നോട്ടുപോക്കിനുള്ള സാധ്യതകൾ അടഞ്ഞതുപോലുള്ള അവസ്ഥയായിരുന്നു. എന്നാൽ അതൊന്നും അദ്ദേഹത്തെ നിരാശപ്പെടുത്തിയില്ല. 1965 ൽ ആകസ്മികമായി അർണോ പെൻസിയാസും റോബർട്ട് വിൽസണും കോസ്മിക് മൈക്രോവേവ് കിരണങ്ങളെ കണ്ടെത്തി. ഈ കണ്ടെത്തലിനെ പ്രപഞ്ചോത്പത്തിയുമായി ബന്ധിപ്പിക്കുന്നതിൽ പീബിൾസ് ഉൾപ്പടെയുള്ള ശാസ്ത്രജ്ഞരാണ് പ്രധാന പങ്ക് വഹിച്ചത്. കോസ്മിക് കിരണങ്ങളുടെ നിലവിലെ താപനില സൈദ്ധാന്തികമായി കണക്കുകൂട്ടിയെടുക്കാനും പീബിൾസിന് കഴിഞ്ഞു. മാത്രമല്ല ബിഗ് ബാംഗിന് ശേഷം ഊർജ്ജത്തിൽ നിന്ന് മൂലകങ്ങൾ രൂപപ്പെട്ടതെങ്ങനെ എന്നും പീബിൾസ് വിശദീകരിച്ചു. ഹൈഡ്രജൻ, ഹീലിയം തുടങ്ങിയ ലഘുവായ ഘടനയുള്ള മൂലകങ്ങളാണ് രൂപപ്പെട്ടിരിക്കുക എന്ന് അദ്ദേഹം സൈദ്ധാന്തികമായി വിശദീകരിച്ചു.അതുവരെയുള്ള ധാരണക്ക് വിരുദ്ധമായിരുന്നു ഇത്. പ്രപഞ്ചത്തിലെ ദൃശ്യമായ ദ്രവ്യത്തിന്റെ അളവും അദൃശ്യമായ ശ്യാമദ്രവ്യത്തിന്റെയും (Dark matter) ശ്യാമോർജ്ജത്തിന്റെയും (Dark energy) അളവും കണക്കുകൂട്ടുന്നതിലും പീബിൾസ് പ്രധാന പങ്ക് വഹിച്ചു. പ്രപഞ്ച വികാസത്തിൽ ഡാർക്ക് എനർജിയുടെ പങ്കിനെക്കുറിച്ചും അദ്ദേഹം സിദ്ധാന്തങ്ങൾ അവതരിപ്പിച്ചു. പ്രപഞ്ചവികാസത്തിനുള്ള ആദ്യ തെളിവ് നക്ഷത്രങ്ങളുടെയും ഗാലക്സികളുടെയും ചുവപ്പുനീക്കത്തിലൂടെ കണ്ടെത്തിയത് എഡ്വിൻ ഹബിളും ഹുമേസനും ആയിരുന്നു. പ്രപഞ്ചത്തിലെ ഹൈഡ്രജന്റെയും ഹീലിയത്തിന്റെയും നിലവിലുള്ള അളവ് മൂലകങ്ങളുടെ രൂപപ്പെടൽ സംബന്ധിച്ച പീബിൾസിന്റെ സിദ്ധാന്തത്തെ ശരിവെക്കുന്നു. സാധാരണ ഭൗതികശാസ്ത്രനിയമങ്ങൾ പ്രപഞ്ചവിജ്ഞാനീയത്തിൽ ഉപയോഗിക്കാൻ കഴിയും വിധം ആ ശാസ്ത്രമേഖലയെ വികസിപ്പിച്ചെടുത്തതിൽ ജയിംസ് പീബിൾസിന്റെ പങ്ക് വലുതാണ്. ഈ സംഭാവനകൾ പരിഗണിച്ചാണ് അദ്ദേഹത്തിന് നോബൽ സമ്മാനം നൽകുന്നത്.

*സൗരയൂഥത്തിന് പുറത്തെ ആദ്യഗ്രഹം*

സൗരയൂഥത്തിന് പുറത്ത് ഭൂമിയെപ്പോലെ മറ്റൊരു ഗ്രഹവും അവിടെ ജീവനും ഉണ്ടാകുമോ എന്ന ഭാവനക്ക് നൂറ്റാണ്ടുകൾ പഴക്കമുണ്ട്. എന്നാൽ 1950കളിലാണ് സൗരേതരഗ്രഹങ്ങൾക്കുള്ള സാധ്യത ഓട്ടോ സ്ടൂ?വ് എന്ന ശാസ്ത്രജ്ഞൻ പ്രവചിക്കുന്നത്. 1980 കളിൽ നിരീക്ഷണ സംവിധാനങ്ങൾ വികസിച്ചതോടെ ഇത്തരം ഗ്രഹങ്ങൾക്കായുള്ള അന്വേഷണം തകൃതിയായി. ന്യൂട്ടന്റെ ഗുരുത്വാകർഷണ നിയമ പ്രകാരം പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും പരസ്പരം ആകർഷിക്കുന്നുണ്ട്. താരതമ്യേന അടുത്ത് സ്ഥിതിചെയ്യുന്ന നക്ഷത്രഗ്രഹജോഡികൾ തമ്മിൽ ആകർഷണം സ്വാഭാവികമായും കൂടുതലായിരിക്കും. അതായത് നക്ഷത്രം ഗ്രഹത്തെ ആകർഷിക്കും പോലെ ഗ്രഹം നക്ഷത്രത്തെ തിരിച്ചും ആകർഷിക്കുന്നു. ഇതിന്റെ ഫലമായി നക്ഷത്രം ചലിക്കുകയും അതിൽ നിന്ന് ഭൂമിയിലെത്തുന്ന പ്രകാശത്തിന്റെ തരംഗദൈർഘ്യത്തിൽ വ്യത്യാസമുണ്ടാവുകയും ചെയ്യുന്നു. നമുക്ക് അടുത്തേക്കാണ് നക്ഷത്രത്തിന്റെ ചലനമെങ്കിൽ പ്രകാശത്തിന് നീല(Blue shift) നീക്കവും അകലേക്കാണെങ്കിൽ ചുവപ്പുനീക്കവും (Red shift) ഉണ്ടാകുന്നു. ഡോപ്ലർ പ്രഭാവം എന്നാണ് ഇതറിയപ്പെടുന്നത്. പ്രകാശത്തിന്റെ വ്യതിയാനം അളന്ന് ഗ്രഹത്തിന്റെ മാസും ചലനവേഗതയുമെല്ലാം കണ്ടെത്താം. ഇതേ രീതി പിന്തുടർന്നാണ് മിഷേൽ മേയറും ദിദിയെ കിലോസും ആദ്യത്തെ സൗരയൂഥേതര ഗ്രഹത്തെ കണ്ടെത്തിയത്. ഇതിനായി പുതിയൊരു നിരീക്ഷണോപകരണവും (ELODIE echelle spetcrograph) മിഷേൽ മേയറും കൂട്ടാളികളും വികസിപ്പിച്ചിരുന്നു.

അതുപയോഗിച്ച് 142 നക്ഷത്രങ്ങളെ അവർ നിരീക്ഷിച്ചു. ഗ്രീക്ക് പുരാണത്തിലെ പറക്കും കുതിരയുടെ പേര് നൽകപ്പെട്ട നക്ഷത്രരാശിയാണ് പെഗാസസ്. ഇതിലെ ഒരു നക്ഷത്രമാണ് 51 പെഗാസി. നാല് ദിവസത്തെ ഇടവേളയിൽ നക്ഷത്രത്തിന്റെ ചലനത്തിന് വ്യതിയാനം ഉണ്ടാകുന്നതായി 1994 ൽ മേയറും കിലോസും കണ്ടെത്തി. ഒരു വൻ ഗ്രഹത്തിന്റെ സാന്നിധ്യമാണ് ഇതിനു കാരണമെന്നു മനസ്സിലാക്കുകയും ഗ്രഹത്തിന്റെ മാസ്, ഉപരിതല താപനില, പരിക്രമണ കാലം എന്നിവയെല്ലാം കണക്കാക്കുകയും ചെയ്തു. അങ്ങനെ ആദ്യത്തെ സൗരയൂഥേതര ഗ്രഹത്തെ കണ്ടെത്തി. വ്യാഴത്തോളം വലിപ്പമുള്ള ഗ്രഹം ഇത്ര ചെറിയ കാലയളവ് കൊണ്ട് നക്ഷത്രത്തെ വലംവെക്കുന്നതെങ്ങനെ എന്ന സംശയമുണ്ടായി. എന്നാൽ ഇന്ന് നമുക്ക് തികച്ചും വ്യത്യസ്തമായ പലതരം ഗ്രഹനക്ഷത്ര ജോഡികളെക്കുറിച്ചറിയാം.

മൂവായിരം നക്ഷത്രങ്ങൾക്ക് ചുറ്റുമുള്ള നാലായിരത്തിലേറെ ഗ്രഹങ്ങൾ കണ്ടെത്തിയിട്ടുണ്ട്. സൗരയൂഥത്തിലെ ഗ്രഹങ്ങളുടെ സ്വഭാവത്തിൽ നിന്ന് തികച്ചും വിഭിന്നമായ തരത്തിലുള്ളതാണ് ഇവയിൽ ഏറെയും. ഗ്രഹരൂപീകരണം സംബന്ധിച്ച അറിവുകൾ വിസ്തൃതമാക്കാനും എക്സോപ്ലാനെറ്റുകളുടെ കണ്ടെത്തൽ സഹായിച്ചു. ജലസാന്നിധ്യമുള്ളതും ജീവന് സാധ്യതയുണ്ടാകാവുന്നതുമായ ഗ്രഹങ്ങൾക്കായുള്ള അന്വേഷണങ്ങൾ വ്യാപകമായി നടക്കുന്നു. നക്ഷത്രത്തിന് മുന്നിലൂടെ ഗ്രഹങ്ങൾ കടന്നുപോകുമ്പോൾ ഉണ്ടാകുന്ന പ്രകാശവ്യതിയാനം അളക്കുന്ന രീതിയും(ഗ്രഹസംതരണം) ഗ്രഹങ്ങൾ കണ്ടെത്താൻ ഉപയോഗിക്കുന്നുണ്ട്. കെപ്ലർ ടെലസ്കോപ്പ് പോലുള്ള കൃത്യതയാർന്ന നിരീക്ഷണ സംവിധാനങ്ങൾ ഇതിനു സഹായിക്കുന്നു.

നമ്മുടെ പ്രപഞ്ചത്തിന്റെ ചില രഹസ്യങ്ങളെങ്കിലും അനാവരണം ചെയ്യാൻ സഹായിച്ച ശാസ്ത്രജ്ഞരാണ് ഇത്തവണത്തെ നോബൽ പങ്കിട്ടത്. പ്രപഞ്ചത്തിന്റെ രൂപപ്പെടലും വികാസവും സംബന്ധിച്ച വിവരങ്ങൾ മനുഷ്യന് പൂർണ്ണമായും മനസ്സിലാക്കാൻ കഴിയുന്ന കാലത്തെക്കുറിച്ചുള്ള പ്രതീക്ഷകൾ നൽകുന്നു ഈ പുരസ്കാര ലബ്ധി.

MODERN OPTICAL
www.modernopticals.com
Thousands of Frames To Choose
Bring your prescription and save money.
Eye Doctor available next door.
Designer Frame and Lens @ Wholesale Price
Phone: 281-494-3300 Fax: 281-494-1585
12802 Murphy Rd. Suite C, Stafford, TX 77477

VISA - OCI - PASSPORT
AND ALL RELATED SERVICES
Abraham Mathews
713-984-4567
Email: admin@usindiavisa.com
USINDIA VISA SERVICES
10700 Richmond Avenue, Suite 222
Houston, Texas 77042
CRIMINAL DEFENSE • FAMILY LAW • TRAFFIC VIOLATIONS
Thomas H. Nguyen, Attorney, Call: 713-780-9191
Abraham Mathews, Case Manager, Call: 713-984-4567
The Law Office of Thomas H. Nguyen, PLLC
10700 Richmond Avenue, Suite 222
Houston, TX 77042
MEETING AT THE OFFICE ONLY BY APPOINTMENT

SEHION VAN RENTALS
Tel: 832-844-0001
sehionvanrentals@gmail.com
www.sehiontravels.com
2503 S. Main, Ste. B
Stafford, TX 77477

ALAMO TRAVELS
435 FM 1092 Ste U-1, Stafford, TX 77477
Office: 281-261-3000
www.alamotravels.com
Email: alamotravels07@yahoo.com
25 Years Experience in Travel Industry
BABU CHACKO
Ph: 713.557.8271
TOUR PACKAGES ARE AVAILABLE FOR HOLYLAND, EUROPE, CHINA, ALASKA, GUADALUPE AND INDIA

VnT Custom Cabinets
Carpentry
Stairs & Railing
Counter Top • Painting
Commercial Furnishing
Solar Screen & Blinds
All types of custom wood works
Aji Sankaramangalam
Cel. 713-261-0084
Missouri City, Texas
Varugheseaji@yahoo.com

VENUS TRAVELS
THE WORLD TRAVELING SOLUTION
LAST MINUTE LOW FARES • ANY AIRLINE ANYWHERE IN THE WORLD
Call KK John @ 713-408-0865 or 713-871-0809 . Fax 713-871-0830

Real Estate
Relocation Specialist
Residential & Commercial
I will match any deals and all other offers !
S.K. Cherian
281-513-5961
Email: skcherian@sbcglobal.net
PROMPT REALTY AND MORTGAGE, INC

PASSPORTS & MORE
PASSPORTS, VISA, OCI, CITIZENSHIP, PAN CARD
IMMIGRATION PHOTOS, NOTARY
445 FM 1092 STE. 100 E
STAFFORD, TX 77477
Tel. 281-261-0003
Cel. 281-827-1506
Email: lmcherian@aol.com
Lalu Cherian

SAJ
HEATING & COOLING
Residential & Commercial
Saji Mathew
832-633-4347
RUUD LENNOX Goodman Amana American Standard
Licensed & Insured
Sales, Installation, And Service
Free Estimates for Residential Installation

Joy N Samuel(Realtor)
ABR,GRI,SFR,CNE
832-606-5697 Cell
Full time experienced realtor for all your needs.
PROMPT REALTY AND MORTGAGE, INC
920 FM 1092 #205,
Stafford, TX 77477

A Full Service Travel Agency
Guaranteed Lowest Air Fare & Best Service
ROYAL travel & tours
INTERNATIONAL TOURS
Tel. 281-499-2359 • 832-252-7500
www.royaltravelntours.com
2503 South Main Ste. B, Stafford, TX 77477
email: sales@royaltravelntours.com

For All Your Real Estate Needs
Call: M.P. Lukose (Luke)
New Homes, Resales
HUD/VA Foreclosures
Leasing - Management
Tel. 281-564-1200
Cel. 281-546-7887
Fax. 281-661-3137
MIH Realty
4502 Riverstone Blvd. #1404
Missori City, TX 77459
Email: luke7887@gmail.com

SOUTHERN BLINDS
Custom Blinds
Shutters • Custom Arch
Sunny: 832-455-4984
Wholesale Mfg. • Visit our factory with appointment.
www.southernblinds.us
Email: sunnyforblinds@yahoo.com

Real Estate
Residential & Commercial
Cel. 281-989-5595
Off. 281-499-6767
Fax. 281-499-6868
Email: pphilipose@aol.com
Philip Philipose (Unni)
National Realty
10101 SW Freeway
Houston, TX77074

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവീകദാനം തരികയും എന്റെ ജീവിതത്തിൽ എല്ലാ ദൈവീക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതീക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരുനിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു .

ഈ പ്രാർത്ഥന മൂന്നു ദിവസം അടുപ്പിച്ചു പ്രാർത്ഥിക്കുക. മൂന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുമ്പ് താഴേപ്പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്നു ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കുന്നതിന് വേണ്ടി ആണ്.

താമസിച്ചതിന് ക്ഷമാപണം

By a believer



വാഴ്ത്തപ്പെട്ടമാതാവേ നിന്റെ പ്രാർത്ഥന ഞങ്ങളോടുകൂടെ ഉണ്ടായിരിക്കേണമേ. അമ്മേ നിന്റെ പ്രാർത്ഥനയെ കർത്താവ് കൈക്കൊണ്ടു ഞങ്ങൾക്കു പുണ്യം തരുമാറാകണമെ. കരുണ നിറഞ്ഞ മാതാവെ! കരുണയ്ക്കായി യാചിക്കുന്ന വരുടെ മേൽ കരുണ ചെയ്യുവാൻ കരുണാപൂർണ്ണ നായ നിന്റെ പുത്രനോട് അപേക്ഷിക്കണമേ.

Inserted by
By a believer


## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവീകദാനം തരികയും എന്റെ ജീവിതത്തിൽ എല്ലാ ദൈവീക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതീക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരുനിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു .

ഈ പ്രാർത്ഥന മൂന്നു ദിവസം അടുപ്പിച്ചു പ്രാർത്ഥിക്കുക. മൂന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുമ്പ് താഴേപ്പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്നു ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കുന്നതിന് വേണ്ടി ആണ്.

താമസിച്ചതിന് ക്ഷമാപണം


By a believer

**പരിശുദ്ധ കന്യാ മറിയമേ ഞങ്ങൾക്കുവേണ്ടി പ്രാർഥിക്കണമേ**



ഉദ്ദിഷ്ട കാര്യം സാധിച്ചതിനു നന്ദി

Inserted By
By a believer




**ഉപകാരസ്മരണ**

**വി.യുദാശ്ലീഹായുടെ പ്രാർത്ഥന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യുദാശ്ലീഹായെ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കു വേണ്ടി അപേക്ഷിക്കണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷ വിധിയായി കി ട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോ ഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ! അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തു തികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു ആമേൻ.(ദിവസം 9 പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. 8ാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്കു നിവൃത്തിയുണ്ടാകും. 9 ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാവാതിരിക്കില്ല).

By a believer



O Great St. Joseph of Cupertino who while on earth did obtain from God the grace to be asked at your examination only the questions you knew, obtain for me a like favour in the examinations for which I am now preparing. In return I promise to make you known and cause you to be invoked.
Through Christ our Lord.
St. Joseph of Cupertino,
Pray for us.
Amen.

By a believer



St. Antony pray For Us

ഉദ്ദിഷ്ട കാര്യം സാധിച്ചതിനു നന്ദി

Inserted By
By a believer




**ഉപകാരസ്മരണ**

**വി.യുദാശ്ലീഹായുടെ പ്രാർത്ഥന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യുദാശ്ലീഹായെ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കു വേണ്ടി അപേക്ഷിക്കണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷ വിധിയായി കി ട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോ ഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ! അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തു തികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു ആമേൻ.(ദിവസം 9 പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. 8ാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്കു നിവൃത്തിയുണ്ടാകും. 9 ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാവാതിരിക്കില്ല).

By a believer




For Favors Received:

Mother of Perpetual Help

Inserted by
a believer



ഉദ്ദിഷ്ട കാര്യം

സാധിച്ചതിനു നന്ദി

Inserted By
By a believer




ഉദ്ദിഷ്ട കാര്യം

സാധിച്ചതിനു നന്ദി

Inserted By
By a believer



## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവീകദാനം തരികയും എന്റെ ജീവിതത്തിൽ എല്ലാ ദൈവീക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതീക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരുനിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു .

ഈ പ്രാർത്ഥന മൂന്നു ദിവസം അടുപ്പിച്ചു പ്രാർത്ഥിക്കുക. മൂന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുമ്പ് താഴേപ്പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്നു ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കുന്നതിന് വേണ്ടി ആണ്.

താമസിച്ചതിന് ക്ഷമാപണം

By a believer


# ജോൺ മത്തായി നിര്യാതനായി



ന്യൂജേഴ്സി: ചെങ്ങന്നൂർ പാണ്ടനാട് പുത്തൻകണ്ടത്തിൽ വീട്ടിൽ ജോൺ മത്തായി (82) നവംബർ മൂന്നിനു ന്യൂജേഴ്സിയിൽ നിര്യാതനായി.

തൃശൂർ ചേലക്കര ചെത്തിപ്പുഴ വീട്ടിൽ ഏലിയാമ്മ മത്തായി ആണു ഭാര്യ.

മക്കൾ: ജോൺ, ജെസി, വിൽസൺ, ലീന.

മരുമക്കൾ: റെജി, Mince, ടീന.

കൊച്ചുമക്കൾ: ഗബ്രിയേല, സ്റ്റീഫൻ, കെവിൻ, ക്രിസ്റ്റീന, സാറാ, ജോഷ്വ.

# അന്നമ്മ സെബാസ്റ്റൻ നിര്യാതയായി



കോട്ടയം: വയല കള്ളികുഴുപ്പിൽ പരേതനായ സെബാസ്റ്റ്യന്റെ ഭാര്യ അന്നമ്മ (86) ന്യുയോർക്ക് കോണി ഐലൻഡിൽ നിര്യാതയായി. പരേത പുന്നത്തുറ (കട്ടച്ചിറ) തെനംകാലായിൽ കുടുംബാംഗം.

മക്കൾ: സാലി, സേവ്യർ (ന്യുയോർക്ക്), ജയിംസ് (പെൻസിൽവനിയ), ഗ്രേസി (ന്യൂസിലാൻഡ്).

മരുമക്കൾ: ജോസഫ് സേവ്യർ(ന്യൂയോർക്ക്), റോസിലി (പെൻസിൽവാനിയ), റോയി ഫ്രാൻസീസ് (ന്യൂസിലാൻഡ്).

# പോൾ എൻ. സെബാസ്റ്റ്യൻ നിര്യാതനായി



ഡിട്രോയിറ്റ്: ചങ്ങനാശേരി നീലത്തുംമുക്കിൽ പോൾ എൻ. സെബാസ്റ്റ്യൻ (ബേബിച്ചൻ 72) ഡിട്രോയിറ്റിൽ നിര്യാതനായി.

ഭാര്യ ത്രേസ്യാമ്മ പുളിങ്കുന്ന് ചക്കുപുരയ്ക്കൽ കുടുംബാംഗം.

മകൻ: സിബി.

# കെ.ഐ. വർഗീസ് നിര്യാതനായി



ഹൂസ്റ്റൺ: കോതമംഗലം കുഴിക്കാടൻ കെ.ഐ. വർഗീസ്(87) നവംബർ 1 വെള്ളിയാഴ്ച ഹൂസ്റ്റനടുത്തുള്ള ഷുഗർലാന്റിൽ നിര്യാതനായി.

സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് ഓർത്തഡോക്സ് ചർച്ച് (ഹൂസ്റ്റൺ) അംഗമാണ് പരേതയായ ചിന്നമ്മ വർഗീസാണ് ഭാര്യ.

മക്കൾ: പരേതനായ ജോഷി വർഗീസ്(ചിക്കാഗോ), റോയ് വർഗീസ്(ഹൂസ്റ്റൺ), ഷീബാ മോൻ മാത്യു(ഡാളസ്).

മരുമക്കൾ: റൂബി റോയ്(ഹൂസ്റ്റൺ), മോൻ മാത്യു ജോർജ്ജ്(കൊച്ചുമോൻ, ഡാളസ് .

# ടി. ഇ. കോശി നിര്യാതനായി




ഡാളസ് : വെട്ടിപ്പുറം ഓലിക്കൽ പുത്തൻവീട്ടിൽ ടി.ഇ. കോശി (പാപ്പച്ചൻ) 75 നിര്യാതനായി . മൈലപ്ര മന്നപുഴ കുടുംബാംഗമായ ഏലിയാമ്മ (അമ്മിണി) യാണ് ഭാര്യ .

മക്കൾ : സാം കോശി (ഡാളസ്), തോമസ് കോശി(സണ്ണി) (ഡാളസ്), സജി കോശി, ഷൈനി.

മരുമക്കൾ: അനുപ, ജെസ്സി, ഷാന്റി, ഷാജി.

# തോമസ് ഈപ്പൻ നിര്യാതനായി



ലോസ് ഏഞ്ചലസ്: നിലമ്പൂർ കാട്ടുമുണ്ട മുട്ടുമണ്ണിൽ തോമസ് ഈപ്പൻ (67) നവംബർ 4 ന് ലോസ് ഏഞ്ചലസിൽ നിര്യാതനായി. നിലമ്പൂർ ഉപ്പട മണലിൻ കുടുംബാംഗമായ റോസമ്മയാണ് ഭാര്യ.

മക്കൾ: ഡോ മെറിൻ ജോൺ ഷെറിൻ.

മരുമക്കൾ ജോൺ എബ്രഹാം, ജോബിൻ തോമസ്.

സഹോദരങ്ങൾ ഡാനിയൻ ഈപ്പൻ, സണ്ണി ഈപ്പൻ, സാറാമ്മ ഈപ്പൻ, മറിയാമ്മ തോമസ്, സൂസമ്മ പൗലോസ്.

ഭാര്യാ സഹോദരങ്ങൾ തോമസ് മണലിൻ, ഈപ്പൻ മണലിൻ, ഏബ്രഹാം മണലിൻ സാറാമ്മാ കോശി, റേച്ചൽ തോമസ്.

# ജെയിനമ്മ കുരുവിള നിര്യാതയായി



അറ്റ്ലാന്റാ: പരേതനായ പ്ലാവേലിൽ കുരുവിള വറുഗീസിന്റെ ഭാര്യ ജെയിനമ്മ കുരുവിള(77) നിര്യാതയായി. റാന്നി കിക്കോഴൂർ പൊട്ടക്കുളത്ത് കുടുംബാംഗമാണ്.

മക്കൾ: ഷെർളിഷിബു മാത്യു(അറ്റ്ലാന്റാ), ഷീബ സിഎം എബ്രഹാം(ന്യൂയോർക്ക്), ഷാജി കുരുവിള ബെറ്റ്സി(അറ്റ്ലാന്റാ), ഷിബു കുരുവിളവിജി(അറ്റ്ലാന്റാ), മിനി എബി മാത്യു( ഹൂസ്റ്റൺ), ഫിലിപ്പ് കുരുവിള ജെസ്സി(അറ്റ്ലാന്റാ).

# ജീൻസും ഉൾവസ്ത്രവും പാടില്ല

കൊച്ചി: എറണാകുളം ഗവ. മെഡിക്കൽ കോളജിൽ ഹൗസ് സർജൻമാരും സീനിയർ വിദ്യാർഥികളും അടങ്ങുന്ന 12 അംഗ സംഘം റാഗ് ചെയ്തതു യാതൊരു പ്രകോപനവുമില്ലാതെയാണെന്നു മർദനമേറ്റ അനെക്സ് റോൺ ഫിലിപ്പ് എന്ന ഒന്നാംവർഷ വിദ്യാർഥി.

ആർട്സ് ഡേ ആയതിനാൽ ഹോസ്റ്റലിലേക്കു മടങ്ങാൻ വൈകിയിരുന്നു. ഈ സമയമാണു ജൂനിയർ വിദ്യാർഥിയെ ഒറ്റയ്ക്കു കിട്ടിയപ്പോൾ ആക്രമണം അഴിച്ചുവിട്ടത്. ദേശീയ പവർലിഫ്റ്റിങ് ചാംപ്യനായ അനെക്സ്റോൺ ഫിലിപ്പിനെ നേരത്തെ പലപ്രാവശ്യം റാഗിങ്ങിനു സമീപിച്ചിട്ടുണ്ടെങ്കിലും ഉയർന്ന ശാരീരിക ക്ഷമതയുള്ളതിനാൽ ശ്രമം വിജയിച്ചിരുന്നില്ല.


MOUNT TRAVEL & TOURS

See the World



We invite you to contact us for your Travel needs

CLIA Cruise Lines International Association, Inc.



USA
Mobile: + 1 703 501 5706
Email: sales@mounttravelusa.com
Address: 5700 Granite Pkwy,
Suite# 200, Plano, Texas 75024

INDIA
Mobile: +91 85477 97255
Email: mounttravelindia@gmail.com
Address: Kunnil Buildings, Maramon
P.O, Pathanamthitta, Kerala 689549

Tours: Australia & New Zealand / Europe / Holy Land / Japan / China / Thailand, Malaysia & Singapore / India / Sri Lanka / Maldives / Greece & Turkey / Spain & Portugal / Italy, Rome & Vatican / Africa
Cruises: Cruises trips any where in the World

www.mounttravelusa.com
Flights | Vacations | Cruises | Hotels
A division of Kunnil Motors Group

# ഓർമകളിൽ കൂടി യൂറോപ്പ് യാത്രകൾ ( 7 )



റെനി കവലയിൽ

*യാത്രകൾ ചെയ്യാൻ കൊതിക്കുന്നൊരു മനസ്സാണ് എന്റേത്.. ഒരിക്കലും മടുപ്പു തോന്നാത്ത പുതിയ കാഴ്ചകൾ കാണാൻ എനിക്കിഷ്ടമാണ്. പ്രകൃതി കനിഞ്ഞു അനുഗ്രഹിച്ച സ്ഥലങ്ങൾ കേരളത്തിൽ ഏറെയുണ്ട്, അവിടെ പോയി കാഴ്ചകൾ കാണുമ്പോൾ മനസിനും ഒരു കുളിർമയാണ്, കുടുംബത്തോടൊപ്പം യാത്ര ചെയ്യുന്നത് ഏറെ സന്തോഷമാണ് .. ഇനി യൂറോപ്പിലെ കാണാതീരങ്ങൾ.....*



മനുഷ്യന്റെ വിശ്വസ്തരായ കൂട്ടുകാരായിരുന്നല്ലോ എന്നും നായ്ക്കൾ. എന്റെ വീട്ടിലുമുണ്ടായിരുന്നു ഒരു നല്ല നായ. എന്തായാലും എനിക്കൊരൊത്തിരി ഇഷ്ടമുള്ള കൂട്ടത്തിലാണു ഈ വർഗ്ഗം. അതും ഇത്തിരി ആരോഗ്യവും അത്യാവശ്യത്തിനു സൈസുമൊക്കെ ഉള്ള ഇനങ്ങൾ . സ്വാഭാവികമായും ഒരിക്കൽ കൂട്ടുകാരൻ സ്കീയിംഗിനു പോയിട്ട് വന്ന വഴി അവന്റെ അത്രയും തന്നെ വലിപ്പമുള്ള ഒരു നായയുടെ അടുത്ത് നിന്നെടുത്ത ഫോട്ടോ അതിനെ പറ്റി കൂടുതൽ തിരക്കാൻ കാരണമായി. തിരക്കി നോക്കിയപ്പോ താല്പര്യം കൂടി, കാരണം ഇത് ഈ താഴ്‌വരയുടെ (Valais Canton) ഞാൻ താമസിക്കുന്ന സംസ്ഥാനം)പ്രിയപ്പെട്ട നായയാണ്.

ആൽപ്സ് മലനിരകളിലെ പ്രധാനപ്പെട്ട ഒരു ചുരമായിരുന്നു സെന്റ് ബെർണാഡ് ചുരം. (ഇതിന്റെ ഒരറ്റത്ത് നിന്നും താഴെ റോൺ വാലിയിൽ എത്തുന്ന മാർട്ടിനി എന്ന സ്ഥലത്താണു താമസം ഏകദേശം 30കി മീ ദൂരെ). വെങ്കലയുഗത്തിൽ തന്നെ ഇത് ഉപയോഗിക്കപ്പെട്ടിരുന്നുവെന്നതിനു തെളിവുകളുണ്ട്. നെപ്പോളിയൻ 1800 ാം ആണ്ടിൽ ഇറ്റലിയെ ആക്രമിക്കാൻ ഈ മാർഗ്ഗം ഉപയോഗിച്ചിരുന്നുവത്രേ. 2,469 മീറ്റർ (8,100 അടി) ഉയരമുള്ള ചുരത്തിന്റെ ഒരു അറ്റം സ്വിറ്റ്സർലാൻഡിലും മറ്റേ അറ്റം ഇറ്റലിയിലുമാണ്. വർഷത്തിൽ ജൂൺ മുതൽ സെപ്തംബർ വരെയാണു ചുരത്തിലൂടെ ആൽപ്സ് തരണം സാധ്യമായിട്ടുള്ളത്. ബാക്കി സമയങ്ങളിലെല്ലാം ചുരം മഞ്ഞ് മൂടിക്കിടക്കും. ഈ ചുരം കടന്ന് പോകുന്നവർക്ക് വേണ്ടി ഒരു 1050 ാം ആണ്ടോടു കൂടി ഒരു സത്രം ഇറ്റാലിയൻ പട്ടണമായ അയോസ്തയിലെ പുരോഹിതനായ സെന്റ് ബെർണാർഡ് ചുരത്തിന്റെ ഏറ്റവും മുകളിൽ പണികഴിപ്പിച്ചു. അതിനെ സ്വിറ്റ്സർലാൻഡിലെ സിയോൻ ബിഷപ്പിന്റെ കീഴിലാക്കി. (അങ്ങനെയാണു ഈ ചുരം സ്വിറ്റ്സർലാൻഡിലായത് ) ഇവിടെ നിന്നും തുടങ്ങുന്നു സെന്റ് ബെർണാർഡ് ഡോഗുകളുടെ ചരിത്രം. ഇവിടെ സത്രം കാവൽക്കാരായി പലയിടത്തു നിന്നും എത്തിപ്പെട്ട നായ്ക്കളുടെ ഒരു സങ്കരവർഗ്ഗമാണ് പിൻക്കാലത്തെ പ്രശസ്തരായ സെന്റ് ബെർണാർഡ്സ്. ആദ്യം കാവൽക്കാരായാണ് എത്തിപ്പെട്ടതെങ്കിലും കാലക്രമേണ അവ മഞ്ഞിൽ അകപ്പെട്ട് പോകുന്ന മനുഷ്യരെ കണ്ടുപിടിക്കുന്ന ഒരു രക്ഷാസേനയായി മാറി. ഇവിടുത്തെ കേട്ട് കേൾവിയനുസരിച്ച് സെന്റ് ബെർണാർഡ് നായ്ക്കളുടെ കഴുത്തിൽ ഒരു കൊച്ചു തടിവീപ്പയിൽ ബ്രാണ്ടി കരുതിയിരുന്നു. മഞ്ഞിൽ തണുത്ത് മരവിച്ച് വീണു പോയവർക്ക് കൊണ്ടുക്കൊടുക്കാനായി. ബാരി എന്ന് പേരുണ്ടായിരുന്ന ഒരു നായ നാല്പതിനും നൂറിനും ഇടയ്ക്ക് ജീവനുകളാണത്രേ രക്ഷിച്ചിട്ടുള്ളത്. ഇപ്പോ സെന്റ് ബെർണാർഡ് നായ്ക്കൾക്കായുള്ള ഫൗണ്ടേഷൻ ബാരി ഫൗണ്ടേഷൻ എന്നറിയപ്പെടുന്നു. ബാരി എന്ന പേരു് അവയുടെ ഓമനപ്പേരായി മാറിയിട്ടുണ്ട്. ശരിക്കുള്ള ബാരിയുടെ ഭൗതിക ശരീരം ബേണിലെ ദേശീയ ചരിത്ര മ്യൂസിയത്തിൽ സൂക്ഷിച്ചിരുന്നു.

നദിക്കരയിൽ ഒന്നുരണ്ട് സോവനീർ ഷോപ്പുകളും റസ്റ്റോറന്റുമൊക്കെയുണ്ട്. അവസാനദിവസത്തെ ഷോപ്പിങ്ങ് അതിലൊരു കടയിൽത്തന്നെ കൊണ്ടാടി. ഷോപ്പിലുള്ളവരോട് ഇംഗ്ലീഷിൽ ആശയവിനിമയം നടത്താൻ കുറച്ച് ബുദ്ധിമുട്ടേണ്ടിവന്നു. കയ്യിലുള്ള കറൻസിയൊക്കെ തീർന്നു തുടങ്ങിയതുകൊണ്ട് ഡെബിറ്റ് കാർഡിൽ നിന്ന് പൗണ്ടിനെ ഫ്രാങ്കാക്കി മാറ്റിയാണെങ്കിലും, സ്വിസ്സ് വാച്ചുതന്നെ ഒരെണ്ണം ഇതിനിടയിൽ നല്ലപാതി കൈയ്യിലാക്കി.

മടക്കയാത്രയ്ക്ക് സമയമായിരിക്കുന്നു. 12 മണിക്ക് മുൻപ് ഹോട്ടലിൽ തിരിച്ചെത്തി ചെക്കൌട്ട് ചെയ്തില്ലെങ്കിൽ ഒരു ദിവസത്തേക്ക് കൂടെ മുറിവാടക കൊടുക്കേണ്ടിവരും. കൃത്യസമയത്ത് ചെക്കൌട്ട് ചെയ്ത് ബാഗും പുറത്തുതൂക്കി ബാക്കിയുള്ള അരദിവസം കൂടെ സൂറിക്കിൽ ചിലവഴിച്ചതിനുശേഷം, യു.കെ. യിലേക്ക് മടങ്ങാനുള്ള വിമാനത്തിന്റെ സമയമാകുമ്പോഴേക്കും ഏയർപ്പോർട്ടിൽ എത്താനാണ് ഞങ്ങൾ പരിപാടിയിട്ടിരിക്കുന്നത്.

തിരിച്ച് ബസ്സ് സ്റ്റോപ്പിലേക്ക് നടക്കാൻ തുടങ്ങിയപ്പോഴേക്കും വെള്ളച്ചാട്ടത്തിനപ്പുറത്തുനിന്ന് സൂര്യൻ !വെളിയിൽ തലകാണിച്ചു നിൽക്കുന്നുണ്ടായിരുന്നു. ഇങ്ങോട്ട് വന്നപ്പോൾ മങ്ങിയ വെളിച്ചത്തിൽ കണ്ടകാഴ്ച്ചകൾ നല്ലവെളിച്ചത്തിൽ ഒന്നുകൂടെ മനസ്സിലേക്കാവാഹിച്ചതിനുശേഷം ബസ്സ് സ്റ്റോപ്പിനെ ലക്ഷ്യമാക്കി നീങ്ങി. മടക്കയാത്രയ്ക്കുള്ള ബസ്സ് ഏത് വശത്തുനിന്നാണ് കയറേണ്ടതെന്ന് ഒരു സംശയമുണ്ടായിരുന്നു. വഴിയരുകിൽ കണ്ട ഒരു സ്ത്രീ സഹായിച്ചു. അവർ ഇംഗ്ലീഷ് സംസാരിക്കുന്നുണ്ട്. ഞങ്ങൾ എവിടെനിന്നാണ് വരുന്നതെന്നും എത്രദിവസം യൂറോപ്പിലുണ്ടാകുമെന്നുമൊക്കെ വളരെ താൽപ്പര്യത്തോടെ അവർ ചോദിച്ചുമനസ്സിലാക്കി. യാത്രാമംഗളങ്ങൾ നേർന്ന് പിരിഞ്ഞെങ്കിലും ഞങ്ങൾ കയറിയ ബസ്സിൽത്തന്നെ അവരും യാത്രചെയ്യുന്നുണ്ടായിരുന്നു.

Schaffhausen റെയിൽവേ സ്റ്റേഷൻ എത്തിയപ്പോൾ സൂറിക്കിലേക്കുള്ള തീവണ്ടി പോയിക്കഴിഞ്ഞിരുന്നു. അടുത്ത വണ്ടിവരാൻ 40 മിനിറ്റെങ്കിലുമെടുക്കും. അത്രയും സമയം സ്റ്റേഷനിൽ ഇരിക്കുന്നത് ബുദ്ധിശൂന്യതയാണെന്ന് തോന്നിയതുകൊണ്ട് വെളിയിൽക്കടന്ന് തെരുവിലൂടെ നടന്നു. കെട്ടിടങ്ങൾക്ക് പിന്നിലേക്ക് കടന്നപ്പോൾ ബേണിലേയും, ലൂസേണിലേയുമെന്നപോലെ അവിടെയും ചില നല്ല ഫൗണ്ടനുകൾ കാണാൻ സാധിച്ചു. അതിലൊരു ഫൌണ്ടന്റെ ഭംഗി ആസ്വദിച്ചുനിൽക്കുമ്പോൾ നല്ലൊരു കാഴ്ച്ച കാണാനായി. തെരുവിലൂടെ കടന്നുപോകുകയായിരുന്ന തദ്ദേശവാസിയായ ഒരാൾ പെട്ടെന്ന് ഫൌണ്ടന്റെ പൈപ്പിനടിയിൽ വന്ന് കൈക്കുമ്പിളിൽ വെള്ളം നിറച്ചുകുടിച്ച് ദാഹം തീർത്തു.ബേണിലും, ലൂസേണിലുമൊക്കെ ഫൌണ്ടനിലൂടെ ഒഴുകിവരുന്ന തെളിഞ്ഞ വെള്ളം കാണാ!ൻ തുടങ്ങിയപ്പോൾ മുതൽ എന്റെ ഉള്ളിൽ ഈ വെള്ളം കുടിക്കാൻ യോഗ്യമാണോ എന്നൊരു സംശയമുണ്ടായിരുന്നത് ആ കാഴ്ച്ച കണ്ടതോടെ അവസാനിച്ചു.

വിചാരിച്ചതുപോലെ 12 മണിക്ക് മുന്നേ റൈൻ ഫാൾസിൽ നിന്ന് സൂറിക്കിലെ ഹോട്ടലിൽ മടങ്ങിയെത്താൻ പറ്റിയില്ല. ഹോട്ടൽ മുറിയിലെ ഡോറിന്റെ ദ്വാരത്തിൽ കാർഡ് ഇട്ട് തുറക്കാൻ ശ്രമിച്ചപ്പോൾ വാതിൽ തുറക്കുന്നില്ല. കൃത്യസമയം കഴിഞ്ഞപ്പോൾ കമ്പ്യൂട്ടറൈസ്ഡ് ആയ വാതിൽ ഞങ്ങൾക്ക് മുന്നിൽ കൊട്ടിയടക്കപ്പെട്ടിരിക്കുന്നു. ഇനിയെന്തുചെയ്യും എന്നാലോചിച്ച് നിൽക്കുമ്പോഴേക്കും റൂം സർവ്വീസ് ജീവനക്കാരി കോ!റിഡോറിൽ പ്രത്യക്ഷപ്പെട്ടു. മുറി അവരുടെ കയ്യിലെ കാർഡിട്ട് തുറന്നു തന്നു. 10 മിനിറ്റ് കൊണ്ട് ബാഗെല്ലാം വാരിക്കെട്ടി, ഒന്നു ഫ്രെഷായി വെളിയിൽ കടന്നു. റിസപ്ഷനിൽ കുഴപ്പമൊന്നും ഉണ്ടാകാഞ്ഞതുകൊണ്ട് ഒരു ദിവസത്തെ ഹോട്ടൽ വാടക അനാവശ്യമായി കൊടുക്കാതെ രക്ഷപ്പെട്ടു.

സിറ്റി ട്രിപ്പ് ഒരെണ്ണം ബസ്സിൽ കിട്ടുമോ എന്ന് അന്വേഷിക്കാനായി ഹോട്ടലിന്റെ പുറകിലുള്ള ബസ്സ് സ്റ്റേഷനിലേക്ക് നടന്നു. ചോക്കളേറ്റ് ഫാക്ടറികളിൽ ഏതെങ്കിലും ഒന്നിൽ പോകണം. ട്രെയിനിലും, കേബിളിലുമൊക്കെ പോകുമ്പോൾ കിട്ടുന്നതിൽ നിന്ന് വ്യത്യസ്തമായിട്ടുള്ള കാഴ്ച്ചകൾ ബസ്സിൽ പോകുമ്പോൾ കിട്ടാതിരിക്കില്ല. പക്ഷേ, അവിടെയുള്ള ബസ്സുകൾ പ്രൈവറ്റ് കോച്ചുകളായിരുന്നു. അത് സ്വിസ്സ് പാസ്സിന്റെ പരിധിയിൽ വരുന്നില്ല. ടിക്കറ്റൊന്നിന് 125 ഫ്രാങ്കിലധികം കൊടുക്കണമെന്ന് മാത്രമല്ല ബസ്സിന്റെ ടൈമിങ്ങ് ഞങ്ങളുടെ സമയവുമായി പൊരുത്തപ്പെടുന്നില്ല. ബസ്സ് യാത്രാമോഹം അവിടെയുപേക്ഷിച്ച് തൊട്ടടുത്തുള്ള തൊടിയിലേക്ക് കടന്നു.

ഈ ഭൂഗോളം ഉണ്ടായതുമുതലുള്ള കാര്യങ്ങൾ, ജീവജാലങ്ങളുടേയും മനുഷ്യരാശിയുടേയുമൊക്കെ ഉത്ഭവം, പരിണാമം, കാലാകാലങ്ങളിൽ ഈ രാജ്യത്ത് നടന്നിട്ടുള്ള യുദ്ധങ്ങളുടെ മിനിയേച്ചർ പ്രതിമകളിലൂടെയുള്ള പുനരാവിഷ്ക്കരണം എന്നുതുടങ്ങി, സ്വിസ്സ് ക്ലോക്ക് നിർമ്മാണത്തിന്റെ 16, 18 നൂ!റ്റാണ്ടുകളിലെ പ്രദർശനങ്ങൾ, റോമൻ വസ്ത്രങ്ങൾ, മെഡീവൽ കാലഘട്ടങ്ങളിലെ വെള്ളി ആഭരണങ്ങൾ, പഴയ കാലങ്ങളിലെ ആയുധങ്ങൾ, ദേവാലയ ശിൽപ്പങ്ങൾ, പാനൽ പെയിന്റിങ്ങുകൾ, മരത്തിൽ കൊത്തിയെടുത്ത അൾ!ത്താരകൾ, 17ാം നൂറ്റാണ്ടിലെ പാത്രങ്ങൾ, വിവിധതരം പതാകകൾ, എന്നുവേണ്ട സ്വിസ്സർലാൻഡിന്റെ പുരാതന സംസ്ക്കാരത്തിന്റെ അവശേഷിപ്പുകളും തെളിവുകളുമടക്കം, മ്യൂസിയത്തിലെ കാഴ്ച്ചകൾ അറിവിന്റെ പാരാവാരമാണ് നമുക്ക് മുന്നിൽ തുറന്നുവെച്ചിരിക്കുന്നത്. സ്വിസ്സ് ജനതയുടെ സംസ്കാരത്തിന്റേയും, ചരിത്രത്തിന്റേയുമൊക്കെ നേർക്ക് തിരിച്ചുപിടിച്ചിട്ടുള്ള അസാധാരണമായ ഒരു കണ്ണാടിയാണ് നാഷണൽ മ്യൂസിയം എന്ന് വിശേഷിപ്പിക്കുന്നതിൽ ഒരു തെറ്റുമില്ല. പഴയ തടിയുരുപ്പടികളിലും അതുപോ!ലുള്ള ആന്റിക്ക് വസ്തുക്കളിലും എന്റെ കണ്ണും മനസ്സും എന്നത്തേയും പോലെ കുറേയധികം നേരം ഉടക്കിനിന്നു.

മ്യൂസിയത്തിനകത്തെ വളഞ്ഞുപുളഞ്ഞുള്ള നടത്തം, പൊതുവെ ക്ഷീണിച്ചിരുന്ന കാലുകളെ! ഒന്നുകൂടെ അവശമായി. സ്വിസ്സർലാൻഡിലേക്ക് കൊണ്ടുവന്ന ഭാണ്ഡവും, അതിലേക്ക് കയറിക്കൂടിയ അധികഭാരവുമൊക്കെ പുറത്തുകയറ്റിയുള്ള നടത്തവും, 4 ദിവസമായി നിരന്തരമായി തലങ്ങും വിലങ്ങും ഓടിനടന്നതുകാരണമുള്ള ക്ഷീണത്തെ ഇരട്ടിപ്പിച്ചിട്ടുണ്ട്.

ഭക്ഷണത്തിനുശേഷം സ്റ്റേഷനിലെ ടൂറിസ്റ്റ് ഇൻഫോർമേഷൻ സെന്ററിൽച്ചെന്ന് വൈകുന്നേരം വരെയുള്ള സമയത്തിനിടയ്ക്ക് എന്തൊക്കെ ചെയ്യാൻ പറ്റുമെന്ന് ഒരു അന്വേഷണം നടത്തി. ഇതുവരെയുള്ള സ്വിസ്സ് യാത്രയിൽ ഇന്നൊരുദിവസം ഉച്ചയ്ക്ക് ശേഷം മാത്രമാണ് കാര്യമായി ഒന്നും മുൻകൂട്ടി ഞങ്ങളുടെ പദ്ധതിയിൽ ഇല്ലാതിരുന്നത്.

ഒരു മണിക്കൂറിനകം സൂറിക്ക് ലേയ്ക്കിൽ ഒരു ബോട്ട് സവാരി ആരംഭിക്കുന്നുണ്ട്. അത് കഴിയുമ്പോഴേക്കും എയർപ്പോർട്ടിലേക്ക് മടങ്ങാനുള്ള സമയമാകും. മടക്കയാത്രയ്ക്കുള്ള സമയത്തെപ്പറ്റി ആലോചിച്ചപ്പോൾത്തന്നെ മനസ്സ് വിഷാദമൂകമായി. മടങ്ങണമെന്ന് തോന്നുന്നില്ല.

എന്തായാലും ലേയ്ക്കിലേക്ക് പോകാൻ തന്നെ തീരുമാനിച്ചു. കൂട്ടത്തിൽ എന്റെ ഒരു ചിരകാല അഭിലാഷം സാധിക്കുകയുമാവാം. ജീവിതത്തിൽ ഇതുവരെ ട്രാമിൽ കയറിയിട്ടില്ല. എന്നെങ്കിലും കൽക്കട്ടയിൽ പോകുമ്പോൾ ചെയ്യാൻ വേണ്ടി മാറ്റിവെച്ചിരിക്കുകയായിരുന്നു അങ്ങനൊരു യാത്ര. ഇവിടിപ്പോൾ തലങ്ങും വിലങ്ങും കറങ്ങിനടക്കുന്ന ട്രാമുകളിൽ സ്വിസ്സ് പാസ്സിന്റെ സഹായത്താൽ സുഖമായി യാത്ര ചെയ്യാമെന്നിരിക്കേ ആ ചടങ്ങങ് നിർവ്വഹിച്ചേക്കാമെന്ന് വെച്ചു.

സ്റ്റേഷനിൽ നിന്ന് തുടങ്ങിയ !ആദ്യത്തെ ട്രാം യാത്ര ലോകത്തിലെ തന്നെ ഏറ്റവും വിലപിടിപ്പുള്ള Bahnhofstrasse തെരുവിലൂടെ മുന്നേറി Berkhypltaz എന്ന സ്റ്റോപ്പിൽ അവസാനിച്ചു. റോഡ് മുറിച്ച് കടക്കുമ്പോൾത്തന്നെ തടാകവും ബോട്ടുമെല്ലാം കാണാം. 2 മിനിറ്റിനകം, സൂറിക്ക് തടാകത്തിലൂടെ ഒന്നരമണിക്കൂർ നീണ്ടുനിൽക്കുന്ന ബോട്ട് യാത്ര ആരംഭിക്കുകയാണ്. സ്വിസ്സർലാൻഡിലെ വലിയൊരു പട്ടണമായതുകൊണ്ടാകാം, തൂണിലും, ബെർണ്സിലുമൊക്കെ കണ്ടതിനേക്കാൾ കൂടുതൽ ജനങ്ങൾ ബോട്ട് ജട്ടിയിലും ബോട്ട് യാത്രയിലുമുണ്ടായിരുന്നു.സൂറിക്ക് ലേയ്ക്കിന്റെ തടങ്ങളിൽ ജനവാസം കൂടുതലായിട്ടാണ് കാണപ്പെട്ടത്. എന്നുവെച്ച് ഭംഗിക്ക് ഒരു കുറവുമില്ല. ഇരുകരയിലുമായി മാറിമാറി ജട്ടികളിൽ അടുത്ത് ആളെയിറക്കിയും കയറ്റിയും യാത്ര പുരോഗമിച്ചുകൊണ്ടിരുന്നു. കരയിൽ, ശിശിരത്തെ വരവേൽക്കാൻ ഇലകളുടെ നിറം മാറ്റി കാത്തുനിൽക്കുന്ന മരങ്ങൾ, തടാകത്തിൽ പലയിടത്തായി നങ്കൂരമിട്ടുകിടക്കുന്ന പായ്‌വഞ്ചികൾ, സ്പീഡ് ബോട്ടുകൾ, ആഴം കുറഞ്ഞഭാഗത്ത് ഒഴുകിനടക്കുന്ന അരയന്നങ്ങൾ എന്നിങ്ങനെ കാഴ്ച്ചകൾക്കൊന്നും ഒരു പഞ്ഞവുമില്ല, ലിന്ത് (Linth)നദിയാൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള, പരമാവധി 40 കിലോമീറ്റർ നീളവും 3 കിലോമീറ്റർ വീതിയുമുള്ള ഈ കൂറ്റൻ തടാകം, 1223 മുതൽ ഇതുവരെയുള്ള കാലഘട്ടത്തിൽ 25 പ്രാവശ്യം തണുത്തുറഞ്ഞ് പോയിട്ടുണ്ടെന്നുള്ളത് അത്ഭുതകരമായ ഒരു വസ്തുതയാണ്. അവസാനം ഈ തണുത്തുറയൽ സംഭവിച്ചത് 1963 ൽ ആയിരുന്നു. ഗ്ലോബൽ വാമിങ്ങിന്റെ പോക്കുവെച്ച് നോക്കിയാൽ ഇനിയൊരു തണുത്തുറയൽ സൂറിക്ക് തടാകത്തിനുണ്ടാകുമെന്ന് തോന്നുന്നില്ല.മനസ്സിൽ അതിനിടയിൽ ഒരു കണക്കെടുപ്പ് നടക്കുന്നുണ്ടായിരുന്നു. ഈ യാത്രയിൽ ഉണ്ടായ നേട്ടങ്ങൾ, നല്ല അനുഭവങ്ങൾ എന്നതൊക്കെപ്പോലെതന്നെ ചില കൊച്ചുകൊച്ചുനഷ്ടങ്ങളുടെ കണക്കുകളായിരുന്നു അതിൽ മുഖ്യം.



തെരുവിൽ അങ്ങോട്ടുമിങ്ങോട്ടും ലക്ഷ്യമൊന്നുമില്ലാതെ പിന്നേയും കറങ്ങിനടന്നു, അവശേഷിക്കുന്ന ഓരോ നിമിഷവും വസൂലാക്കാനെന്നപോലെ. ബാക്കിയുള്ള കാഴ്ച്ചകളും സ്ഥലങ്ങളുമൊക്കെ കാണാൻ, ഇനിയൊരിക്കൽക്കൂ!ടെ വരാൻ പറ്റുമോ ഈ മനോഹരമായ ഭൂമിയിലേക്ക് ?

അത്യാഗ്രഹമായിരിക്കാം. എന്നാലും ആഗ്രഹിക്കുക, മലയോളം ആഗ്രഹിക്കുക. എന്നാലേ കുന്നോളമെങ്കിലും കിട്ടൂ എന്നാണല്ലോ!

ശിശിരത്തെ വരവേൽക്കാനായി മരങ്ങൾ പൊഴിച്ച മഞ്ഞ ഇലകൾ വീണുകിടക്കുന്ന വഴികളിലൂടെ പ്രഭാതത്തിലെ തണുപ്പുമേറ്റുള്ള നടത്തത്തിന്റെ സുഖമൊന്ന് വേറെതന്നെയായിരുന്നു. വഴി ചെന്നവസാനിക്കുന്നിടത്ത് സ്വാഗതം ചെയ്യുന്നത് പതയും നുരയും വമിപ്പിച്ച് ബ്ലാക്ക് ഫോറസ്റ്റിനിടയിലൂടെ ഒഴുകി വരുന്ന റൈൻ നദിയുടെ മനോഹരമായ കാഴ്ച്ചയും ശബ്ദവുമാണ്.ഒരുപാട് സഞ്ചാരികൾ വരുന്ന ഇടമായിരുന്നിട്ടും യാതൊരുവിധത്തിലുള്ള പ്രകൃതിമലിനീകരണമോ,പ്ലാസ്റ്റിക്ക് വേസ്റ്റ് നിക്ഷേപം, പാറകളിലും മരങ്ങളിലുമൊക്കെയുള്ള പരസ്യങ്ങൾ തുടങ്ങിയതൊന്നും കാണാനായില്ല. പ്രകൃതിയുടെ സൗന്ദര്യം മനുഷ്യന് ആസ്വദിക്കാൻ ഒരുക്കിക്കൊടുക്കുന്നതിനൊപ്പം തന്നെ അതിന്റെ ഭംഗി ഒട്ടും തന്നെ നശിപ്പിക്കപ്പെടാതെ സംരക്ഷിക്കുന്നതെങ്ങനെയെന്നുള്ളതിന് തെളിവാണ് ആ സ്വിസ്സ് ചെറുപട്ടണം.

മടക്കയാത്രയ്ക്ക് സമയമായിരിക്കുന്നു. തലക്കുമുകളിലൂടെ പറന്നു പോയ ഒരു വിമാനം എന്നെ സമയത്തെകുറിച്ചു ബോധവാനാക്കി. മനസ്സില്ലാ മനസ്സോടെ പ്രകൃതിയുടെ അതിസുന്ദരമായ ആ ദൃശ്യ വിരുന്നിന് വിട പറഞ്ഞു.

ഞങ്ങളുടെ എല്ലാ യാത്രകളിലുമെന്നപോലെ മടക്കയാത്രയ്ക്ക് സമയമായപ്പോൾ എന്റെ മനസ്സിൽ ഒരു നേർത്ത നൊമ്പരം

നിറഞ്ഞു. കണ്ടു തീരാത്ത കാഴ്ചകൾ....ഇനിയൊരു അവസരം കിട്ടുമോ എന്നറിയില്ല... സ്വിസ്സ് കാഴ്ചകൾ നാൽപതു ശതമാനം പോലും കണ്ടു തീർന്നില്ല മനസ്സിൽ കീറ്റ്സ്ന്റെ രണ്ടു വരി കവിത മനസ്സിൽ വന്നു.

“Heard Melodies Are Sweet, but Those Unheard Are Sweeter

അല്ലെങ്കിൽ കണ്ട കാഴ്ചകൾ മനോഹരമെങ്കിൽ, കാണാൻ പോകുന്നവ അതിലെത്ര മനോഹരമായിരിക്കും? ആ വരികൾ ഞാൻ ഇങ്ങനെ തിരുത്തി.

ഉച്ചക്കു ശേഷം മഴ പെയ്യാൻ സാധ്യത ഉണ്ടെന്നുള്ള കാലാവസ്ഥാ പ്രവചനവും കാരണം മടക്കയാത്ര നേരത്തെ തന്നെ ആക്കാം എന്നു തീരുമാനിച്ചു. ആംസ്റ്റർഡാമിലേക്കുള്ള ഒൻപതു മണിക്കൂർ മടക്കയാത്ര,

സ്വിറ്റ്സർലാൻഡിന്റെ മനം മയക്കുന്ന പ്രകൃതി ഭംഗിയിലൂടെ കാർ ഓടിക്കുക ഒരു അവിസ്മരണീയ അനുഭവമാണ്. പച്ചപരവതാനി വിരിച്ച പുൽമേടുകൾ, എങ്ങും ഗോത്തിക് മാതൃകയിൽ പണികഴിപ്പിച്ചിട്ടുള്ള കെട്ടിടങ്ങൾ, വെള്ളപ്പട്ടണിഞ്ഞ് പ്രൗഢിയൊടെ നില്ക്കുന്ന ആൽപ്സ് പർവ്വതം. അനുപമമായ നീലിമയുള്ള തടാകങ്ങൾ. പുൽമേടുകളിൽ മേഞ്ഞു നടക്കുന്ന ഘടാഘടിയന്മാരായ കന്നുകാലികൾ. വർണ്ണാഭമായ ചുവർചിത്രങ്ങളുടെ ഉള്ളിലൂടെ സഞ്ചരിക്കുന്ന പ്രതീതി നാലു ചുറ്റിനും... അര മണിക്കൂർ കൊണ്ട് ജർമനിയിലെക്കുള്ള A81 ഓട്ടോബാനി ലോട്ട് പ്രവേശിച്ചു. ലോകത്തിലെ ഏട്ടവും മികച്ച എക്സ്പ്രസ്സ് ഹൈവേ ആയ ഓട്ടോബാനിൽ മിക്കയിടത്തും വേഗതാ പരിധി ഇല്ല. അതു കൊണ്ടു ലോകത്തിലെ പല വമ്പൻ കാറുടമകളും സ്വന്തം കാറുകൾ കപ്പലിലും വിമാനത്തിലും കയറ്റി ജർമ്മനിയിൽ കൊണ്ടു വരുമത്രേ! സ്വപ്നവേഗത്തിൽ സഞ്ചരിക്കാൻ. വഴിയോര കാഴ്ചകളിൽ പെട്ടെന്ന് വെള്ളക്കടലാസിൽ നീലമഷിവാരിത്തൂവിയതു പോലെ സുന്ദരമായ ബ്രൈൻസ് സീ കണ്ടു തുടങ്ങിയതോടെ എത്രയും പെട്ടെന്നു ആദ്യം കാണുന്ന ഹൈവേ എക്സിറ്റ് വഴി തീരത്തെത്താനായി ഞങ്ങളുടെ ശ്രമം. കായൽക്കരയിൽ കണ്ട ഒരു പാർക്കിങ്ങ് സ്ലോട്ടിൽ വണ്ടി ഒതുക്കി ഇട്ടു ഫോട്ടോ സെഷൻ തുടങ്ങി. കഷ്ടിച്ച് ഒരു കാറിന് പോകാനുള്ള വീതിയേ ഉള്ളൂ കായല്ക്കരയിലെ റോഡിന്. ഫോട്ടോ എടുക്കുമ്പോൾ ഫ്രൈമിൽ വരാതിരിക്കാൻ അതു വഴി കടന്നു പോകുന്ന കാർ, സൈക്കിൾ യാത്രക്കാർ അതീവശ്രദ്ധ കാണിക്കുന്നുണ്ടായിരുന്നു. സ്വിറ്റ്സർലാൻഡിന്റെ പ്രധാനവരുമാന മാർഗ്ഗമാണ് ടൂറിസം. അതു നന്നായി മനസ്സിലാക്കിയാണ് നാട്ടുകാർ ടൂറിസ്റ്റുകളോട് ഇടപെടുന്നതു. ഒരു വഴി ചോദിച്ചാൽ പറഞ്ഞു തരാൻ എത്ര സമയം ചിലവഴിക്കാനും ഇവിടത്തെ നാട്ടുകാർക്കു മടിയില്ല. ചൈത്രം ചായം ചലിച്ചു വരച്ചെടുത്ത ആ ചിത്രങ്ങൾ പകർത്താൻ ചില വൃഥാ ശ്രമങ്ങൾ നടത്തിയ ശേഷം ബ്രീൻസ് സീ ചുറ്റിക്കറങ്ങി അടുത്ത താഴ്‌വരയിലേക്ക് തിരിച്ചു. താഴ്‌വരയിലെ ഒറ്റപ്പെട്ട ഒരു തടി വീടിനടുത്തു വണ്ടി നിർത്തി ചിത്രങ്ങൾ എടുത്തു തുടങ്ങി. വീടിനു മുന്നിലൂടെ ഒരു ചെറിയ അരുവി ഒഴുകുന്നു. ആൽപ്സിലെ മഞ്ഞുരുകി വരുന്ന ഒരു തെളിനീർച്ചോല. അവിടെ നിന്നും അധികം ദൂരെയല്ലാതെ ഒരു ഹെലിപാഡ് ഉണ്ട്. സ്വിസ്സിലെത്തുന്ന യാത്രികരുടെ ഒരു പ്രധാന ആകർഷണമാണ് . ഹെലിസ്കീയിങ്ങ്. ഹെലിസ്കീയിങ്ങ് എന്ന പേരു എനിക്ക് വളരെ രസകരമായി തോന്നി. മഞ്ഞിൽ സ്കീ ചെയ്യുന്ന പോലെ ആകാശത്തു തെന്നി തെന്നി പറക്കുക. പിന്നീടു വഴി തിരിച്ചു ഹൈവേ ഓട്ടോബാനിലേക്കും. വളവും തിരിവും തിരിഞ്ഞതാണെങ്കിലും സ്വിസ് റോഡുകളും നിലവാരത്തിന്റെ കാര്യത്തിൽ ഒട്ടും പിന്നിലല്ല ഒട്ടോബാൻ.

വേനൽക്കാലത്ത് ജർമ്മനിയിലെ പോലെ സ്വിസ്സിലും അസ്തമയം എതാണ്ട് 8.30 നാണ്. പോകുന്ന വഴി കണ്ട ഒരു പെട്രോൾ സ്റ്റേഷനിൽ നിർത്തി. ഞായറാഴ്ച്ച ആയിരുന്നതിനാൽ എല്ലാ കടകളും അടവാണ്. എന്തു സാധനം വാങ്ങണമെങ്കിലും പെട്രോൾ സ്റ്റേഷനിലെ ചെറിയ കടകൾ തന്നെ ആശ്രയം. ചെറു പട്ടണമായ ഹൊഹേവെഗിലാണ് ഞങ്ങൾ എത്തി ചേർന്നത് . പെട്രോൾ അടിക്കാൻ നോക്കിയപ്പോൾ അമേരിക്കയിലെപ്പോലെ ക്രെഡിറ്റ് കാർഡ് സ്ലോട്ട്കൾ ഒന്നും കാണുന്നില്ല നിര നിരയായുള്ള ഒരു പമ്പിലും,അകത്തു ചെന്നു അറ്റെൻഡറിനോട് അന്വേഷിച്ചപ്പോൾ പെട്രോൾ അടിച്ചശേഷം പേ ചെയ്താൽ മതിയെന്ന് അറിയിച്ചു.യൂറോപിയൻ പരസ്പര വിശ്വാസം വിളിച്ചറിയിക്കുന്ന ഒരു വലിയ തെളിവായി എനിക്കു തോന്നി. പെട്രോൾ വില ജർമ്മനിയെക്കാൾ 10Rs കുറവാണു് സ്വിറ്റ്സർലാൻഡിൽ. ഏകദേശം 92Rs. ക്രെഡിറ്റ് കാർഡുകളുപയോഗിച്ചു നേരിട്ടു കമ്മീഷനില്ലാതെ സ്വിസ്സ് ഫ്രാങ്കിൽ പേ ചെയ്യാം. എന്നാൽ ATM-ൽ നിന്നും പണമെടുക്കണമെങ്കിൽ 2.5% സർവ്വീസ് ടാക്സ് കൊടുക്കണം. എല്ലാ കടകളിലും യൂറോ സ്വീകരിക്കുമെങ്കിലും സ്വിസ്സ് ഫ്രാങ്കിൽ സാധനം വാങ്ങുകയാണു ലാഭം. അവിടെ കാർ നിർത്തി ഒരു സ്വിസ്സ് കഫേയിൽ നിന്നുമുള്ള ഉച്ച ഭക്ഷണം കഴിഞ്ഞപ്പോൾ സമയം 2.00 മണി കഴിഞ്ഞിരുന്നു. ഹൊഹേവെഗും ഇന്ത്യൻ ടൂറിസ്റ്റുകളെ കൊണ്ടു നിറഞ്ഞിരുന്നു. സ്വിറ്റ്സർലാൻഡിൽ എവിടെയും ഹോഹെവെഗിൽ പ്രത്യേകിച്ചും ഏറ്റവും കൂടുതൽ കാണുന്നതു വാച്ചു കടകളാണ്. ടിസ്സോട്ട്, കാർട്ടിയെർ, ബ്രയ്റ്റ്ലിങ്ങ്, പറ്റെക് ഫിലിപ് തുടങ്ങിയ വമ്പൻ ബ്രാൻഡുകൾ നിരത്തി വച്ചിരിക്കുന്ന കടകൾ. എതു കാലാവസ്ഥയിലും ഉപയോഗിക്കാവുന്ന മൾട്ടിഡയൽ ക്രോണൊ വാച്ചുകൾ ആരും ഒന്നു നോക്കി നിന്നു പോകും. എന്നാൽ വിലയിലും വലിപ്പത്തിലും തടിച്ച ആ ആഢംബരവസ്തുക്കൾ എന്റെ കൈകൾക്കും പോക്കറ്റിനും ഒട്ടും അനുയോജ്യമല്ല എന്നു മനസിലാക്കി ആഗ്രഹം മനസിലൊതുക്കി.ഏതാണ്ട് മൂന്ന് മണിക്കൂറിനുള്ളിൽ അതിമനോഹരമായ സ്വിസ്സ് ഗ്രാമങ്ങൾ കടന്നു ജർമൻ അതിർത്തിയിലുള്ള സ്വിസ്സ് പട്ടണമായ ബേസെലിൽ (Basel) എത്തി. കുന്നും മലയും നിറഞ്ഞ സ്വിറ്റ്സർലാൻഡിൽ സർവ്വസാധാരണമാണ് മലനിരകൾ തുരന്നുണ്ടക്കിയ കൂറ്റൻ ടണലുകൾ. സ്വിറ്റ്സർലാൻഡിലെ എറ്റവും നീളമുള്ള ടണലായ ല്യോട്ഷ്ബെർഗ് ടണലിന്. 35 km നീളമുണ്ടു. മിക്ക ടണലുകളിലും വായുസഞ്ചാരത്തിനായുള്ള കൂറ്റൻ പ്രൊപ്പല്ലർ ഫാനുകൾ കാണാം. Oneway ടണലുകളിൽ 100km ആണു വേഗതാപരിധി. ഇരുദിശയിലും ട്രാഫിക് ഉണ്ടെങ്കിൽ 80 km ഉം. യാത്ര തുടർന്നു വഴികൾ എല്ലാം വളരെ കൃത്യമായിത്തന്നെ എഴുതിവെച്ചിട്ടുണ്ട്. പഴുതുകളില്ലാത്തതും, കിടയറ്റതുമായ സ്വിസ്സർലാൻഡിലെ ട്രാൻസ്പോർട്ടിങ്ങ് സിസ്റ്റം ഈ യാത്രയിലുടനീളം കുറച്ചൊന്നുമല്ല സഹായിച്ചത്.. യാത്രയ്ക്കിടയിൽ കയ്യിലുണ്ടായിരുന്ന മൊബൈൽ ഫോണിൽ ജർമ്മനിയിൽ നിന്നുള്ള വെൽകം മെസ്സെജ് കിട്ടി. ജർമ്മൻ ബോർഡർ തൊട്ടടുത്തെവിടെയെങ്കിലും ആയിരിക്കണം. ജർമ്മനിൽ നിന്ന് ഒഴുകി വരുന്ന റൈൻ നദിയാണ് സ്വിസ്സർലാൻഡിലേക്ക് കടന്ന് വെള്ളച്ചാട്ടമായി വീണ് ഒഴുക്ക് തുടരുന്നത്. നദിയുടെ ഒരുകരയിൽ സ്വിസ്സർലാൻഡും മറുകരയിൽ ജർമ്മനിയുമായി വരുന്ന ഭൂപ്രദേശങ്ങൾ ഈ ഭാഗത്തൊക്കെയുണ്ട്.ഏജടൽ ജർമൻ ബോർഡർ ദൃശ്യമായി. ഒരു നദിയാണ് അതിർത്തി നിർണയിക്കുന്നത്. നദിയിൽ കളിച്ചുല്ലസിക്കുന്ന അരയന്നക്കൂട്ടം. കൊക്കുരുമ്മിയും, ചിറകിട്ടടിച്ചും ആർതുല്ലസിക്കുന്നു. ചിലവ കരയിൽ കയറി അന്നനട പരിശീലിക്കുന്നു. ചിലരാകട്ടെ ചിറകുകൾക്കിടയിൽ മുഖം പൂഴ്ത്തി വിശ്രമത്തിലാണ്. ചെക്ക് പോസ്റ്റും പോലീസും ഒന്നുമില്ല.തീരെ വിജനമാണ് എല്ലായിടവും.

യൂറോപ്പിലെ ഏറ്റവും വലിയ സാമ്പത്തീക കേന്ദ്രം ആണ് മെയിൻ നദിയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന ഫ്രാങ്ക്ഫർട്ടിലൂടെയാണ്. മടക്കയാത്ര അത് പോലെ തന്നെ ജെർമ്മനിയുടെ ഏറ്റവും വലിയ വിമാനക്കമ്പനി ആയ ലുഫ്ത്താൻസ വിമാനക്കമ്പനിയുടെ ആസ്ഥാനവും, ജെർമനിയിലെ ഏറ്റവും വലിയ എയർ പോർട്ടും ഫ്രാങ്ക്ഫർട്ട് ആണ്. യൂറോപ്യൻ സെൻട്രൽ ബാങ്ക്, ജർമ്മൻ ഫെഡറൽ ബാങ്ക്, ഫ്രാങ്ക്ഫർട്ട് സ്റ്റോക്ക് എക്സ്ചേഞ്ച്, 300 ൽ അധികം ദേശിയ അന്തർ ദേശീയ ബാങ്കുകൾ ഒക്കെ ഇവിടെ സ്ഥിതി ചെയുന്നു. മയിൻ നദിയുടെ തീരത്ത് മനോഹരമായ പട്ടണം. കൃഷിക്ക് അനുയോജ്യം ആയ രീതിയിൽ ഒരുക്കിയിട്ടിരിക്കുന്ന ഭൂപ്രദേശം പോലെ തോന്നും. ചെറിയ ചെറിയ മൊട്ടക്കുന്നുകൾ, അതിനിടക്ക് ചെറിയ ജലാശയങ്ങൾ, അനേകം വീടുകൾ ഉള്ള ചെറിയ ഗ്രാമങ്ങൾ, കൂടുതലും വില്ലകൾ, വീടുകൾ എല്ലാം അടുത്തടുത്ത്. ബാക്കിയെല്ലാം കൃഷിയിടങ്ങൾ, അനേകം വിൻഡ് മില്ലുകൾ, അവ കൌതുകമുയർത്ത, ചെറിയ മഴ. ഇപ്പോൾ ചെറിയ ചെറിയ വീടുകളുടെ കൂട്ടത്തിനോടുവിൽ വലിയ വലിയ കെട്ടിടങ്ങളും കാണാം.സമയക്കുറവ് എങ്ങും നിർത്താതെ മനസില്ലാ മനസ്സോടെ ആംസ്റ്റർഡാമിലേക്ക് യാത്ര തുടർന്നു. യാത്ര ചെയ്യാത്ത ആളുകളില്ല . യാത്ര ചെയ്യാനാഗ്രഹിക്കാത്തവരുമില്ല. യാത്ര ചെയ്യണമെങ്കിലോ നല്ല ഗതാഗത സൗകര്യം വേണം. യുറോപ്യൻ ഗതാഗത റോഡ് സൗകര്യത്തെക്കുറിച്ചു പറയാതെ വയ്യ.കൂടാതെ ഇവർ വിനോദ യാത്രകളെ അതിയായി പ്രോത്സാഹിപ്പിക്കുന്നു. സമയം രാത്രി ഒൻപതോടടുക്കുന്നു മനോഹര വഴിയോര കാഴ്ച്ചകൾ ഇരുട്ടു മറക്കുന്നു

*(തുടരും)*

# സാഹിത്യത്തിലെ ചുംബന പ്രതിഷേധങ്ങൾ



*കാരൂർ സോമൻ*
(www.karoorsoman.net).



വാളയാർ പെൺകുട്ടികളുടെ ക്രൂരമരണത്തിൽ പ്രതിഷേധിച്ച് സെക്രട്ടറിയേറ്റ് പടിക്കൽ മുൻ ഗവർണറും ബി.ജെ.പി. നേതാവുമായ കുമ്മനം രാജശേഖരൻ നടത്തിയ ഉപവാസ സമരം ഉദ്ഘാടനം ചെയ്യാനെത്തിയ മലയാള ഭാഷ സ്നേഹികൾ ലോകമെങ്ങും ആദരിക്കപ്പെടുന്ന ഡോ.ജോർജ് ഓണക്കൂറിനെതിരെ സി.എസ്. ചന്ദ്രിക കത്തിച്ചുവിട്ട തീ ഭാഷ സ്നേഹികൾക്കിടയിൽ അസംതൃപ്തി മാത്രമല്ല നിരർത്ഥകവും വാളയാർ പ്രശനത്തെ ലഘൂകരിക്കാൻ നടത്തിയ പാഴ്ശ്രമമായിട്ടാണ് കണ്ടത്. പേരുണ്ടാക്കാനും മറ്റ് താൽപര്യങ്ങൾക്കായി പലരും സോഷ്യൽ മീഡിയയിൽ പലതും കത്തിച്ചുവിടാറുണ്ട്. ചുട്ടു കണ്ട മുയലിനെപ്പോലെ എന്തും കത്തിച്ചുവിടാൻ കുറെ മലയാളികൾ സമർത്ഥരാണ്. സോഷ്യൽ മീഡിയയെന്ന വായു സേന പലരുടെ മുകളിലും ബോംബിട്ട് രസിക്കാറുണ്ട്. അത് ആളിപടർന്നു കത്തുമ്പോൾ നിരപരാധികൾക്കും പൊള്ളലേക്കും. വർത്തമാന കാലത്തെ അധികാര ഗോപുരങ്ങളിൽ നിന്നാണ് പലരും സംസാരിക്കുന്നത്. അവർ അധികാരത്തിന്റ കോട്ടക്കകത്തുള്ളവരാണ്. ഒന്നും ഓർത്തു ഭയക്കേണ്ടതില്ല. കോട്ടമതിലിനുള്ളിലും പുറത്തും അവർക്ക് സംരക്ഷണമുണ്ട്. കുറ്റവും ശിക്ഷയും ഏറ്റുവാങ്ങി തടവുകാരായി മാറുന്നവർ പുറത്തുള്ളവരാണ്. വാളയാറിൽ കണ്ട നീതി നിഷേധങ്ങൽ തിരിച്ചറിയാതെ പിന്തിരിപ്പൻ നയവുമായി സമീപിക്കുന്നവരോട് സഹതാപം മാത്രമാണ്. വടക്കേ ഇന്ത്യയിൽ നടക്കുന്ന കൊലപാതകങ്ങളും സ്ത്രീകളോട് കാട്ടുന്ന പീഢനങ്ങളും കേരളത്തിലുള്ളവർ വാരിക്കോരി വിവരിക്കുമ്പോൾ വാളയാറിലെ കൊടുംക്രൂരതക്കെതിരെ എത്ര പേർ രംഗത്ത് വന്നു? ഇപ്പോൾ എല്ലാം പൊലീസിന്റ തലയിൽ കെട്ടിവെച്ചു രക്ഷപെടുന്നില്ലേ? ആ പൊലീസിന് ഒരു കുറ്റ ബോധവുമില്ല. എന്തുകൊണ്ടെന്നാ? അവരെ തീറ്റിപ്പോറ്റാ? രാഷ്ട്രീയപാ?ട്ടികളുണ്ട്. മനുഷ്യരുടെ കണ്ണിൽ പൊടിയിട്ട് പിരിച്ചുവിട്ടാലും തിരിച്ചെടുക്കും. പൊലീസ് പരീക്ഷയിൽ റാങ്കുകൾ വാങ്ങിയ ധാരാളം ക്രിമിനലുകളെ പൊലീസ് സേനയിൽ ഭരണകൂടങ്ങൾ കുത്തിനിറച്ചിട്ടുണ്ട്. കസ്റ്റഡി കൊലപാതകങ്ങൾ അതിനുള്ള തെളിവാണ്. പാർട്ടിക്കാർക്കായി ഓരോ കേസുകൾ അട്ടിമറിച്ചു കൊടുക്കാൻ ബിരുദം നേടിയവർ.

ഓണക്കൂർ പോയത് ബി.ജെ.പി യുടെ യഥാർത്ഥ മുഖം അറിയാതെയെന്നു ഭവതി ചോദിച്ചാൽ ആദ്യം കാണേണ്ടത് ഓണക്കൂറിന്റ് മുഖമാണ്. ഓണക്കൂറിനൊപ്പം ജർമ്മനിയിലും ഇംഗ്ളണ്ടിലും പല വേദികളിൽ ഞാൻ പങ്കെടുത്തിട്ടുണ്ട്. ആ മുഖത്തിന്റ മഹത്വം അദ്ദേഹത്തെ അറിയാവുന്നവർക്കറിയാം. യൂറോപ്പിൽ വന്നുപോയിട്ടുള്ള സക്കറിയ, സച്ചിദാനന്ദൻ, പ്രഭ വർമ്മ, സാറ ജോസഫ്ന്റെ കാര്യത്തിലും ഇതെ അഭിപ്രായമാണ് എനിക്കുള്ളത്. ബി.ജെ.പി ക്ക് ഒരു വികൃത മുഖമുണ്ടെങ്കിൽ കേരളത്തിൽ എത്രയോ ഭീകര മുഖങ്ങളുള്ളത് ഭവതി എന്താണ് കാണാതെ പോകുന്നത്? ഇതൊന്നും കാണാൻ കണ്ണില്ലേ? ഏത് പാർട്ടിക്കാരനായാലും അവരിൽ കുടികൊണ്ടിരിക്കുന്ന ഹീനമായ പ്രവർത്തികളെയാണ് അനാവരണം ചെയ്യേണ്ടത്? അതിന് വിചാരവികാരമെന്ന പ്രതിബദ്ധത അല്ലെങ്കിൽ അറിവ് മനുഷ്യനുണ്ടാകണം. മുലകൊടുത്ത വളർത്തിയ രണ്ട് കുഞ്ഞു പെൺമക്കളുടെ ദാരുണമായ മരണത്തേക്കാൾ വലുതാണോ ഓണക്കൂർ കുമ്മനത്തിന്റെ കവിളിൽ കൊടുത്ത ഒരു മുത്തം?

ഇപ്പോൾ ഓർമ്മവരുന്നത് മറ്റൊരു ഗവർണരുടെ ചുംബനമാണ്. ഡൽഹി കേരള ഹൗസിൽ തകഴിക്ക് ജ്ഞാനപീഠം അവാർഡ് കിട്ടിയപ്പോൾ കേരള എം.പി.മാർ നൽകിയ സ്വീകരണ ചടങ്ങിൽ അന്നത്തെ ഗവർണർ വക്കം പുരുഷോത്തമൻ അധ്യക്ഷനും മുഖ്യ മന്ത്രി കരുണാകരൻ വിശിഷ്ട അതിഥിയുമായിരുന്നു. സ്വീകരണ ചടങ്ങിൽ മുൻ ഗവർണ്ണർ എം.എം. ജേക്കബ് തകഴിക്ക് ജ്ഞാനപീഠം അവാർഡ് കിട്ടിയപ്പോൾ പങ്കെടുക്കാൻ സാധിച്ചില്ല. അടുത്ത ദിവസം എം.എം.ജേക്കബ് തകഴിയെ കാണാനെത്തി. ഒ.വി.വിജയൻ, മാവേലിക്കര രാമചന്ദ്രൻ, ചിത്രകാരൻ പെരുന്ന.ജി.എസ്, ഞാനടക്കം തകഴിയുടെ മുറിയിൽ ഇരിക്കുമ്പോഴാണ് എം.എം. ജേക്കബ് കടന്നു വന്ന് കെട്ടിപിടിക്ക മാത്രമല്ല ആ കവിളിൽ ചുംബിക്കയും ചെയ്തു. അത് കാമുകനെ പ്രാപിക്കുന്ന കാമുകിയുടെ ചുംബനമോ കാമം നിറഞ്ഞ ഒരു നിശാസുന്ദരിയുടെ ചുംബനമോ ആയിരുന്നില്ല. അതിലുപരി മനുഷ്യൻ മനുഷ്യനെ അമർത്തി ചുംബിക്കുന്ന സ്നേഹവികാരപ്രകടനമാണ്. ഇവിടെയും കുമ്മനം എന്ന മുൻ ഗവർണർ ആണ് പ്രധാന കഥാപാത്രം. ഇത് ബി.ജെ.പിയോടുള്ള ചിലരുടെ കാഴ്ചപ്പാടുകൾ മാത്രമല്ല അതിനെക്കാൻ അറിവും വിവേകവുമുള്ള ഒരെഴുത്തുകാരൻ എനിക്കെഴുതിയ വരികളും ഇതിനോട് കുട്ടിവായിക്കുന്നു. എന്തുകൊണ്ടാണ് ഞാൻ ജന്മഭൂമിയിൽ എഴുതുന്നു? എത്രയോ വര്ഷങ്ങളായി ഞാൻ ജന്മഭൂമി ഓണപതിപ്പുകളിൽ എഴുതുന്നു. ഈ വർഷവും എഴുതിയിട്ടുണ്ട്. അക്ഷരലോകത്തു എനിക്കാരോടും അയിത്തമില്ല. കമ്മ്യൂണിസ്റ്റ് ജനയുഗം, കോൺഗ്രസ് വീക്ഷണം ഓണപതിപ്പുകളിലും എഴുതിയിട്ടുണ്ട്. ആരിൽ നിന്നും ഒരു കനത്ത പ്രഹരം കിട്ടിയിട്ടില്ല. അക്ഷരത്തിന് ജാതിയോ മതമോ രാഷ്ട്രീയമോ ഇല്ല. ഓരൊ മനുഷ്യരുടെ മനസിലെ ഭ്രാന്തൻ കോശങ്ങൾ ഏതെല്ലാം വഴിയുലൂടെ സഞ്ചരിക്കുന്നതെന്ന് ഇതൊക്കെ കാണുമ്പൊൾ തോന്നുന്നു. ഇതൊക്കെ എഴുതാനും ഉന്മാദം സൃഷ്ഠിക്കാനും പറ്റിയ ആധുനിക മാധ്യമങ്ങൾ ഈ കാലഘട്ടത്തിന്റ മുഖചിത്രമായി മാറിയിരിക്കുന്നു.

മധുരമായ വാഗ്ദനങ്ങൾ നൽകി അധികാരത്തിൽ വരുന്ന പാർട്ടികൾ മലയാളിക്ക് സമഗ്ര സംഭാവനയും സൗന്ദര്യവും നൽകേണ്ടത് വാളയാർ പോലുള്ള സംഭവങ്ങളാണോ? ഓരോ കാലത്തും വെള്ളപൂശിയ മുഖങ്ങൾ എല്ലാം രംഗത്തും രൂപമെടുത്തിട്ടുണ്ട്, കവിതയെടുത്താൻ കേരളത്തിലെങ്ങും കവികളെന്ന് കേൾക്കുന്നു. ഇന്നത്തെ പുസ്തകങ്ങളും അതിന്റ പ്രകാശനങ്ങളും അവർക്കൊപ്പം മത്സരിക്കുന്നു. പല പ്രമുഖ കവികളും കവിതയെഴുത്തു നിർത്തിയാതായിട്ടാണ് അറിവ്. ഒരു സാഹിത്യ സൃഷ്ഠിയുടെ വർണ്ണശബളിമ ഉയരങ്ങൾ ചവുട്ടിക്കയറുന്നതാണ്. ഇന്നാകട്ടെ ഒരുപറ്റം എഴുത്തുകാർ സാഹിത്യത്തിന്റ ദിവ്യഗർഭം ധരിച്ച് മുകളിൽ നിന്ന് താഴേക്ക് ചാടിയിറങ്ങി വരികയാണ്. അവരുടെ സുഖപ്രസവമെടുക്കൽ താളമേളങ്ങളോടെ രാഷ്ട്രീയ പാർട്ടികളുടെ അണികൾ തയ്യാറായി നിൽക്കുന്നു. അധികാരമുണ്ടെങ്കിൽ പെട്ടെന്ന് മഹാകവികളാകാം. പ്രതിഭ ധനനരായ സാഹിത്യകാരന്മാർ വെള്ളംകോരി നട്ടുവളർത്തിയ വന്മരങ്ങൾക്കിടയിൽ കുറ്റിച്ചെടികൾ വളരുന്ന കാലം. സാഹിത്യകാരന്മാർ, കവികൾ തിന്മയുടെ വാക്താക്കളല്ല. അവരെന്നും ധർമ്മപക്ഷത്തുള്ളവരാണ്. അങ്ങനെയെങ്കിൽ ഇന്നത്തെ മനുഷ്യന്റ പരാജയത്തിൽ നിഷേധാത്മ നിലപാടുകൾ എഴുത്തുകാർ എടുക്കുന്നത് എന്താണ്? അവരുടെ മൗനം അതിനുള്ള തെളിവാണ്. കേരളത്തിൽ അവിരാമമായി സംഭവിച്ചുകൊണ്ടിരിക്കുന്ന ക്രൂരമായ എത്രയോ സംഭവങ്ങൾ നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു. ഒരു രാഷ്ട്രീയ പാർട്ടിയുടെ അംഗമായതുകൊണ്ട് കാഴ്ചക്കാരായി കണ്ടുനിൽക്കുന്നത് നമ്മുടെ സംസ്കാരത്തെ മാത്രമല്ല അതിന്റെ കെട്ടുറപ്പിനെ ബാധിക്കുന്ന വിഷയംകൂടിയാണ്. സാഹിത്യകാരൻ എന്ന നിലയിൽ സമൂഹത്തോട് അദ്ദേഹത്തിന് കടപ്പാടുണ്ട്. ചില പ്രത്യേക ലക്ഷ്യങ്ങൾക്ക് വേണ്ടി മാത്രം തൂലിക ചലിപ്പിക്കുക അത് സാഹിത്യത്തിന്റ അന്തസ്സിനെയാണ് ചോദ്യം ചെയ്യുന്നത്. മുന്നിൽ ഭീകരമായ ദുരന്തങ്ങൾ നടമാടുമ്പോൾ ഒരു സാഹിത്യകാരൻ എങ്ങനെയാണ് ഒരു ഭീരുവായി മാറുന്നത്? ഉണ്ട ചോറിന് നന്ദി കാട്ടുകയാണോ വേണ്ടത് അതോ സമൂഹത്തോടുള്ള കർമ്മം നിർവഹിക്കയാണോ വേണ്ടത്?


വടക്കേ ഇന്ത്യയിൽ നടക്കുന്നത് മാത്രം വെറുക്കപ്പെട്ടാൽ മതിയോ? ഒരു കുരക്കുള്ളിൽ പിടഞ്ഞുഞെരിയുന്ന ഒരമ്മയുടെ നിലവിളി ഒരു സ്ത്രീയായ ചന്ദ്രികയിൽ എന്തുകൊണ്ട് കണ്ടില്ല? ഒരു കുടുംബത്തിലെ കുഞ്ഞുങ്ങളെ മുഴുവനായും കെട്ടിത്തൂക്കിയ കാപാലികന്മാർക്കെതിരെ നടക്കുന്ന ഒരു ചടങ്ങിൽ ഓണക്കൂർ പോയതാണോ ഇത്ര വലിയ അപരാധം? ഒരു പുരുഷൻ മറ്റൊരു പുരുഷനെ ചുംബിച്ചാൽ സാംസ്കാരിക കേരളത്തിന് അപമാനമാകുമെന്നാണോ ഭവതി പറയുന്നത്? അതിനെ ബി ജെ പി യുമായി എന്തിന് കുട്ടികെട്ടണം? രാഷ്ട്രീയ തിമിരം ബാധിച്ചവർ എല്ലാം പാർടികളിലുമുണ്ട്. അത് ബി.ജെ.പി.യിൽ മാത്രമെന്നും ആ ഗണത്തിൽ കുമ്മനത്തെ കാണുന്നതും നന്നായി ഞാൻ കാണുന്നില്ല. നന്മയുള്ള മനുഷ്യരെ പാർട്ടികൾക്കപ്പുറം കാണാൻ ശ്രമിക്കണം. അവിടെ ജാതിമതരാഷ്ട്രീയത്തിന് എന്ത് പ്രസക്തി? ഈ പുറത്തുവിട്ട ഭൂതം എന്തിനെന്ന് പലരും സംശയത്തോടെയാണ് കാണുന്നത്? സമൂഹത്തിൽ വിനാശം വിതക്കുന്ന ഈ ചിന്തകൾ ആധുനിക സമൂഹത്തിന് ഒട്ടും ഗുണകരമല്ല. പേരുണ്ടാക്കിയെടുക്കാൻ സോഷ്യൽ മീഡിയ പലര്ക്കും ഒരുപകകരണമാണ്. ഇതിനൊക്കെ അല്പായുസ്സുമാത്രമേയുള്ളു.

ഒരെഴുത്തുകാരൻ സ്വന്തം ഹൃദയാനുഭൂതിയിൽ ജീവിക്കുന്നവനാണ്. അവർക്കാണ് നല്ല വായനക്കാരനെയും സുകുത്തിനെയും ലഭിക്കുക. അല്ലാത്തവർക്ക് ഫേസ് ബുക്കിലെ ലൈക് കിട്ടി സംതൃപ്തരാകാം. സമൂഹത്തിൽ നടക്കുന്ന ഓരോ സംഭവങ്ങളും എഴുത്തുകാരന്റെ തീച്ചൂളയിൽ ഇരുമ്പോലെയുരുകുന്നതാണ്. ആ തീയിൽ വിളയുന്നത് മനോഹരങ്ങളായ കലാശില്പങ്ങൾ മാത്രമല്ല കുത്തികിറാനുള്ള കത്തികൾ, വാളുകൾവരെയുണ്ട്. ഒരു സാഹിത്യസൃഷ്ഠിയുടെ സൗന്ദര്യം പോലെയാണ് കണ്ണീരും ചോരയും ദാരുണമായ മനുഷ്യ മനസ്സിനെ മരവിപ്പിക്കുന്ന സംഭവങ്ങൾ കാണുമ്പൊൾ സാഹിത്യകാരൻ അല്ലെങ്കിൽ കലാകാരൻ പ്രതികരിക്കുന്നത്. അത് സാഹിത്യലോകത്തുള്ള പൊതുവിലുള്ള വികാരമാണ്. ഇതൊക്കെ വെളിപ്പെടുന്നത് എഴുത്തിലൂടെ, വിവിധ കലാരൂപങ്ങളിലൂടെ, വിവിധ കൂട്ടായ്മകളിലൂടെ, മാധ്യമങ്ങളിലൂടെ മനുഷ്യത്വമുള്ള മനുഷ്യൻ ചെയ്യുന്ന കാര്യമാണ്. അവിടെ രാഷ്ട്രീയ പാർട്ടികളുടെ വാലാട്ടികളാകാൻ എല്ലാം എഴുത്തുകാരെയും കിട്ടില്ല. അതിന്റിയർത്ഥം ആ പാർട്ടിയോടുള്ള വിരോധമല്ല അതിലുപരി അവരുടെ നിലപാടുകളോടുള്ള അമര്ഷമാണ് രേഖപ്പെടുത്തുന്നത്. ഒരമ്മ പ്രസവിച്ചവന് വാളയാർ പെൺകുട്ടികളോട് കാട്ടിയ ക്രൂരകൃത്യത്തെ അനുകൂലിക്കാൻ സാധിക്കുമോ? സാഹിത്യ സാംസ്കാരിക രംഗത്തുള്ളവർ എല്ലാവരും ഒളിച്ചോടുന്ന ഭീരുക്കളെന്നു ധരിക്കരുത്. ഈ രണ്ട് പെൺകുട്ടികളുടെ കൊലപാതകം ആരുടെയും കണ്ണുകൾ നനയിക്കും. അത് ഹൃദയം നൊന്തുള്ള മനുഷ്യന്റെ നൊമ്പരങ്ങളാണ്. ആ അനുഭൂതിസാക്ഷാൽക്കരമാണ് ഓണക്കൂറും നടത്തിയത്. അവിടെ എന്ത് മതം? എന്ത് രാഷ്ട്രീയം? മനുഷ്യനുണ്ടാക്കിയ ഈ ചരക്ക് കമ്പനികൾ മനുഷ്യനെക്കാൾ വലുതല്ല. എല്ലാവരും ബുദ്ധിശൂന്യരും വിവരംകെട്ടവരുമെന്ന് ധരിക്കരുത്. സ്വന്തം മൂല്യബോധം ഉണർത്താൻ കഴിയാത്തവർ മനുഷ്യമഹത്വത്തെയാണ് കാറ്റിൽ പറത്തുന്നത്.

പ്രബുദ്ധ കേരളത്തിൽ ജനാധിപത്യത്തെ കാറ്റിൽ പറത്തി കൊടി പിടിച്ചു ഇങ്കിലാബ് വിളിച്ചാൽ അതൊരു യോഗ്യതയായി കണ്ട് നിയമനങ്ങൾ നടത്തുന്ന ഭരണയന്ത്രങ്ങളെ ആരും കാണാതെയിരിക്കരുത്. കഷ്ടപ്പെട്ടും കടമെടുത്തും പഠിച്ചവന് തൊഴിൽ കിട്ടുന്നില്ല. ആദിവാസികളുടെയും ദളിതരുടെയും ദുരവസ്ഥ ഇന്നുവരെ മാറിയിട്ടില്ല. എവിടെയും ആരെയും വിഡ്ഢികളാക്കുന്ന നിയമനങ്ങ?. സംസ്ഥാന ശിശു ക്ഷേമ വകുപ്പ്, കേരളത്തിലെ കമ്മീഷനുകൾ, പൊലീസ് നിയമനങ്ങൾ തുടങ്ങി നടക്കുന്ന നിയമനങ്ങളെല്ലാം ജനങ്ങളിൽ ആശങ്കകൾ വളർത്തുന്നു. സാമൂഹ്യ പ്രശ്നങ്ങളുടെ വിധികർത്താക്കളും പ്രതികരണ തൊഴിലാളികളുമല്ല എഴുത്തുകാരെങ്കിലും ഭീതിയും നിരാശയും സങ്കടങ്ങളും പ്രതിഷേധങ്ങളും സമൂഹത്തിൽ അലയടിക്കുമ്പോൾ എത്രനാൾ കാഴ്ചക്കാരായി കണ്ടുനിൽക്കും. മഹത്തായ സാഹിത്യ കൃതികളും അവരുടെ സമീപനങ്ങളും ലോകമെങ്ങും നന്മകളും വിപ്ലവങ്ങളും മാത്രമാണ് സൃഷ്ഠിച്ചിട്ടുള്ളത് അല്ലാതെ ഇരകളുടെ ഹ്രൃദയ നൊമ്പരങ്ങൾ കണ്ട് രസിക്കുന്നവരല്ല. നിലനിൽക്കുന്ന ഭരണഘടന ജീവിക്കാൻ കൊള്ളില്ലെങ്കിൽ അത് കുഴിച്ചുമൂടണമെന്ന് പറയേണ്ടവരാണ് എഴുത്തുകാ?. സ്വന്തം ആനന്ദവും അനുഭൂതിയും ആസ്വദിച്ചുജീവിച്ചാൽ മാത്രം മതിയോ? ഇത് തുടർന്നാൽ പുതിയ സംസ്കാരങ്ങളെ വാർത്തെടുക്കാനോ പുതിയ നിശാബോധത്തിലേക്ക് തലമുറയെ നയിക്കാനോ സാധിക്കില്ല. മനുഷ്യ ഹൃദയത്തിൽ ഏൽപ്പിച്ച സങ്കടകഥകൾക്ക് നടുവിൽ അപ്രതീഷിതമായി സംഭവിക്കുന്ന മരണത്തിനും സർക്കാർ വക മരണാനന്തര ബഹുമതിയായി ആദരസൂചകമായ സർക്കാർ ചിലവിലുള്ള ആകാശത്തേക്കുള്ള വെടിയൊച്ചകൾ മുഴങ്ങാറുണ്ട്. ഈ മണ്ണിൽ നിന്നും പലായനം ചെയ്തുപോയവരൊന്നും ആ വെടിയുണ്ടകളുടെ ശബ്ദം കേൾക്കാറില്ല. എന്നാൽ ഈ മണ്ണിൽ നെഞ്ചു പിടയുന്ന മനുഷ്യൻ വിതുമ്പി കരയുന്ന ശബ്ദം നമ്മൾ കേൾക്കാറുണ്ട്. അത് വാളയാറി? മാത്രമല്ല കേരളത്തിന്റ പല ഭാഗങ്ങളിലും കേൾക്കുന്നു. ജനിച്ചുവളർന്ന മണ്ണിൽ ചിറകുവിടർത്തി പറന്നു കളിക്കേണ്ട രണ്ടു കുഞ്ഞുങ്ങളുടെ ജീവിതം ചവച്ചുതുപ്പി ചണ്ടിപോലെ തള്ളിക്കളഞ്ഞവർക്കും അവർക്ക് കുടപിടിക്കുന്നവർക്കും കാലം മാപ്പു നൽകില്ല.





# സിന്ദൂരമേഘം

ജി. വിത്സൻ, കോന്നി



മാസങ്ങൾ പിന്നിട്ടുകൊണ്ടേയിരുന്നു. സമഗ്രക്ക് 7–ാം സെമിസ്റ്റർ പരീക്ഷയായി. വിവാഹം കാരണം ഒരു മാസത്തോളം പഠനം നടന്നില്ലെന്നുതന്നെ പറയാം. അതൊക്കെയും പഠിച്ചു തീർക്കണം. പഠിക്കാനുള്ളതിന്റെ ബാഹുല്യം അച്ഛനോട് പറഞ്ഞപ്പോൾ "സാരമില്ല; മോൾ വിചാരിച്ചാൽ പഠിച്ചു തീർക്കാവുന്നതേയുള്ളു എന്നും 'ടെൻഷൻ' ആകരുതെന്നും പറഞ്ഞു. അച്ഛൻ മകൾക്ക് ധൈര്യം പകരാനും മറന്നില്ല. അച്ഛനുമായി സംസാരിച്ചുകഴിയുമ്പോൾ ആത്മവിശ്വാസം വർദ്ധിക്കുന്നതായി സമഗ്രക്ക് തോന്നി. പഠനകാര്യങ്ങൾ ചോദിക്കാനും ഇടപെടാനുമൊന്നും ഭർത്താവ് മുതിർന്നിട്ടുമില്ല. എങ്ങനേയും ഒരു സെമിസ്റ്റർകൂടി കഴിയട്ടെ ഷിമോഗയിൽ കൊണ്ടുപോരാം' എന്നേ പറയാറുള്ളു. പഠനത്തിൽ അച്ഛന് തോന്നുന്ന താല്പര്യം ഭർത്താവിന് തോന്നണമെന്നില്ല. അച്ഛൻ അദ്ധ്യാപകനുമാണല്ലോ.

പത്മദാസ് ഇടക്കിടെ അമ്മായിഅമ്മയെ വിളിക്കും. രാത്രി 8–9 മണി ആയിട്ടേ വിളിക്കൂ. അച്ഛനെ വിളിക്കാറില്ലെന്നുതന്നെ പറയാം. അച്ഛനോട് പറയാനുള്ളതൊക്കെ 'ദേവികാ മ്മ'യോട് പറയും. അച്ഛനോട് സംസാരിക്കാൻ പേ ടിയാ പോലും! ചില ചെ റുക്കന്മാർ അങ്ങനെയാണെന്ന് ദേവികയും കരുതി. ഒരു ദിവസം വൈ കുംനേരം മോൻ വിളിച്ചു. ദേവിക സന്തോഷപൂർവ്വം ഫോൺ എടുത്തു.

"മോനേ...അമ്മ ഇപ്പോൾ മോന്റെ കാര്യം ഓർത്തതേയുള്ളു."

"അമ്മേ...."

"മോൻ ആഹാരം കഴിച്ചോ?"

"കഴ്ളിച്ചമ്മേ"

"അയ്യോ മോന്റെ നാവ് തിരിയുന്നില്ലല്ലോ. എന്തു പറ്റി മോനേ?"

"ഞാനൊരു 'ഗുഴിക' കഴ്ളിച്ചമ്മേ. നാക്ക് പൊള്ളിപ്പോയി അമ്മേ"

"എന്തസുഖത്തിനാ മോൻ ഗുളിക കഴിച്ചത്? എന്നിട്ട് ഡോക്ടറെ കണ്ടില്ലേ?"

"എനിക്കൊരഷുകോം ഇല്ലമ്മേ. എന്നാലും പനി വന്നപ്പോൽ കുളിക തിന്നതാ."

"എന്തായാലും നാളെ ഡോക്ടറെ കാണണം."




"ഷെരിയമ്മേ."

ഗുളിക കഴിച്ച് മരുമകന്റെ നാവ് പൊള്ളിയതിൽ ദേവിക വല്ലാതെ വിഷമിച്ചു. ഡോക്ടറുടെ നിർദ്ദേശമില്ലാതെ ഒരു മരുന്നും കഴിക്കരുതെന്ന് പറയാൻ മോളെ ചട്ടം കെട്ടാനും ദേവിക തീരുമാനിച്ചു.

ഭർത്താവിന്റെ സംസാരത്തിൽ സമഗ്രക്ക് സംശയങ്ങളും ആശങ്കകളും ഏറെ ഉണ്ടായിരുന്നു. എന്നാൽ അവളത് പ്രകടിപ്പിച്ചില്ലെന്നു മാത്രം. അവസാന സെമിസ്റ്റർ പരീക്ഷകൂടി കഴിയട്ട്. റിസൾട്ട് അറിയണം; റിസൾട്ട് പ്രത്യേകിച്ച് അറിയാനൊന്നുമില്ല. വിജയം ഉറപ്പാണ്. വെറും വിജയമല്ല വേണ്ടത്. 90% ൽ അധികം മാർക്ക് നേടി വിജയിക്കണം. എങ്കിലേ അച്ഛനു സന്തോഷമാകൂ. പരീക്ഷ കഴിഞ്ഞ് റിസൾട്ടും അറിഞ്ഞ് സർട്ടിഫിക്കറ്റുകൾ എല്ലാം കിട്ടിക്കഴിഞ്ഞേ ഷിമോഗക്ക് പോവുകയുള്ളു. അവിടെ താമസിച്ചുകൊണ്ട് കേരളത്തിൽ ജോലിക്ക് ശ്രമിക്കും. കേരളത്തിൽതന്നെ വേണമെന്നില്ല. അന്യസംസ്ഥാനത്തായാലും തരക്കേടില്ല. അച്ഛന്റെ കടങ്ങൾ തീർക്കാൻ സഹായിക്കണം. ആഭരണം ആവശ്യത്തിലധികം അച്ഛനും അമ്മയും തന്നു. അത് ഉടനെ വിറ്റിട്ട് കടം തീർത്താൽ പരിഹാസത്തിനും ആക്ഷേപത്തിനും ഇട നൽകും.

ദേവമ്മ എന്നും വിളിക്കാറുണ്ട്. ഒരുപാടു സമയം സംസാരിക്കും. 'മോൻ വിളിക്കാറുണ്ടോ എന്ന് ചോദിക്കുന്നതല്ലാതെ മോനെക്കുറിച്ച് ഒന്നും പറയാറില്ല. മകന്റെ കാര്യത്തിൽ ഏതമ്മയാണ് വാചാലയാകാത്തത്? മോൻ വിളിക്കുമ്പോഴോ? ഒന്നോ രണ്ടോ വാചകത്തിലൊതുങ്ങും സംസാരം. ഗുളിക കഴിച്ച് നാവ് പൊള്ളിപോലും. ഇത്തരം സന്ദേഹങ്ങൾക്ക് ഫോണിലൂടെ പരിഹാരം കണ്ടെത്താനാവില്ലെന്നും സമഗ്ര കണക്കാക്കി. അതുകൊണ്ട് ഷിമോഗയിൽ എത്തുംവരെയും സംശയങ്ങൾക്കും ആശങ്കകൾക്കും അവധി കൊടുക്കാൻ സമഗ്ര ഉറപ്പിച്ചു. തന്നെയുമല്ല പരീക്ഷ കഴിയുംവരെയും മനസ്സ് പുണ്ണാക്കരുതല്ലോ. അതിന് ശേഷം വരുന്നതിനെയൊക്കെ ധൈര്യപൂർവ്വം നേരിടും. 'അനുഭവങ്ങൾ പാളിച്ചക'ളായാൽ സമവായത്തിനില്ല. ഏതറ്റംവരെയും പൊരുതും. ഇപ്പോൾ തന്റെ അജണ്ടയിൽ പരീക്ഷ മാത്രം. 'മറ്റത്യാവശ്യകാര്യങ്ങൾ' ഒന്നുമില്ല. ഭർത്താവ് എത്ര ഉന്നത ഉദ്യോഗസ്ഥനായാലും ധനാഢ്യനായാലും തനിക്ക് ഒരു ജോലി വേണം. തന്റെ വിദ്യാഭ്യാസത്തിന് തക്ക ജോലി. 'അഗ്രികൾച്ചർ ഓഫീസർ.' ചില ഭർത്താക്കന്മാർ അപകർഷതാബോധമുള്ളവരായിരിക്കാം. ഭാര്യ തന്നേക്കാൾ ഉയർന്ന പദവിയിലാകാൻ പാടില്ല. തന്റെ ഭർത്താവ് എങ്ങനെ ആണോ....ആവോ? ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ്കാരനല്ലേ. തീരെ മോശക്കാരനാവില്ല. ഇനി ഏതെങ്കിലും കാരണവശാൽ ഗസറ്റഡ് പോസ്റ്റിലല്ലെന്നിരിക്കട്ടെ.

(തുടരും0

Georgekutty
832-969-0157

Kitchen Vent Hood
Laminate & Wood Flooring
Kitchen Cabinet
Granite Counter Top
Tiles & Carpets
Bathroom Remodeling
Factory Direct Blinds & Shutters



Quality Services at Affordable Price

TGS TOP Granite & Stones Inc.
Ph.832-969-0157
610 Murphy Road, Ste 206, Stafford, TX 77477
Showroom by APPOINTMENT ONLY
topgranite1@yahoo.com
www.tgslaminate.com

A + AUTO REPAIR
Complete Auto Repair
• Foreign and Domestic Cars
• Computerized Diagnosis
• Electric Transmissions
• Body Works
Call Shaji: 713-775-6234
or 281-530-7574
13001 Bissonnet St., Houston, TX 77099

Homeowners Insurance in Brazoria & Galveston with wind coverage



MARGARET VATHELIL
Agent

If you live in Pearland, Leauge City, Clear Lake ...........
call 713-729-7800 or email to alcoagency@gmail.com
for a quote



A. Thomas
713-408-7200

• LIFE
• Auto
• Commercial
• Home



PHILIP PHILIPOSE
281-989-5595

ALCO AGENCY INC, 203 Present St.,
Missouri City, TX 77489







713-408-7200 • 715-391-9494

203 Present Street, Missouri City, TX 77489



# House Cleaning Service

713-640-5959 • 715-391-9494

cleanshome@gmail.com

ഒരു മലയാളി സ്ഥാപനം • 203 Present St. , Missouri City, TX 77489







Power Wash

Carpet Shampoo &

Steam Cleaning

Free Estimates • Deep cleaning
Weekly • Biweekly
Monthly • One Time • After Party